# ശൈഖ് ഇബ്നുബാസ്
# رحمه اللهയുടെ കത്ത്

അല്ലാഹുവിൻെറ തിരുനാമത്തിൽ, സർവ്വസ്തുതിയും അവനാകുന്നു. സ്വലാത്തും സലാമും നബിﷺയിലും കുടുംബത്തിലും ഹിദായത്ത് ലഭിച്ചവരിലും സദാ വർഷിക്കുമാറാകട്ടെ,

ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ-മുനജ്ജിദ് ക്രോഡീകരിച്ച "മുഹർറമാത്തുൻ ഇസ്തഹാന ബിഹാ കഥീറും മിനന്നാസ്'' എന്ന കൃതി ഞാൻ പരിശോധിച്ചു. മൂല്യമുള്ളതും ഉപകാരപ്രദവുമായ പുസ്തകമാണിത്. ഗ്രന്ഥകാരൻ നന്നാക്കുകയും നന്മ പകരുകയും ചെയ്തിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് തക്ക പ്രതിഫലം നൽകട്ടെ, ഉപകാരമുള്ള ജ്ഞാനവും ഉത്കൃഷ്ടകർമ്മവും വർദ്ധിപ്പിക്കട്ടെ, അല്ലാഹുവാകുന്നു ഔദാര്യവാനും ഉത്തമനും. ഗ്രന്ഥകാരൻെറ താൽപ്പര്യാനുസരണം ഈ കൃതിയുടെ പരിശോധന 11-09-1414-ൽ പൂർത്തീകരിച്ചിരിക്കുന്നു.

അബ്ദുൽ അസീസ് ബ്നു ബാസ്.

# പ്രസ്താവന

### പരമ കാരുണികനും ദയാപരനുമായ
### അല്ലാഹുവിൻെറ നാമത്തിൽ

സുഹൃത്തേ,

ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ മുനജ്ജിദ് രചിച്ച "മുഹർറമാത്തുൻ ഇസ്തഹാന ബിഹന്നാസ്" എന്ന ഗ്രന്ഥത്തിൻെറ വിവർത്തനമാണ് താങ്കളുടെ കൈകളിൽ. ഈ വിവർത്തന കൃതിയെ പരിശോധിച്ചത് ബഹുമാന്യ പണ്ഢിതനായ ഡോ.മുഹമ്മദ് അശ്റഫ് മൗലവി (മദീന യൂനിവേഴ്സിറ്റി)യാണ്. അല്ലാഹു അദ്ദേഹത്തിന് തക്ക പ്രതിഫലം നൽകുമാറാകട്ടെ. ഈ കൃതി വായനക്കാർക്ക് മുന്നിൽ സമർപ്പിക്കുമ്പോൾ ഉണർത്താനുള്ളത്; തെറ്റു കുറ്റങ്ങൾ മനുഷ്യ സഹജമാണല്ലോ, അവ നല്ല നിയ്യ ത്തോടെ ചൂണ്ടി കാണിക്കൽ അറിവും വിവേകവുമുള്ള ഓരോ മുസ്ലിമിൻേറയും ബാധ്യതയാണ്. വല്ലതുമു ണ്ടെങ്കിൽ താങ്കളുടെ കടമ നിർവ്വഹിക്കുമല്ലോ. മേലായ റബ്ബ് ഇതൊരു സൽകർമ്മമായി സ്വീകരിക്കട്ടെ, ഈ സംരംഭത്തോട് സഹകരിച്ച സകലർക്കും പ്രത്യേകിച്ച് ഈ ഗ്രന്ഥത്തിൻെറ കെട്ടും മട്ടും നന്നാക്കിയ സഹോദരൻ നൗഷാദി(തിരുവനന്തപുരം)ന് അല്ലാഹു ﷻ തക്ക പ്രതിഫ ലം പ്രദാനം ചെയ്യട്ടെ, ആമീൻ.

എന്ന് വിവർത്തകൻ

അബ്ദുൽ ജബ്ബാർ അബ്ദുല്ല
ഇസ്ലാമിക് കൾച്ചറൽ സെൻറർ - ദമ്മാം

# വിഷയ സൂചി


- ആമുഖം 08
- ശിർക്ക് (അല്ലാഹുവിൽ പങ്കു ചേർക്കൽ) 20
- ഖബർ പൂജ 21
- അല്ലാഹു അല്ലാത്തവരുടെ പേരിൽ ബലിദാനം. 25
- അല്ലാഹു അനുവദിച്ചത് നിഷിദ്ധമാക്കൽ നിഷിദ്ധമാക്കിയത് അനുവദിക്കൽ 26
- മാരണം, പ്രശ്നം വയ്ക്കൽ, ജ്യോൽസ്യം 28
- രാശികൾക്കും, ഞാറ്റുവേലകൾക്കും സംഭവവികാസങ്ങളിലും ജനജീവിതത്തിലും സ്വാധീനമുണ്ടെന്ന വിശ്വാസം 32
- ലോകമാന്യതയും കപടനാട്യവും 35
- ശകുനം നോക്കൽ 37
- അല്ലാഹു അല്ലാത്തവരെകൊണ്ട് സത്യം ചെയ്യൽ. 40
- കപടന്മാരുടേയും, ദുർനടപ്പുകാരുടേയും കൂടെ ഇരിക്കൽ 43
- നമസ്ക്കാരത്തിൽ അടക്കവും ഒതുക്കവും ഒഴിവാക്കൽ 45
- നമസ്ക്കാരത്തിൽ വേണ്ടാത്തരങ്ങളും അധികരിച്ച ചലനങ്ങളും. 49

## നിഷിദ്ധങ്ങൾ 4


- മനഃപ്പൂർവ്വം ഇമാമിനെ മുൻ കടക്കൽ 50
- ദുർഗന്ധങ്ങൾ പേറി പള്ളിയിലെത്തൽ. 54
- വ്യഭിചാരം 56
- സ്വവർഗ്ഗരതി 59
- ഭർത്താവിനോട് ഭാര്യ കിടപ്പറയിൽ വിസമ്മതം കാണിക്കൽ. 61
- ഭർത്താവിനോട് അകാരണമായി വിവാഹ മോചനം ആവശ്യപ്പെടൽ 63
- ളിഹാർ 64
- ആർത്തവകാലത്ത് ഭാര്യയുമായി ലൈംഗിക ബന്ധത്തിലേർപ്പെടൽ. 67
- സ്ത്രീകളെ മലദ്വാരത്തിലൂടെ സമീപിക്കൽ. 69
- ഭാര്യമാർക്കിടയിൽ അനീതികാണിക്കൽ 71
- അന്യസ്ത്രീയുമായി ഒഴിഞ്ഞിരിക്കൽ 72
- അന്യസ്ത്രീയുമായി ഹസ്തദാനം ചെയ്യൽ. 74
- സ്ത്രീകൾ സുഗന്ധം പൂശി പുറത്തിറങ്ങലും അന്യർക്കിടയിൽ ഉലാത്തലും 76
- സ്ത്രീകൾ തനിച്ചുള്ള യാത്ര 78
- അന്യസ്ത്രീകളിലേക്ക് മനഃപ്പൂർവ്വം നോക്കൽ 79

# നിഷിദ്ധങ്ങൾ




- ദിയാഥ (കൂട്ടിക്കൊടുപ്പ്) 81
- പിതാവല്ലാത്തവർക്ക് പിതൃത്വം സ്ഥാപിക്കലും പിതാവ് പുത്രനെ തള്ളിപ്പറയലും. 82
- പലിശ 84
- കച്ചവടച്ചരക്കിൻെറ ന്യൂനത മറച്ചുവെക്കൽ. 89
- നജശ് കച്ചവടം 91
- ജുമുഅ ബാങ്കിന് ശേഷമുള്ള കച്ചവടം 92
- ചൂതാട്ടം 94
- മോഷണം 96
- കൈക്കൂലി. 99
- ഭൂമി കയ്യേറൽ 101
- ശുപാർശക്ക് ഗിഫ്റ്റ് സ്വീകരിക്കൽ. 103
- വേദനം പൂർണ്ണമായി നൽകാതിരിക്കൽ 105
- സന്താനത്തിൽ ചിലരോട് ധനവിനിയോഗത്തിൽ വേർതിരിവ് കാണിക്കൽ. 108
- അനാവശ്യ യാചന. 111
- കൊടുത്തു വീട്ടാൻ ഉദ്ദേശമില്ലാതെ കടം വാങ്ങൽ. 113
- ഹറാമുതിന്നൽ 115

## നിഷിദ്ധങ്ങൾ 6


- കള്ളുകുടി 117
- സ്വർണ്ണത്തിൻേറയും വെള്ളിയുടേയും പാത്രങ്ങൾ ഉപയോഗിക്കൽ. 122
- കള്ളസാക്ഷ്യം. 123
- സംഗീതാസ്വാദനം. 126
- പരദൂഷണം 128
- ഏഷണി 131
- അന്യരുടെ വീട്ടിലേക്ക് അനുവാദമില്ലാതെ എത്തിനോക്കൽ. 133
- മൂന്നാമനെ മാറ്റിനിർത്തി രഹസ്യം പറയൽ 135
- വസ്ത്രം വലിച്ചിഴക്കൽ. 136
- ആൺവർഗ്ഗം സ്വർണ്ണം ധരിക്കൽ 138
- സ്ത്രീകൾ നീളം കുറഞ്ഞതും നേരിയതും ഇടുങ്ങിയതുമായ വസ്ത്രം ധരിക്കൽ. 140
- കൃത്രിമമുടി മുടിയോട് ചേർക്കൽ 142
- സ്ത്രീ-പുരുഷന്മാർ സദൃശ്യരാകൽ 143
- മുടി കറുപ്പിക്കൽ 145
- ചിത്രരചനയും രൂപമുണ്ടാക്കലും 147
- കിനാവ് കണ്ടെന്ന കള്ളവാദം 150
- ഖബറിന്മേൽ ഇരിക്കൽ, ചവിട്ടൽ, ശ്മശാനത്തിൽ 152

മലമൂത്ര വിസർജ്ജനം നടത്തൽ


- മൂത്ര വിസർജ്ജനത്തിൽനിന്ന് വെടുപ്പാകാതിരിക്കൽ 154
- അന്യരുടെ സംസാരം കട്ടുകേൾക്കൽ. 156
- ചീത്ത അയൽപക്കബെന്ധം 157
- ഉപദ്രവകരമായ വസ്വിയത്ത്. 159
- പകിടകളി (Nard) 161
- ശപിക്കൽ 162
- വിലാപത്താൽ അലമുറകൂട്ടൽ 163
- മുഖത്തടിക്കലും അടയാളം വെക്കലും. 165
- മൂന്നുദിവസത്തിൽ കൂടുതൽപിണങ്ങിയിരിക്കൽ 166
- സമാപനം 170

## ആമുഖം

സ്തോത്രങ്ങളെല്ലാം അല്ലാഹുവിന്നാകുന്നു. അവനെ സ്തുതിക്കുന്നു. അവനോട് സഹായത്തിനും പാപമോചനത്തിനും തേടുന്നു. സ്വന്തം തിന്മകളിൽനിന്നും ദുഷ്ചെയ്തികളിൽനിന്നും അവനോട് രക്ഷതേടുന്നു. അവൻ വഴി കാട്ടിയവരെ പിഴപ്പിക്കാനാരുമില്ല. അവൻ വഴികേടിലാക്കിയവരെ നേർവഴി നടത്താനും ആരുമില്ല. അവനല്ലാതെ ആരാധ്യനേയില്ലെന്നും അവന് പങ്കുകാരില്ലെന്നും മുഹമ്മദ് ﷺ അല്ലാഹുവിൻെറ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

അല്ലാഹു കുറെ നിർബന്ധകാര്യങ്ങൾ നിയമമാക്കിയിരിക്കുന്നു, അവ പാഴാക്കാവതല്ല. അവൻ കുറെ നിയമപരിധികൾ നിശ്ചയിച്ചിരിക്കുന്നു, അവ മറികടക്കാവതല്ല. അവൻ ചില കാര്യങ്ങൾക്ക് പവിത്രത കൽപ്പിച്ചിരിക്കുന്നു, അവ അതിലംഘിക്കാവതുമല്ല. പ്രവാചകൻﷺ പറഞ്ഞു:

((مَا أَحَلَّ اللهُ فِي كِتَابِهِ فَهُوَ حَلاَلٌ وَ مَا حَرَّمَ فَهُوَ حَرَامٌ وَمَا سَكَتَ عَنْهُ فَهُوَ عَافِيَةٌ فَاقْبَلُوا مِنَ اللهِ العَافِيَةَ ، فَإِنَّ اللهَ لَمْ يَكُنْ نَسِيًا)) ثُمَّ تَلاَهَذِهِ الآيَةَ **وَمَا كَانَ رَبُّكَ نَسِيًّا**

(അല്ലാഹു വിശുദ്ധ ക്വുർആനിൽ അനുവദിച്ചതെന്തോ അത് അനുവദനീയം. നിഷിദ്ധമാക്കിയതെന്തൊ അത് നിഷിദ്ധം. ഏതൊന്നിൽ മൗനം ദീക്ഷിച്ചുവോ അത് വിട്ടുവീഴ്ച്ചാപരമാകുന്നു. അതിനാൽ അല്ലാഹുവിൻെറ വിട്ടുവീഴ്ചകൾ സ്വീകരിക്കുവീൻ. തീർച്ചയായും അല്ലാഹു മറക്കുന്നവനല്ല. തുടർന്ന് അവിടുന്ന് പാരായണം ചെയ്തു:

وَمَا كَانَ رَبُّكَ نَسِيًّا

" താങ്കളുടെ രക്ഷിതാവ് മറക്കുന്നവനായിട്ടില്ല." [1]
[വി.ക്വു. 19:64]

നിഷിദ്ധമായ കാര്യങ്ങൾ അല്ലാഹുവിൻെറ നിയമപരിധികളാണ്.

تِلْكَ حُدُودُ اللّهِ فَلاَ تَقْرَبُوهَا "അല്ലാഹുവിൻെറ അതിർവരമ്പുകളാവുന്നു അവയൊക്കെ. നിങ്ങൾ അവയെ സമീപിക്കരുത്." [വി.ക്വു. 2:187]

അല്ലാഹുവിൻെറ അതിർവരമ്പുകളെ അതിലംഘിക്കുകയും, പവിത്രത കൽപ്പിച്ചവയെ ചീന്തിയെറിയുകയും ചെയ്യുന്നവരെ അല്ലാഹു ശക്തമായി താക്കീത് ചെയ്യുന്നു.:

وَمَن يَعْصِ اللّهَ وَرَسُولَهُ وَيَتَعَدَّ حُدُودَهُ يُدْخِلْهُ نَارًا خَالِدًا فِيهَا وَلَهُ عَذَابٌ مُّهِينٌ

---

[1] ഹാകിം 2:375 ശൈഖ് അൽബാനി ഈ ഹദീസ് ഹസനാണെന്ന് പറഞ്ഞിരിക്കുന്നു.

"ആര്‍ അല്ലാഹുവിനെയും അവന്‍റെ ദൂതനെയും ധിക്കരിക്കുകയും അവന്‍റെ നിയമപരിധികള്‍ ലംഘിക്കുകയും ചെയ്യുന്നുവോ അവനെ അല്ലാഹു നരകാഗ്നിയില്‍ പ്രവേശിപ്പിക്കും. അവനതില്‍ നിത്യവാസിയായിരിക്കും. അപമാനകരമായ ശിക്ഷയാണവനുള്ളത്." [വി.ക്വു. 4:14]

നബി ﷺ പറഞ്ഞു:

((مَا نَهَيْتُكُمْ عَنْهُ فَاجْتَنِبُوهُ ، وَمَا أَمَرْتُكُمْ بِهِ فَافْعَلُوا مِنْهُ مَا اسْتَطَعْتُمْ))

(ഞാന്‍ നിങ്ങളോട് വിരോധിച്ചത് മുഴുവനും നിങ്ങള്‍ കയ്യൊഴിക്കുക. കല്‍പ്പിച്ചതാവട്ടെ നിങ്ങള്‍ കഴിവിന്‍റെ പരമാവധി പ്രവര്‍ത്തിക്കുക.)[2]

ഈ വചനത്തിലടങ്ങിയ ശാസന, നിഷിദ്ധങ്ങള്‍ തീര്‍ത്തും വര്‍ജ്ജിക്കല്‍ വാജിബാണെന്ന് തെളിയിക്കുന്നു.

ദേഹേച്ഛയുടെ അക്ഷരപൂജകരും ദുര്‍ബല ഹൃദയരും അല്‍പ്പജ്ഞരുമായ ഒരു വിഭാഗം എന്നുതന്നെ പറയട്ടെ, അവര്‍ നിഷിദ്ധകാര്യങ്ങളെ കുറിച്ച് കേട്ടാല്‍ അതിന് നേരെ മുഖം കോട്ടി, വിമ്മിഷ്ടം പ്രകടിപ്പിച്ചുകൊണ്ട് പറയും: മതം സരളവും മതകീയ കാര്യങ്ങള്‍ വിശാലവും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായിരിക്കെ നിങ്ങള്‍ക്ക് എല്ലാം ഹറാം. ഹറാമാക്കാതെ നിങ്ങള്‍ ഒന്നും വിട്ടില്ലല്ലോ. നിങ്ങള്‍ ജീവിതം വിരസവും

---

2 മുസ്‌ലിം : കിതാബുല്‍ ഫദാഇല്‍ , ഹദീസ് : 130

മാനസം കുടുസ്സുമാക്കുന്നു. ഹറാമും ഹറാമാക്കലും മാത്ര മാണോ നിങ്ങളുടെ പക്കലുള്ളത് ?

ഇവരോട് നമുക്കും ചിലത് സംവദിക്കാനുണ്ട്: ഉന്ന തനും മഹാനുമായ അല്ലാഹു അവനുദ്ദേശിക്കുന്നത് വിധി ക്കുന്നു. അവൻെറ വിധിക്ക് ഭേദഗതി വരുത്തുന്നവനില്ല. അവനാകുന്നു യുക്തിമാനും സൂക്ഷ്മജ്ഞാനിയും. അ വനുദ്ദേശിക്കുന്നത് അനുവദിക്കുകയും അവനുദ്ദേശിക്കു ന്നത് വിലക്കുകയും ചെയ്യുന്നു. അല്ലാഹുവിന്നുള്ള നമ്മു ടെ പൂർണ്ണവിധേയത്വത്തിൻെറ നിയമങ്ങളിൽപ്പെട്ടതാണ് അവൻ വിധിച്ചത് തൃപ്തിപ്പെടലും പൂർണ്ണവിധേയത്വം കാണിക്കലും.

അവൻെറ വിധിവിലക്കുകൾ ഉൽഭൂതമാകുന്നത് അ വൻെറ അറിവിൽനിന്നും യുക്തിയിൽനിന്നും നീതിയിൽ നിന്നുമാണ് അവ കളിയോ തമാശയോ അല്ല. അല്ലാഹു പറയുന്നു:

وَتَمَّتْ كَلِمَتُ رَبِّكَ صِدْقًا وَعَدْلاً لاَّ مُبَدِّلِ لِكَلِمَاتِهِ وَهُوَ السَّمِيعُ الْعَلِيمُ

“നിൻെറ രക്ഷിതാവിൻെറ വചനം സത്യത്തിലും നീതിയിലും പരിപൂർണ്ണമായിരിക്കുന്നു. അവൻെറ വചനങ്ങൾക്ക് മാറ്റം വരുത്താനാരുമില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ. ” [വി.ക്വു. 6:115]

അനുവദനീയവും നിഷിദ്ധവുമാക്കുന്നതിനുള്ള വ്യവ സ്ഥ അവൻ വിശദീകരിച്ചിരിക്കുന്നു.

وَيُحِلُّ لَهُمُ الطَّيِّبَاتِ وَيُحَرِّمُ عَلَيْهِمُ الْخَبَآئِثَ

**"നല്ല വസ്തുക്കൾ അവർക്ക് (തിരുമേനി) അനുവദനീയ മാക്കുകയും ചീത്തവസ്തുക്കൾ അവർക്ക് നിഷിദ്ധമാക്കു കയും ചെയ്യുന്നു." [വി.ക്വു.7:157]**

**അപ്പോൾ വിശിഷ്ടമായത് അനുവദനീയവും നികൃഷ്ടമാ യത് നിഷിദ്ധവുമായിത്തീരുന്നു.**

**അനുവദിക്കലും നിഷിദ്ധമാക്കലും അല്ലാഹുവിന്ന് മാത്രം അവകാശപ്പെട്ടതാകുന്നു. ഈ വിധിനിർണ്ണയാവ കാശം വല്ലവനും സ്വയം വാദിക്കുകയോ വല്ലവർക്കും വക വെച്ച് കൊടുക്കുകയോ ചെയ്യുന്ന പക്ഷം അവൻ കടുത്ത നിഷേധിയും മതപരിത്യാഗിയുമാകുന്നു.**

**അല്ലാഹു പറയുന്നു:**

أَمْ لَهُمْ شُرَكَاء شَرَعُوا لَهُم مِّنَ الدِّينِ مَا لَمْ يَأْذَن بِهِ اللَّهُ

**"അതല്ല അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചുകൊടുത്ത വല്ല പങ്കാളിയും അവർ ക്കുണ്ടോ ? [വി.ക്വു. 42:21]**

**ഹലാൽ-ഹറാം വിഷയത്തിൽ സംസാരിക്കേണ്ടത് ക്വു ർആനിലും സുന്നത്തിലും അവഗാഹമുള്ളവർ മാത്രമായി രിക്കണം. വിവരമില്ലാതെ ഹലാൽ-ഹറാം നിർണ്ണയിക്കുന്ന വർക്കെതിരിൽ ശക്തമായ താക്കീത് വന്നിരിക്കുന്നു. അല്ലാഹു പറയുന്നു:**

وَلاَ تَقُولُوا لِمَا تَصِفُ أَلْسِنَتُكُمُ الْكَذِبَ هَـذَا حَلاَلٌ
وَهَـذَا حَرَامٌ لِّتَفْتَرُوا عَلَى اللّهِ الْكَذِبَ

"നിങ്ങളുടെ നാവുകൾ വിശേഷിപ്പിക്കുന്നതിന്റെ അടി സ്ഥാനത്തിൽ ഇത് അനുവദനീയമാണ്, ഇത് നിഷിദ്ധ മാണ് എന്നിങ്ങനെ നിങ്ങൾ കള്ളം പറയരുത്. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിചമക്കുകയത്രെ (അതിന്റെ ഫലം)" [വി.ക്വു. 16:116]

ഖണ്ഡിതമായി നിഷിദ്ധമെന്ന് പ്രഖ്യാപിച്ചത് ക്വുർആനിലും സുന്നത്തിലും പറയപ്പെട്ടത് മാത്രം. താഴെ വരുന്ന വാക്യം അതിനൊരുദാഹരണമാകുന്നു.

قُلْ تَعَالَوْاْ أَتْلُ مَا حَرَّمَ رَبُّكُمْ عَلَيْكُمْ أَلاَّ تُشْرِكُوا بِهِ شَيْئًا وَبِالْوَالِدَيْنِ إِحْسَانًا وَلاَ تَقْتُلُواْ أَوْلاَدَكُم مِّنْ إمْلاَقٍ .... "

(നബിയേ) പറയുക: നിങ്ങൾ വരൂ, നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്ക് ഞാൻ പറഞ്ഞു കേൾപ്പിക്കാം. അവനോട് ഏതൊന്നിനേയും നിങ്ങൾ പങ്കുചേർക്കരുത്, മാതാപിതാക്കൾക്ക് നന്മ ചെയ്യണം. ദാരിദ്ര്യം കാരണമായി സ്വന്തം മക്കളെ കൊന്ന് കളയരുത്....." [വി.ക്വു. 6:151]

സുന്നത്തിലും ഇതുപോലെ നിരവധി നിഷിദ്ധങ്ങളെ കുറിച്ചുള്ള പരാമർശമുണ്ട്. ഉദാഹരണമായി:

((إِنَّ اللهَ حَرَّمَ بَيْعَ الْخَمْرِ وَ الْمَيْتَةِ وَالْخِنْزِيرِ وَ الأَصْنَامِ ))

(തീർച്ചയായും അല്ലാഹു കള്ള്, ശവം, പന്നി, വിഗ്രഹങ്ങൾ എന്നിവ വിൽക്കുന്നത് ഹറാമാക്കിയിരിക്കുന്നു.)[1]

---

[1] അബൂദാവൂദ്: 3486 ഈ ഹദീസ് സ്വഹീഹാണെന്നതിൽ ഏകാഭിപ്രായമാണ്, ഇബ്നു ബാസ്.

(( إِنَّ اللهَ إِذَا حَرَّ مَ شَيْئاً حَرَّمَ ثَمَنَهُ ))

(തീർച്ചയായും അല്ലാഹു ഒരു വസ്തു നിഷിദ്ധമാക്കിയാൽ അത് വിറ്റുകിട്ടുന്ന പണവും നിഷിദ്ധമാക്കിയിരിക്കുന്നു.)

ചില വ്യക്തമായ തെളിവുകളിൽ പ്രത്യേക ഇനം നിഷിദ്ധങ്ങൾ വന്നിരിക്കുന്നു. ഭക്ഷ്യ വസ്തുക്കളിൽ ഹറാമായ ഇനങ്ങളെ അല്ലാഹു ഉണർത്തുന്നു. :

حُرِّمَتْ عَلَيْكُمُ الْمَيْتَةُ وَالْدَّمُ وَلَحْمُ الْخِنْزِيرِ وَمَا أُهِلَّ لِغَيْرِ اللّهِ بِهِ وَالْمُنْخَنِقَةُ وَالْمَوْقُوذَةُ وَالْمُتَرَدِّيَةُ وَالنَّطِيحَةُ وَمَا أَكَلَ السَّبُعُ إِلاَّ مَا ذَكَّيْتُمْ وَمَا ذُبِحَ عَلَى النُّصُبِ وَأَن تَسْتَقْسِمُوا بِالأَزْلاَمِ ....

“ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ച് കൊന്നത്, വീണ് ചത്തത്, കുത്തേറ്റ് ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽനിന്ന് ഒഴിവാകുന്നു. പ്രതിഷ്ഠകൾക്ക് മുന്നിൽ ബലിയർപ്പിക്കപ്പെട്ടതും(നിങ്ങൾക്ക് നിഷിദ്ധമാകുന്നു.) അമ്പുകൾ ഉപയോഗിച്ച് ഭാഗ്യം നോക്കലും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു...)” [വി.ക്വു. 5:3]

വൈവാഹികബന്ധം നിഷിദ്ധമാക്കപ്പെട്ടവരുടെ പട്ടികയിൽ അല്ലാഹു പറയുന്നു. :

حُرِّمَتْ عَلَيْكُمْ أُمَّهَاتُكُمْ وَبَنَاتُكُمْ وَأَخَوَاتُكُمْ وَعَمَّاتُكُمْ

وَخَالاَتُكُمْ وَبَنَاتُ الأَخِ وَبَنَاتُ الأُخْتِ وَأُمَّهَاتُكُمُ اللاَّتِي أَرْضَعْنَكُمْ وَأَخَوَاتُكُم مِّنَ الرَّضَاعَةِ وَأُمَّهَاتُ نِسَآئِكُمْ....

“നിങ്ങളുടെ മാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃ സഹോദരിമാർ, മാതൃസഹോദരിമാർ, സഹോദരപുത്രിമാർ, സഹോദരീപുത്രിമാർ, നിങ്ങളെ മുലകുടിപ്പിച്ച പോറ്റമ്മമാർ, മുലകുടി മുഖേനയുള്ള നിങ്ങളുടെ സഹോദരിമാർ, നിങ്ങളുടെ ഭാര്യമാതാക്കൾ എന്നിവർ (അവരെ വിവാഹം ചെയ്യൽ) നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു....”

[വി.ക്വു.4:23]

സമ്പാദ്യത്തിൽ ഹറാമായത് അല്ലാഹു വീണ്ടും ഉണർത്തുന്നു. :

...وَأَحَلَّ اللّهُ الْبَيْعَ وَحَرَّمَ الرِّبَا...

“എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്.”

[വി.ക്വു. 2:275]

വിശിഷ്ടമായത് അനുവദനീയം, അവ അസംഖ്യമാണ്. വൈവിധ്യവുമാണ്. അതിനാൽ കരുണാനിധിയായ അല്ലാഹു അവയെല്ലാം നമുക്ക് മൊത്തത്തിൽ അനുവദിച്ചു. എന്നാൽ നിഷിദ്ധങ്ങൾ ഗണ്യമാണ്, നാം അറിയാനും അകന്ന് നിൽക്കാനും അവകൾ അവൻ വകതിരിച്ച് വിവരിച്ചുതന്നു. അല്ലാഹു പറഞ്ഞു.

...وَقَدْ فَصَّلَ لَكُم مَّا حَرَّمَ عَلَيْكُمْ إِلاَّ مَا اضْطُرِرْتُمْ إِلَيْهِ ...

“......നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് അവൻ നിങ്ങൾക്ക് വിശദമാക്കിത്തന്നിട്ടുണ്ടല്ലോ. നിങ്ങൾ (തിന്നുവാൻ) നിർബന്ധിതരായിത്തീരുന്നതൊഴികെ......” [വി.ക്വു. 6:119]

എന്നാൽ ഹലാലുകൾ വിശിഷ്ടമായിരിക്കെ മൊത്തത്തിൽ അല്ലാഹു അനുവദനീയമാക്കി.

അല്ലാഹു പറഞ്ഞു. :

يَا أَيُّهَا النَّاسُ كُلُوا مِمَّا فِي الأَرْضِ حَلاَلاً طَيِّباً...

“ജനങ്ങളെ, ഭൂമിയിലുള്ളതിൽനിന്ന് അനുവദനീയവും വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക.”

[വി.ക്വു. 2:168]

അല്ലാഹുവിൻെറ അപാരമായ അനുഗ്രഹത്താൽ അടിസ്ഥാനപരമായി വസ്തുക്കളെല്ലാം അവൻ അനുവദനീയമാക്കി. അവയിൽ ഹറാമായവക്ക് തെളിവ് എത്തുന്നത്വരെ. തെളിവെത്തിക്കഴിഞ്ഞത് അവിടെനിന്ന് അങ്ങോട്ട് കയ്യൊഴിക്കപ്പെടും. എല്ലാം ദിവ്യകടാക്ഷം, സൃഷ്ടികളോടുള്ള അളവറ്റ വിശാലത, അതിനാൽ അവന് കീഴൊതുങ്ങുക, അവനെ സ്തുതിക്കുക, നന്ദി കാണിക്കുക.

ചിലർ ഹറാമുകൾ എണ്ണിപറയുന്നതും വിവരിക്കുന്നതുമറിഞ്ഞാൽ മതവിധികൾക്ക് നേരെ അസഹ്യത കാണിക്കാറുണ്ട്. വിശ്വാസദൗർബല്യവും വിവരക്കുറവുമല്ലാതെ മറ്റൊരുകാരണവും അതിനില്ല തന്നെ. അല്ലെങ്കിലും ഇത്തരക്കാർക്ക് ദീൻ എളുപ്പവും ശരീഅത്ത് അന്യൂനവുമാണെ

ന്ന് തൃപ്തി അടയുവാൻ ഹലാലുകളുടെ ഇനങ്ങൾ എ ണ്ണികൊടുക്കാനാണോ ഇക്കൂട്ടർ ഉദ്ദേശിക്കുന്നത്? വിശി ഷ്ടവസ്തുക്കളുടെ ഇന വിവരപട്ടിക നീട്ടി പറയുവാനാ ണോ അവർ ഉദ്ദേശിക്കുന്നത് ?

ഇത്തരം അസഹിഷ്ണുതയുടെ വാക്താക്കൾക്ക് വേണ്ടി ഹലാലുകളുടെ പട്ടിക തയ്യാറാക്കാൻ ശ്രമിച്ചാൽ;

ആട്, മാട്, ഒട്ടകം, മുയൽ, മാൻ, കാട്ടാട്, കോഴി, പ്രാവ്, താറാവ്, അരയന്നം, ഒട്ടകപ്പക്ഷി തുടങ്ങിയ പക്ഷികളുടെ മാംസങ്ങൾ.

മത്സ്യം, വെട്ടുകിളി എന്നീ ശവങ്ങൾ.

പച്ചക്കറികൾ, ഇലക്കറികൾ, ഫലവർഗ്ഗങ്ങൾ, ധാന്യ മണികൾ.

വെള്ളം, പാൽ, തേൻ, എണ്ണ, സുർക്ക.

ഉപ്പ്, കറിമസാലകൾ, കറികൂട്ടുസാമാനങ്ങൾ.

മരം, ഇരുമ്പ്, മണൽ, കല്ല്, പ്ളാസ്റ്റിക്, ഗ്ളാസ്, റബ്ബർ.

മൃഗങ്ങളിൽ, മോട്ടോർവാഹനങ്ങളിൽ, തീവണ്ടികളിൽ, കപ്പലുകളിൽ, വിമാനങ്ങളിൽ, യാത്ര ചെയ്യൽ.

എയർ കണ്ടീഷൻ, ഫ്രിഡ്ജുകൾ, വാഷിംഗ് മെഷീ നുകൾ, ഡ്രൈയർമെഷീനുകൾ, ഫ്ളവർ മില്ലുകൾ, ജൂസ് മെഷീനുകൾ.

വൈദ്യശാസ്ത്രം, എഞ്ചിനിയറിംഗ്, ഗണിത ശാസ് ത്രം, ഗവേഷണം, ആഗോള ശാസ്ത്രം, നിർമ്മാണ രംഗം. എന്നീ മേഖലയിൽ കണ്ടുവരുന്ന യന്ത്രസാമ ഗ്രികൾ.

വെള്ളവും, പെട്രോളിയവും ഖനനംചെയ്യൽ.

ശുദ്ധീകരണ പ്രക്രിയകൾ, അച്ചടി, കമ്പ്യൂട്ടറുകൾ.

പരുത്തി, ചണം, കമ്പിളി, രോമം, തോൽ, നയ്ലോൺ, പോളിസ്റ്റർ എന്നിവകൊണ്ടുള്ള വസ്ത്രങ്ങൾ ധരിക്കൽ.

വിവാഹം, ക്രയവിക്രയങ്ങൾ, ജാമ്യകച്ചവടം, കൈമാറ്റകച്ചവടം, പാട്ടകച്ചവടം, ജോലിവേലകൾ, ആശാരിപ്പണി, കൊല്ലപ്പണി, അറ്റകുറ്റപ്പണി, ആട്മേക്കൽ.

തുടങ്ങി എല്ലാം ഹലാലുകൾ. ഹലാലുകളുടെ നീണ്ടനിര തിട്ടപ്പെടുത്തൽ അസാധ്യം.

പക്ഷെ പലരും കാര്യം ഗ്രഹിക്കാതെ സംസാരിക്കുന്നു.

ദീൻ എളുപ്പമാണെന്ന വാദം സത്യമാണ് മിഥ്യയല്ല. പക്ഷെ നിരർത്ഥകഭാവത്തിലാണ് ഇക്കൂട്ടർ അത് കൈകാര്യം ചെയ്യുന്നത്. മതം എളുപ്പമാണെന്ന യഥാർത്ഥ ബോധം ശരീഅത്തിൻെറ വീക്ഷണ കോണിലൂടെ നോക്കി മാത്രമാണ്, പ്രത്യുത ജനഹിതത്തിനൊത്തോ അഭിപ്രായ ഗതിക്കനുസരിച്ചോ അല്ല. പ്രസ്തുത വാദപ്രകാരം പാവനത്വം കൽപ്പിച്ചവയെ കളഞ്ഞുകുളിക്കലും മതപരമായ ഇളവുകളിലും ഒഴികിഴിവുകളിലും ആനുകൂല്യം കണ്ടെത്തലും തമ്മിൽ അജഗജാന്തരമുണ്ട്. യാത്രയിൽ നമസ്കാരം ജംഉം-ക്വസ്റുമാക്കൽ, നോമ്പ് ഉപേക്ഷിക്കൽ, യാത്രക്കാരന് മൂന്ന് ദിനരാത്രങ്ങളും, അല്ലാത്തവർക്ക് ഒരു രാവും പകലും പാദരക്ഷകളായ ഖുഫ്ഫ, കാലുറ എന്നിവ തടവൽ, തയമ്മുംചെയ്യൽ, മഴയുള്ളപ്പോഴും രോഗമുള്ളപ്പോഴും നമസ്ക്കാരം ജംഅ് ആയി നിർവ്വഹിക്കൽ, വിവാഹാന്വേഷകൻ അന്യസ്ത്രീയെ നോക്കൽ, ശപഥലംഘനത്തിനുള്ള പ്രായശ്ചിത്തത്തിൽ തെരഞ്ഞെടുപ്പ് സ്വാതന്ത്ര്യം, അനിവാ

രൃഘട്ടത്തിൽ ശവം തിന്നൽ തുടങ്ങി മതപരമായ ഇളവുകളും ആനുകൂല്യങ്ങളും ചില ഉദാഹരണങ്ങൾ മാത്രം.

നിഷിദ്ധകാര്യങ്ങൾ കയ്യൊഴിക്കാൻ കൽപ്പിച്ചതിന് പിന്നിലെ യുക്തികളിൽ ചിലത് ഇവിടെ കൂട്ടിവായിക്കേണ്ടതുണ്ട്. നിഷിദ്ധങ്ങൾ മുഖേന അല്ലാഹു അടിയാറുകളെ പരീക്ഷിക്കുകയാണ്. സ്വർഗ്ഗാർഹരും നരകാർഹരും ഇവിടെ വ്യതിരക്തമാക്കപ്പെടുന്നു. നരകം ദേഹേച്ഛയാൽ വലയം ചെയ്യപ്പെട്ടു. നരകവാസികൾ അവയിൽ മുങ്ങിക്കുളിച്ചു. സ്വർഗ്ഗം പ്രയാസങ്ങൾകൊണ്ട് പൊതിയപ്പെട്ടു, സ്വർഗ്ഗവാസികൾ അവക്ക് മുന്നിൽ ക്ഷമിച്ചു. ഈ പരീക്ഷണം ഇല്ലായിരുന്നുവെങ്കിൽ പാപി പുണ്യവാനിൽനിന്ന് വേർതിരിക്കപ്പെടുമായിരുന്നില്ല. വിശ്വാസികൾ വിധിവിലക്കുകളിലെ പ്രയാസങ്ങളിൽ വിമ്മിഷ്ടരാകുന്നില്ല. അവർ അത് നോക്കികാണുന്നത് പ്രതിഫലേച്ഛയോടും ദിവ്യകൽപ്പന ശിരസ്സാവഹിച്ചുമാണ്. ഫലമോ ശാസനാലോകം അവർക്ക് നിഷ്പ്രയാസവും. കപടവിശ്വാസികളാവട്ടെ, അവർ വിധിവിലക്കുകളെ കഷ്ട-നഷ്ട-വിമ്മിഷ്ട ദൃഷ്ടിയാലാണ് കാണുന്നത്. അതിനാൽതന്നെ ശാസനാലോകം അവർക്ക് പ്രയാസങ്ങളുടെമേൽ പ്രയാസവും, അധികഠിനവും.

നിഷിദ്ധ കാര്യങ്ങൾ കയ്യൊഴിച്ച് കീഴ്പെട്ട് ജീവിക്കുന്നവന് സർവ്വമാധുര്യവും നുണയാം. ദിവ്യപ്രീതി തേടി വല്ലവനും വല്ലതും കയ്യൊഴിച്ചാൽ ഗുണമേന്മയേറിയത് അല്ലാഹു അവന് പകരം നൽകും. ഈമാനിൻെറ മാധുര്യമോ അവൻെറ ഹൃദയത്തിലും.

മാന്യവായനക്കാർക്ക് മുമ്പിലുള്ള ഈ കൊച്ചുകൃതിയിൽ വിശുദ്ധ ക്വുർആനിൻെറയും സുന്നത്തിൻേറയും

അടിസ്ഥാനത്തിൽ ഒരുപറ്റം നിഷിദ്ധകാര്യങ്ങളെ കണ്ടെത്താം. [3]

വർത്തമാനലോകത്ത് മുസ്‌ലിം സമൂഹ മധ്യത്തിൽ കണ്ടുവരുന്നവയാണതെല്ലാം. അവ എണ്ണിപ്പെറുക്കലിലൂടെ ഞാൻ ഒരു ഉപദേശകൻ മാത്രം. എനിക്കും മുസ്‌ലിം സഹോദരങ്ങൾക്കും സൽപാന്ഥാവും തൗഫീഖും അല്ലാഹു പ്രദാനം ചെയ്യട്ടെ. അവനാകുന്നു സംരക്ഷകൻ. കരുണാകടാക്ഷിയും. [4]

## ശിർക്ക്
## (അല്ലാഹുവിൽ പങ്കുചേർക്കൽ)

---

[3] നിഷിദ്ധ കാര്യങ്ങൾ, വൻപാപങ്ങൾ എന്നീ വിഷയങ്ങളെ പുരസ്ക്കരിച്ച് ഒട്ടനവധി കൃതികളുണ്ട്. ഇബ്നു നുഹാസുദ്ദിമഷ്ഖിയുടെ തൻബീഹുൽ ഗാഫിലീൻ എന്ന കൃതി അവയിൽ നിലവാരം പുലർത്തുന്നതാകുന്നു.

[4] ഈ കൊച്ചു കൃതിയുടെ അറബിമൂലം ഒരു പറ്റം പണ്ഡിത ശ്രേഷ്ടന്മാർ പരിശോധിച്ചതും ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസ് പരിശോധനക്ക് ശേഷം അനിവാര്യമെന്ന് തോന്നുന്നിടത്ത് അനുബന്ധക്കുറിപ്പുകൾ നൽകുകയും ചെയ്തിരിക്കുന്നു.

നിഷിദ്ധകാര്യങ്ങളിൽ മുഖ്യമാകുന്നു ശിർക്ക്. അബൂ ബകർ ﷺവിൽനിന്ന് ഉദ്ദരിക്കുന്ന ഒരു ഹദീസിൽ അദ്ദേഹം പറയുന്നു: അല്ലാഹുവിൻെറ റസൂൽ ﷺ പറഞ്ഞിരിക്കുന്നു. :

(( أَلاَ أُنَبِّؤُكُمْ بِأَكْبَرِ الْكَبَائِرِ ؟ ( ثَلاَثاً ) قَالُوا : قُلْنَا بَلَى يَا رَسُولَ الله ، قَالَ الإِشْرَاكُ بِالله ...... ))

(വൻപാപങ്ങളിൽ വൻപാപം ഏതെന്ന് ഞാൻ പറഞ്ഞ് തരട്ടയോ? റസൂൽ ﷺ മൂന്ന് പ്രാവശ്യം ഇതാവർത്തിച്ചു. അവർ പറഞ്ഞു: അതെ പ്രവാചകരെ, അദ്ദേഹം പറഞ്ഞു: അല്ലാഹുവിൽ പങ്ക്ചേർക്കൽ.....) [5]

ഏതൊരു തെറ്റുകുറ്റവും ദിവ്യകാരുണ്യത്തിന് മുന്നിൽ പൊറുക്കപ്പെട്ടേക്കാം; ശിർക്കൊഴിച്ച്. ശിർക്ക് ചെയ്താൽ പ്രത്യേക പശ്ചാതാപം അനിവാര്യമാണ്. അല്ലാഹു പറയുന്നു:

إِنَّ اللّهَ لاَ يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ ...

“തന്നോട് പങ്ക്ചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കുന്നതാണ്......”

[വി.ക്വു. 4:48]

ശിർക്കിൽ തന്നെ ഇസ്ലാമിക മില്ലത്തിൽനിന്ന് പുറം തള്ളുപ്പെടുകയും അതുമായാണ് മരിക്കുന്നതെങ്കിൽ ശാശ്വത നരകാവകാശിയാക്കിത്തീർക്കുന്നവയുമുണ്ട്. അവയിൽ

[5] ബുഖാരി, മുസ്ലിം.

മുസ്ലിം നാടുകളിൽ പ്രചുരപ്രചാരം നേടിയവ താഴെ പറയുന്നു.

## ഖബർ പൂജ

മരിച്ച് മൺമറഞ്ഞ അമ്പിയാക്കളും ഔലിയാക്കളും പ്രശ്നങ്ങൾ പരിഹരിക്കുമെന്നും, കഷ്ടതകളിൽനിന്ന് കരകയറ്റുമെന്നും അവരോട് സഹായാഭ്യർത്ഥന ആകാമെന്നും, ശഫാഅത്തിനും കഷ്ടനഷ്ടങ്ങളിൽനിന്നുള്ള മോചനത്തിനും പ്രാർത്ഥിക്കാമെന്നുമുള്ള വിശ്വാസമാണ് ഖബർ പൂജക്ക് പിന്നിൽ.

അല്ലാഹു ക്വുർആനിൽ പറയുന്നതാകട്ടെ:

وَقَضَى رَبُّكَ أَلاَّ تَعْبُدُواْ إِلاَّ إِيَّاهُ...

"തന്നെയല്ലാതെ നിങ്ങൾ അരാധിക്കരുതെന്ന് നിൻെറ രക്ഷിതാവ് വിധിച്ചിരിക്കുന്നു.. .." [വി.ക്വു. 17:23]

أَمَّن يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ خُلَفَاء الْأَرْضِ أَإِلَهٌ مَّعَ اللَّهِ ...

"അഥവാ കഷ്ടപ്പെട്ടവൻ വിളിച്ച് പ്രാർത്ഥിച്ചാൽ അവന് ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ. ? " [വി.ക്വു.27:62]

ചിലർ മുഹമ്മദ് നബിയേ, അലിവലിയുല്ലാഹ്, യാഹുസൈൻ ബദവീശൈഖേ, മുഹ്യുദ്ധീൻശൈഖേ, ശാദുലീതങ്ങളേ, രിഫാഈശൈഖേ, ഐദറൂസേ, സയ്നബ് ബീവിയേ,..... തുടങ്ങിയ വലിയ്യുകളുടേയും ഹോജമാരുടേ

യും പേര് വിളിച്ചുള്ള തേട്ടം എന്ത് കഷ്ട നഷ്ടമുണ്ടാ യാലും, ഇരുന്നെഴുന്നേറ്റാൽപോലും സമ്പ്രദായമാക്കി മാറ്റി യിരിക്കുന്നു.

അല്ലാഹു ക്വുർആനിൽ പറയുന്നതാകട്ടെ.,

إِنَّ الَّذِينَ تَدْعُونَ مِن دُونِ اللّهِ عِبَادٌ أَمْثَالُكُمْ ...

**"**തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപ്പോലെയുള്ള ദാസൻമാർ മാത്രമാണ്.**"** [വി.ക്വു. 7:194]

മറ്റുചിലരാവട്ടെ ഖബർമൂലകളെ തൊട്ട് മുത്തിയും, മണത്തും, ഖബർഭൂമിയിൽ മുഖമുരുമ്മിയും, പ്രണമിച്ചും, ഗദ്ഗദരായി, ഭക്തിസാന്ദ്രരായി, രോഗശമനം, സന്താനലബ്ധി, ആവശ്യം പ്രയാസരഹിതമാക്കൽ, തുടങ്ങി പ്രശ്നങ്ങൾ ചോദിക്കുന്നവരായും ഖബർ പൂജകരിലുണ്ട്. ഇത്തരക്കാർ ഒരുവേള "യാ സയ്യിദീ കണ്ണെത്താദൂരത്ത് നിന്ന് നിങ്ങളെതേടിയെത്തിയ ഈ പാപത്തിനെ വെറും കയ്യോടെ മടക്കരുതേ." എന്ന വിളിയാളം വരെ നടത്താറുണ്ട്. അല്ലാഹു പറയുന്നു:

وَمَنْ أَضَلُّ مِمَّن يَدْعُو مِن دُونِ اللَّهِ مَن لَّا يَسْتَجِيبُ لَهُ
إِلَى يَوْمِ الْقِيَامَةِ وَهُمْ عَن دُعَائِهِمْ غَافِلُونَ

**"**അല്ലാഹുവിന് പുറമേ ഉയർത്തെഴുന്നേൽപ്പിൻെറ നാൾവരേയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ച് പ്രാർത്ഥിക്കുന്നവനേക്കാൾ വഴിപിഴച്ചവൻ ആരുണ്ട് ? അവരാകട്ടെ, ഇവരുടെ പ്രാർത്ഥനയെക്കുറിച്ച് ബോധമില്ലാത്തവരാകുന്നു.**"** [വി.ക്വു. 46:5]

നബി ﷺ പറയുന്നത് നോക്കൂ:

(( مَنْ مَاتَ وَهُوَ يَدْعُو مِنْ دُونِ اللهِ نِدّاً دَخَلَ النَارَ ))

(ഒരാൾ അല്ലാഹുവിനെ കൂടാതെ മറ്റൊരാളെ വിളിച്ച് പ്രാർത്ഥിച്ചാണ് മരിക്കുന്നതെങ്കിൽ അവൻ നരകത്തിൽ പ്രവേശിക്കും.) [6]

ഖബറിടത്തിൽ തലമുണ്ഡനം നടത്തുന്നവർ, ഖബർ സിയാറത്തിൻെറ മര്യാദകൾ എന്ന തലക്കെട്ടിലുള്ള പുസ്തകങ്ങളുമായി ഖബറുകളിലേക്കും ജാറങ്ങളിലേക്കും സിയാറത്ത് യാത്ര നടത്തുന്നവർ, ഔലിയാക്കൾ ഉലകത്തിൻെറ കൈകാര്യകർതൃത്വം നടത്തുന്നവരാണെന്നും ഉപകാരവും ഉപദ്രവവും ഏൽപ്പിക്കാൻ ഉതകുന്നവരാണെന്നും, വിശ്വസിക്കുന്നവർ തുടങ്ങി ഖബർ ആരാധകർ പലവിധത്തിലാണ്.

അല്ലാഹു പറയുന്നു. :

وَإِن يَمْسَسْكَ اللّهُ بِضُرٍّ فَلاَ كَاشِفَ لَهُ إِلاَّ هُوَ وَإِن يُرِدْكَ بِخَيْرٍ فَلاَ رَآدَّ لِفَضْلِهِ ...

“നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപ്പിക്കുന്നപക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ലഗുണവും ഉദ്ദേശിക്കുന്നപക്ഷം അവൻെറ അനുഗ്രഹം തട്ടി മാറ്റാൻ ഒരാളുമില്ല....” [വി.ക്വു. 10:107]

ഖബറാളികൾക്ക് വേണ്ടി വിളക്കുകളും മെഴുകുതിരികളും നേർച്ചയാക്കുന്നത്പോലെ അല്ലാഹു അല്ലാത്തവരുടെ പേരിൽ നേർച്ചയാക്കുന്നതും ശിർക്ക് തന്നെയാണ്.

---

6 ബുഖാരി (ഫത്ഹുൽ ബാരി 8:176 നോക്കുക)

# അല്ലാഹു അല്ലാത്തവരുടെ പേരിൽ ബലിദാനം.

കൊടിയ ശിർക്കിൻെറ രൂപമാണിത്. അല്ലാഹുവിൻെറ പ്രീതിക്കു വേണ്ടിയും, അവൻെറ പേരിലും അറുക്കുക എന്ന ആശയം ദ്യോതിപ്പിക്കുമാറ് അല്ലാഹു പറഞ്ഞു. :

فَصَلِّ لِرَبِّكَ وَانْحَرْ

**"ആകയാൽ നീ നിൻെറ രക്ഷിതാവിന്വേണ്ടി നമസ്ക്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക."** [വി.ക്വു. 108:2]

പ്രവാചകൻ ﷺ പറഞ്ഞു.: ( لَعَنَ اللهُ مَنْ ذَبَحَ لِغَيْرِ اللهِ )

(അല്ലാഹു അല്ലാത്തവർക്ക്വേണ്ടി അറുത്തവനെ അല്ലാഹു ശപിക്കട്ടെ.,)[7]

ഇവിടെ രണ്ട് നിഷിദ്ധങ്ങൾ സംഗമിക്കുന്നു. ഒന്ന് അല്ലാഹു അല്ലാത്തവരുടെ നാമത്തിൽ അറുക്കൽ, രണ്ട് അല്ലാഹു അല്ലാത്തവരുടെ പ്രീതിക്ക്വേണ്ടി അറുക്കൽ രണ്ടും ഒരേ നാണയത്തിൻെറ രണ്ട് വശങ്ങൾ മാത്രം. ഒരുപോലെ തിന്നാൻ പാടില്ലാത്തതും. ജാഹിലിയ്യാകാലം ജന്മം നൽകുകയും വർത്തമാനകാലത്ത് സാർവത്രീകമാവുകയും ചെയ്ത മൃഗബലിയാണ് ജിന്നുബാധയകറ്റാനും പുതിയ

---

[7] മുസ്ലിം :1978

വീടുകളുടേയോ കിണറുകളുടേയോ പരിസരങ്ങളിൽവെച്ച് നടത്തുന്ന ബലി.

## അല്ലാഹു അനുവദിച്ചത് നിഷിദ്ധമാക്കൽ നിഷിദ്ധമാക്കിയത് അനുവദിക്കൽ

വളരെ വ്യാപകവും മഹാശിർക്കുമാണ് മേൽ ഉദ്ദരിച്ചത്. അല്ലാഹു അനുവദനീയമാക്കിയത് നിഷിദ്ധമായി കാണുക, നിഷിദ്ധമാക്കിയത് അനുവദനീയമായി കാണുക, അല്ലാഹുവിനല്ലാതെ മറ്റാർക്കെങ്കിലും ഹലാലാക്കാനും ഹറാമാക്കാനും അവകാശമുണ്ടെന്ന് വിശ്വസിക്കുക, ദൈവീക നിയമം മാറ്റിമറിക്കാമെന്നത് അനുവദനീയമായി കണ്ടുകൊണ്ടും അത് അനുവദിച്ചുകൊണ്ടും സ്വന്തം തീരുമാനപ്രകാരവും സ്വേഷ്ടപ്രകാരവും ജാഹിലീ നിയമവ്യവസ്ഥകളിലേക്കും കോടതികളിലേക്കും വിധി തേടിപ്പോകുക തുടങ്ങിയവയെല്ലാം ഈ ശിർക്കിൻെറ പരിധിയിൽ പെടും. ഈ വലിയ കുഫ്റിനെക്കുറിച്ച് അല്ലാഹു പറയുന്നു. :

اتَّخَذُوا أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَابًا مِّن دُونِ اللَّهِ ...

“അവരുടെ പണ്ഢിതന്മാരേയും പുരോഹിതന്മാരേയും അല്ലാഹുവിന് പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു.” [വി.ക്വു. 9:31]

പ്രവാചകൻﷺ ഈ സൂക്തം ഓതുന്നത് അദിയ്യുബ്നു ഹാതിം رضي الله عنه കേട്ടപ്പോൾ അദ്ദേഹം ചോദിച്ചു: പ്രവാച

കരെ, അവർ അവരെ ആരാധിക്കുന്നില്ലല്ലോ? പ്രവാചകൻ ﷺ പറഞ്ഞു :

(( أَجَلْ وَلَـــكِنْ يُحِلُّونَ لَهُمْ مَا حَرَّمَ اللهُ فَيَسْتَحِلُّونَــــهُ، وَ يُحَرِّمُونَ عَلَيْهِمْ مَا أَحَلَّ اللهُ فَيُحَرِّمُونَهُ ، فَتِلْكَ عِبَادَتُهُمْ لَهُمْ ))

(അതെ, പക്ഷേ അല്ലാഹു നിഷിദ്ധമാക്കിയവയെ അവർ അവർക്ക് (ജനങ്ങൾക്ക്) അനുവദിച്ചുകൊടുക്കുന്നു. അപ്പോൾ അവർ (ജനങ്ങൾ) അതിനെ അനുവദനീയമായി കാണുന്നു. അല്ലാഹു അനുവദിച്ചതാകട്ടെ അവർ (ജനങ്ങൾക്ക്) നിഷിദ്ധമാക്കിക്കൊടുക്കുന്നു. അപ്പോൾ അവർ അത് നിഷിദ്ധമാക്കുന്നു. അതാണ് അവർക്ക് അവർ ചെയ്ത ആരാധന.) [8]

ബഹുദൈവവിശ്വാസികളെ ഇത്തരം സ്വഭാവത്തിൻെറ വാക്താക്കളായി വർണ്ണിച്ചുകൊണ്ട് അല്ലാഹു പറയുന്നു. :

...وَلاَ يُحَرِّمُونَ مَا حَرَّمَ اللّهُ وَرَسُولُهُ وَلاَ يَدِينُونَ دِينَ الْحَقِّ ...

“അല്ലാഹുവും അവൻെറ ദൂതനും നിഷിദ്ധമാക്കിയത് അവർ നിഷിദ്ധമായി ഗണിക്കാതിരിക്കുകയും സത്യമതത്തെ മതമായി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവർ.” [വി.ക്വു. 9:29]

വീണ്ടും അല്ലാഹു പറയുന്നു:

---

8 ബയ്ഹഖി 10:116, തുർമുദി:3095, അൽബാനി ഈ ഹദീസ് ഹസനാണെന്ന് പറഞ്ഞിരിക്കുന്നു. (ഗായത്തുൽമറാം പേ: 19)

قُلْ أَرَأَيْتُم مَّا أَنزَلَ اللّهُ لَكُم مِّن رِّزْقٍ فَجَعَلْتُم مِّنْهُ حَرَامًا وَحَلاَلاً قُلْ آللّهُ أَذِنَ لَكُمْ أَمْ عَلَى اللّهِ تَفْتَرُونَ

**"പറയുക അല്ലാഹു നിങ്ങൾക്ക് ഇറക്കിത്തന്ന ആഹാരത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? എന്നിട്ട് അതിൽ (ചിലത്) നിങ്ങൾ നിഷിദ്ധവും (വേറെ ചിലത്) അനുവദനീയവുമാക്കിയിരിക്കുന്നു. പറയുക, അല്ലാഹുവാണോ നിങ്ങൾക്കതിന് അനുവാദം തന്നത് ? അതല്ല, നിങ്ങൾ അല്ലാഹുവിൻെറ പേരിൽ കെട്ടിചമക്കുകയാണോ?"**

[വി.ക്വു. 10:59]

# മാരണം, പ്രശ്നം വെക്കൽ, ജോൽസ്യം

**ഏഴ് വൻപാപങ്ങളിൽ എണ്ണിപ്പറഞ്ഞതും ഉപകാരപ്പെടാത്ത ഉപദ്രവം മാത്രം സമ്മാനിക്കുന്ന തനി കുഫ്റുമാണ് സിഹ്റ് അഥവാ മാരണം. ആഭിചാരൃത്തിൽ അറിവ് തേടുന്നത് സംബന്ധിച്ച് അല്ലാഹു പറഞ്ഞു. :**

...وَيَتَعَلَّمُونَ مَا يَضُرُّهُمْ وَلاَ يَنفَعُهُمْ ...

**"അവർക്കുതന്നെ ഉപദ്രവം ഉണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവർ പഠിച്ചുകൊണ്ടിരിക്കുന്നത്."** [വി.ക്വു. 2:102]

**അല്ലാഹു പറയുന്നു.:**

...وَلَا يُفْلِحُ السَّاحِرُ حَيْثُ أَتَى

**"ജാല വിദ്യക്കാരൻ എവിടെ ചെന്നാലും വിജയിയാവുകയില്ല."** [വി.ക്വു. 20:69]

...وَمَا كَفَرَ سُلَيْمَانُ وَلَـكِنَّ الشَّيْاطِينَ كَفَرُواْ يُعَلِّمُونَ النَّاسَ السِّحْرَ وَمَا أُنزِلَ عَلَى الْمَلَكَيْنِ بِبَابِلَ هَارُوتَ وَمَارُوتَ وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّى يَقُولاَ إِنَّمَا نَحْنُ فِتْنَةٌ فَلاَ تَكْفُرْ ...

“....സുലൈമാൻ നബി ദൈവനിഷേധം കാണിച്ചിട്ടില്ല. എന്നാൽ ജനങ്ങൾക്ക് മാന്ത്രികവിദ്യ പഠിപ്പിച്ച് കൊടുത്തു കൊണ്ട് പിശാചുക്കളാണ് ദൈവനിഷേധത്തിലേർപ്പെട്ടത്. ബാബിലോണിൽ ഹാറൂത്തെന്നും മാറൂത്തെന്നും പേരുള്ള രണ്ട് മാലാഖമാർക്ക് ലഭിച്ചതിനെയും (പറ്റി പിശാചുക്കൾ പറഞ്ഞുണ്ടാക്കിക്കൊണ്ടിരുന്നത് അവർ പിന്തുടർന്നു) എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു. അതിനാൽ (ഇതുപയോഗിച്ച്) ദൈവനിഷേധത്തിലേർപ്പെടരുത്. എന്ന് അവർ പറഞ്ഞ് കൊടുക്കാതിരുന്നില്ല......” [വി.ക്വു. 2:102]

മാരണക്കാരന് ഇസ്‌ലാമിക ശിക്ഷാകോടതിയുടെ വിധി വധമാകുന്നു. അവൻെറ സമ്പാദ്യമോ ഹറാമും ഹീനവും. അജ്ഞരും, ആക്രമണ വാഞ്ചയുള്ളവരും, അബല വിശ്വാസികളും അന്യർക്കെതിരിൽ പ്രതികാരത്തിനും പ്രതിലോമ നടപടികൾക്കും സിഹ്‌റ് ചെയ്യാറുണ്ട്. സിഹ്‌റ് ബാധിച്ചാൽ അതിന് മരുന്നെന്നോണം അല്ലാഹുവിലേക്ക് അഭയം തേടുന്നതിനും ഖുർആൻ പാരായണത്തിലൂടെയും മറ്റും രോഗശാന്തിക്ക് ചികിൽസിക്കുന്നതിനും പകരം പലരും മാരണക്കാരനിൽ അഭയം തേടി വൻ പാപികളായി മാറുകയാണ് ചെയ്യുന്നത്.

എന്നാൽ ഗണികൻമാരും ജ്യോത്സ്യൻമാരും അല്ലെങ്കിൽ പ്രശ്നം വെക്കുന്നവരും ഭാവി ഫലം പറയുന്നവരും അദൃശ്യമറിയുമെന്ന് പറയുന്നതോടെ ദൈവനിഷേധികളായി മാറി. കാരണം അദൃശ്യം അറിയുന്നവൻ അല്ലാഹു മാത്രം. ഇത്തരം ക്ഷുദ്രന്മാർ, കളം വരച്ചും കവടിയെറിഞ്ഞും കൈരേഖവായിച്ചും പിഞ്ഞാണത്തിലും കണ്ണാടിയിലും ചില്ലിലും എഴുതിയും സാധാരണക്കാരന്റെ സമ്പത്ത് സ്വന്തമാക്കാൻ അവരെ പൊട്ടന്മാരാക്കുന്നു. കളവല്ലാതെ സത്യം അവരിൽനിന്ന് പുറത്തുവരൽ വളരെ വിരളം മാത്രം. എന്നാലും നൂറിൽ തൊണ്ണൂറ്റിയൊമ്പത് കളവും ഒരു സത്യവും അവരിൽ നിന്നുണ്ടായാൽ വിഡ്ഢികളായ ജനം വീണുകിട്ടിയ ആ ഒരു സത്യത്തെ മുൻനിർത്തി ഭാവി അറിയാനും, കല്ല്യാണത്തിലും, കച്ചവടത്തിലും നേട്ടകോട്ടങ്ങൾ മനസ്സിലാക്കാനും നഷ്ടപ്പെട്ടത് വീണ്ടുകിട്ടാനും അത്തരക്കാരെ സമീപിക്കുന്നു. ഇങ്ങനെ സമീപിക്കുന്നവർ അവർ പറയുന്നത് സത്യപ്പെടുത്തുന്നതോടെ ഇസ്ലാമിൽനിന്ന് പുറത്തായി.

നബിﷺ പറയുന്നു. :

(( مَنْ أَتَى كَاهِناً أَوْ عَـــرَّافاً فَصَـــدَّقَهُ بِمَا يَقُولُ فَقَدْ كَفَرَ بِمَا أُنْـــزِلَ عَلَى مُحَمَّدٍ ))

(ആരെങ്കിലും ഒരു ജോത്സ്യനേയോ ഭാവി പറയുന്നവനേയോ സമീപിക്കുകയും അവൻ പറയുന്നത് സത്യപ്പെടുത്തു

കയും ചെയ്യുന്ന പക്ഷം അവൻ മുഹമ്മദ് നബിﷺക്ക് അവതരിച്ച (മതത്തിൽ) അവിശ്വസിച്ചിരിക്കുന്നു.) [9]

ഒരാൾ ജോത്സ്യൻമാർക്കും ഗണികൻമാർക്കുമൊന്നും അദൃശ്യമറിയില്ലെന്ന് വിശ്വസിച്ചും അവർ പറയുന്നത് സത്യപ്പെടുത്താതെയും ഒരു പ്രവർത്തിപരിചയമെന്ന നിലക്കാണവരെ സമീപിക്കുന്നതെങ്കിലും നാൽപ്പത് നാളിലെ നമസ്ക്കാരം അവനിൽനിന്ന് അല്ലാഹുവിങ്കൽ സ്വീകാര്യമല്ല.[10]

നബിﷺ പറയുന്നു. :

((مَنْ أَتَى عَرَّافاً فَسَأَلَهُ عَنْ شَيْءٍ لَمْ تُقْبَلْ لَهُ صَلاَةُ أَرْبَعِينَ لَيْلَة ))

(ഒരാൾ ഒരു ഭാവി പറയുന്നവനെ സമീപിക്കുകയും അവനോടെന്തെങ്കിലും ചോദിക്കുകയും ചെയ്താൽ നാൽപ്പത് രാവുകളിലെ നമസ്ക്കാരം അവനിൽ നിന്ന് (അല്ലാഹുവിങ്കൽ) സ്വീകാര്യമല്ല.)

എന്നിരുന്നാലും അവന് നമസ്ക്കാരം നിർവ്വഹിക്കൽ നിർബന്ധമാണ്. കടുത്ത മനസ്താപവും.

## രാശികൾക്കും, ഞാറ്റുവേലകൾക്കും സംഭവവികാസങ്ങളിലും ജനജീവിതത്തിലും സ്വാധീനമുണ്ടെന്ന വിശ്വാസം

---

[9] അഹ്മദ് 2 :429 (സ്വഹീഹുൽ ജാമിഅ്:5939)

[10] മുസ്ലിം 4:1751

സെയ്ദു ബ്നു ഖാലിദ് അൽ ജുഹനിﷺവിൽനിന്ന് നിവേദനം ചെയ്ത ഒരു ഹദീസിൽ അദ്ദേഹം പറയുന്നു:

صَلَّى لَنَا رَسُولُ اللهِ ﷺ صَلاةَ الصُبْحِ بِالْحُدَيْبِيَةِ ــ عَلَى أَثَرِ سَمَاءٍ كَانَتْ مِنَ اللَّيْلَةِ ــ فَلَمَّا انْصَرَفَ أَقْبَلَ عَلَى النَّـــاسِ فَقَالَ : "هَلْ تَدْرُونَ مَاذَا قَالَ رَبُّكُمْ ؟ " قَالُوا : اللهُ وَرَسُولُهُ أَعْلَمُ ، قَالَ : (( أَصْبَحَ مِنْ عِبَادِي مُؤْمِنٌ بِي وَكَافِرٌ ، فَأَمَّا مَنْ قَالَ مُطِرْنَا بِفَضْلِ اللهِ وَرَحْمَتِهِ فَذَلِكَ مُؤْمِنٌ بِي وَكَافِرٌ بِالْكَوْكِبِ . وَأَمَّا مَنْ قَالَ بِنَوءِ كَذَا وَكَذَا فَذَلِكَ كَافِرٌ بِي وَمُؤْمِنٌ بِالْكَوْكِبِ ))

(മഴ വർഷിച്ച ഒരു രാത്രിയുടെ പിറ്റേന്ന് ഹുദയ്ബിയയിൽ വെച്ച് നബിﷺ ഞങ്ങൾക്ക് ഇമാമായി നമസ്ക്കരിച്ചു, തുടർന്ന് ജനങ്ങളിലേക്ക് തിരിഞ്ഞ് അവിടുന്ന് ചോദിച്ചു: നിങ്ങളുടെ റബ്ബ് പറഞ്ഞത് എന്താണെന്ന് നിങ്ങൾക്കറിയുമോ? അവർ പറഞ്ഞു: അല്ലാഹുവും പ്രവാചകരുമാണതറിയുന്നവർ. അവിടുന്ന് പറഞ്ഞു: അല്ലാഹു പറഞ്ഞിരിക്കുന്നു എൻെറ അടിയാറുകളിൽ എന്നെ വിശ്വസിക്കുന്നവരും അവിശ്വസിക്കുന്നവരും ഉണ്ടായിരിക്കുന്നു. അല്ലാഹുവിൻെറ ഔദാര്യംകൊണ്ടും അനുഗ്രഹാശ്ശിസുകൊണ്ടുമാണ് മഴ ലഭിച്ചതെന്ന് പറഞ്ഞവർ എന്നിൽ വിശ്വസിച്ചവരും നക്ഷത്രങ്ങളിൽ അവിശ്വസിച്ചിരിക്കുന്നവരുമാണ്. എന്നാൽ ഇന്ന ഞാറ്റുവേല നിമിത്തമാണ് നമുക്ക് മഴ ലഭിച്ചതെന്ന് പറ

ഞ്ഞവർ എന്നിൽ അവിശ്വസിച്ചവരും ഞാറ്റുവേലകളിൽ വി ശ്വസിക്കുന്നവരുമാണ്.) [11]

ഇതേ വിശ്വാസത്തിൻെറ ഭാഗമാണ് പത്രമാസികക ളിൽ നക്ഷത്ര വാരഫലം നോക്കൽ. ജ്യോതിഷത്തിലും രാ ശിയിലും സ്വാധീനമുണ്ടെന്ന് വിശ്വസിക്കുന്നവൻ മുശ്രി ക്കാകുന്നു. മനഃശ്ശാന്തിക്ക്വേണ്ടി അത്തരം വാരഫലങ്ങൾ വായിക്കുന്നവരാകട്ടെ വ്യക്തമായ തെറ്റുകാരനും കുറ്റ ക്കാരനുമാകുന്നു. കാരണം ബഹുദൈവ ചിന്തതട്ടിയുണർ ത്തുന്ന കാര്യങ്ങൾ വായിക്കുന്നത്മൂലം പൈശാചിക സ്വാ ധീനത്താൽ ശിർക്കിലേക്ക് കൂപ്പ്കുത്താൻ കാരണമാകുന്ന ഏതൊന്നിലും സായൂജ്യം കണ്ടെത്തൽ സംഗതമല്ല.

ഇപ്രകാരം ശിർക്ക് ക്ഷണിച്ച് വരുത്തുന്നതാണ് സൃ- ഷ്ടാവ് നേട്ടമുണ്ടാക്കുമെന്ന് നിശ്ചയിക്കാത്ത വസ്തുക്ക ളിൽ നേട്ടമുണ്ടാകുമെന്ന വിശ്വാസം. പൈതൃക വിശ്വാസാ ചാരത്തിൻെറ ഭാഗമായോ, കണക്കന്മാരുടെ നിർദ്ദേശപ്ര കാരമോ ഏലസ്സുകൾ, ശിർക്കൻ മാന്ത്രിക-ജപ വചസ്സു കൾ, കൂച്ചുകൾ, ശംഖുകൾ, ലോഹ കണ്ണികൾ, ചില മോതിരക്കല്ലുകൾ തുടങ്ങിയവയിലുള്ള വിശ്വാസവും ഇതു പോലെ തന്നെയാണ്. മാത്രമല്ല ഇത്തരം ക്ഷുദ്ര വസ്തു ക്കൾ കണ്ണേറ് തട്ടാതിരിക്കാൻ കഴുത്തിലും, കുട്ടികളിലും, നഷ്ടങ്ങളുടെ കവാടങ്ങൾ കൊട്ടിയടക്കാനും, പരീക്ഷണ ങ്ങൾ പറത്തിക്കളയാനും ശരീരഭാഗങ്ങളിലും വാഹനങ്ങ ളിലും വീടുകളിലും പലരും കെട്ടി ബന്ധിക്കുന്നു. ഈ ചികിത്സാരീതി അല്ലാഹുവിൽ തവക്കുലാക്കുകയെന്ന വിശ്വാ സത്തെ പാടെ നിരാകരിക്കുന്നു.

---

[11] ബുഖാരി . (ഫത്ഹുൽ ബാരി നോക്കുക, 2:333)

ഏലസ്സുകളിൽ ഒട്ടുമിക്കതും വ്യക്തമായ ശിർക്കും, പൈശാചിക ജിന്ന് സേവയും, ഗൂഢാർത്ഥ രേഖകളും, അവ്യക്ത ലിപികളും നിറഞ്ഞതാകുന്നു. ചില ക്ഷുദ്ര ചെപ്പടി വിദ്യർ വിശുദ്ധ ക്വുർആൻ വചനങ്ങളെ ശിർക്കൻ വരികളാൽ കൂട്ടിക്കുഴച്ചും മലിന വസ്തുക്കൾ, ആർത്തവ രക്തം എന്നിവകൊണ്ടെഴുതിയുമാണ് ഏലസ്സുകൾ തയ്യാറാക്കുന്നത്.

(( مَنْ تَعَلَّقَ تَمِيمَةً فَقَدْ أَشْرَكَ ))

(ആര് ഏലസ്സ് ബന്ധിച്ചുവോ അവൻ ശിർക്ക് ചെയ്തു.)[12] എന്ന തിരുവചനപ്രകാരം മുകളിൽ വിവരിച്ച ക്ഷുദ്ര വസ്തുക്കൾ അണിയലും ബന്ധിക്കലും ഹറാമാകുന്നു. അല്ലാഹുവിന് പുറമെ ഇത്തരം വസ്തുക്കൾക്ക് നേരിട്ട് ഉപകാരം ചെയ്യാനും ഉപദ്രവമേൽപ്പിക്കാനും കഴിവുണ്ടെന്ന് വിശ്വസിക്കുന്നവൻ കൊടിയ മുശ്രിക്കും. അതല്ല, ഇവകളെല്ലാം ഉപകാരവും ഉപദ്രവവുമേൽപ്പിക്കുന്നതിലെ കേവലം കാരണങ്ങളാണെന്ന് വിശ്വസിക്കുന്ന പക്ഷം അവൻ ചെറിയ ശിർക്ക് ചെയ്തവനുമാകുന്നു. കാര്യകാരണബന്ധങ്ങളിൽ വന്ന്പോകാറുള്ള ശിർക്കിൻെറ വരുതിയിലാണ് ഇത് പെടുക.

---

12 അഹ്മദ് 4:156, അൽബാനി, സിൽസില സ്വഹീഹ: 492.

## ലോകമാന്യതയും കപടനാട്യവും

നിഷ്ക്കളങ്കതയും പ്രവാചകചര്യയിൽ മാതൃകയുണ്ടാവലും സൽക്കർമ്മങ്ങൾ സ്വീകരിക്കപ്പെടാനുള്ള നിബന്ധനയാണ്. മാലോകരെ കാണിക്കാൻ കർമ്മ നിരതനാവുന്നവൻ വ്യഥാവേലയിലാണ്. ചെറിയ ശിർക്ക് ചെയ്ത മുശ്രിക്കുമാകുന്നു.

അല്ലാഹു പറയുന്നു. :

إِنَّ الْمُنَافِقِينَ يُخَادِعُونَ اللّهَ وَهُوَ خَادِعُهُمْ وَإِذَا قَامُواْ إِلَى الصَّلاَةِ قَامُواْ كُسَالَى يُرَآؤُونَ النَّاسَ وَلاَ يَذْكُرُونَ اللّهَ إِلاَّ قَلِيلاً

“തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവിനെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർത്ഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത്. അവർ നമസ്ക്കാരത്തിൽ നിന്നാൽ ഉദാസീനരായികൊണ്ടും ആളുകളെ കാണിക്കാൻ വേണ്ടിയുമാണ് നിൽക്കുന്നത്. കുറച്ച് മാത്രമേ അവർ അല്ലാഹുവെ ഓർക്കുകയുള്ളു.” [വി.ക്വു. 4:142]

പ്രസിദ്ധിയും, പ്രചാരവും പ്രവർത്തനലക്ഷ്യമാക്കി പ്രവർത്തിക്കുന്നവൻ ശിർക്കാകുന്ന അഗാധഗർത്തത്തിൽ കൂപ്പുകുത്തിയതുതന്നെ. അത്തരക്കാർക്ക് ശക്തമായ താക്കീത് ഇബ്നു അബ്ബാസ്(റ)വിൽ നിന്നുള്ള ഒരു ഹദീസിൽ വന്നിരിക്കുന്നു. :

(( مَنْ سَمَّعَ سَمَّعَ اللهُ بِهِ ، وَمَنْ رَاءَى رَاءَى اللهُ بِهِ ))

(ആരെങ്കിലും ലോകരെ കേൾപ്പിക്കാൻവേണ്ടി പ്രവർത്തിച്ചാൽ അല്ലാഹു അവന് കീർത്തിയുണ്ടാക്കിക്കൊടുക്കും, ആ

രെങ്കിലും ലോകരെ കാണിക്കാൻ വേണ്ടി പ്രവർത്തിച്ചാൽ അല്ലാഹുവവന് നല്ല ലോകമാന്യത നേടിക്കൊടുക്കും.) [13]

അല്ലാഹുവിനേയും ലോകരേയും ഒരുപോലെ ലക്ഷ്യ മിട്ടാണ് ഒരാൾ പ്രവർത്തിക്കുന്നതെങ്കിൽ അയാളുടെ തൽ പ്രവർത്തനം സ്ഖലിതമാണ്. ക്വുദുസ്സിയായ ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു.

(( أَنَا أَغْنَى الشُرَكَاءِ عَنِ الشِرْكِ ، مَنْ عَمِلَ عَمَلاً أَشْرَكَ فِيهِ مَعِيَ غَيْرِي تَرَكْتُهُ وَشِرْكَهُ ))

(അല്ലാഹു പറയുന്നു: പങ്കുകാരെ അവശ്യമില്ലാത്തവനാണ് ഞാൻ. ആരെങ്കിലും ഒരു പ്രവർത്തനം ചെയ്യുകയും അതിൽ എന്റെ കൂടെ പങ്കുകാരെ ചേർക്കുകയുമാണെങ്കിൽ അവനേയും അവന്റെ പങ്ക്ചേർത്ത പ്രവർത്തനത്തേയും ഒരുപോലെ ഞാൻ ഉപേക്ഷിച്ചിരിക്കുന്നു.)[14]

ദിവ്യമാർഗ്ഗത്തിലുള്ള പ്രവർത്തനവേളയിൽ കപടനാട്യം കടന്നുകൂടിയാൽ അതിനെ മനസ്സാ വെറുത്തും ചെറുത്തും അതിനോട് മല്ലിട്ടും പ്രതികരിക്കുന്നവന്റെ പ്രവർത്തനം സഫലവും, പ്രത്യുത കാപട്യത്തിൽ ശാന്തി കണ്ടെത്തുകയും മാനസികമായി അതിനോട് ചായ്വ് പ്രകടിപ്പിക്കുകയും ചെയ്യുന്ന പക്ഷം തൽപ്രവർത്തനം വിഫലവുമായിരിക്കുമെന്നുമാണ് പ്രബലമായ പണ്ഡിതമതം.

---

13 മുസ്ലിം : 4: 2289

14 മുസ്ലിം : 2985

## ശകുനം നോക്കൽ

ദുഃശ്ശകുനവും, ദുർലക്ഷണം നോക്കലുമാണ് ഇവിടെ ഉദ്ദേശ്യം. അല്ലാഹു പറയുന്നു.:

فَإِذَا جَاءَتْهُمُ الْحَسَنَةُ قَالُوا لَنَا هَـٰذِهِ وَإِن تُصِبْهُمْ سَيِّئَةٌ يَطَّيَّرُوا بِمُوسَىٰ وَمَن مَّعَهُ ...

"എന്നാൽ അവർക്കൊരു നന്മവന്നാൽ അവർ പറയുമായിരുന്നു : നമ്മുക്ക് അർഹതയുള്ളത് തന്നെയാണിത്, ഇനി അവർക്ക് വല്ലതിന്മയും ബാധിച്ചുവെങ്കിലോ അത് മൂസായുടേയും കൂടെയുള്ളവരുടേയും ശകുനപ്പിഴയാണ് എന്നാണവർ പറഞ്ഞിരുന്നത്....." [വി.ക്വു. 7:131]

അറബികൾ യാത്രയോ മറ്റോ ഉദ്ദേശിച്ചാൽ ഒരു പക്ഷിയെ പിടിച്ച് പറത്തും. വലത്തോട്ടാണ് പക്ഷിയുടെ പറക്കലെങ്കിൽ അതൊരു ശുഭലക്ഷണമായി കാണുകയും യാത്ര തുടരുകയും ചെയ്യും. ഇടത്തോട്ടാണ് പറക്കുന്നതെങ്കിൽ അപലക്ഷണമായി ഗണിക്കുകയും ഉദ്ദിഷ്ട ലക്ഷ്യത്തിൽനിന്ന് പിന്തിരിയുകയും ചെയ്യും. ഇത്തരമൊരു കൃത്യത്തിൻെറ വിധിയെന്നോണം നബിﷺ പറഞ്ഞു:

(( الطِيَرةُ شِرْكٌ )) ശകുനം നോക്കൽ ശിർക്കാണ്.[15]

ഏകദൈവവിശ്വാസത്തിൻെറ പരിപൂർണ്ണതയെ കെടുത്തുന്നതും നിഷിദ്ധവുമായ വിശ്വാസവൈകല്യത്തിൽ പെ

---

15 അഹ്മദ് 1:379, അൽബാനി, സ്വഹീഹുൽ ജാമിഅ്: 3955

ടുന്നതുമാണ് ചില മാസങ്ങളിൽ, ചില ദിവസങ്ങളിൽ, അക്കങ്ങളിൽ, പേരുകളിൽ, വികലാംഗരിൽ, തുടങ്ങി ശകുനപ്പിഴ ദർശിക്കൽ. തന്മൂലം സഫർ മാസത്തിൽ വിവാഹം വേണ്ടെന്ന് വയ്ക്കുന്നവരും, എല്ലാ മാസാന്ത ബുധനാഴ്ചക്കും നഹ്സ് കൽപ്പിക്കുന്നവരും, 13-ാം അക്കത്തിന് ദുർലക്ഷണം കാണുന്നവരും, കടകൾ തുറക്കാൻ പോകുന്ന വഴി ഒറ്റക്കണ്ണൻപോലുള്ള വികലാംഗരെകണ്ടാൽ തിരിഞ്ഞ് നടക്കുന്നവരും ഇതിന് ഉദാഹരണമാണ്. എല്ലാം കുഫ്റിൻെറയും ശിർക്കിൻേറയും വഴികൾ മാത്രം. ഇംറാനുബിന് ഹുസൈൻﷺവിൽ നിന്ന് ഉദ്ദരിക്കുന്ന ഒരു ഹദീസിൽ നബിﷺ പറയുന്നു:

(( لَيْسَ مِنَّا مَنْ تَطَيَّرَ وَلاَ تُطُيِّرَ لَهُ ، وَلاَ تَكَهَّنَ وَلاَ تُكُهِّنَ لَهُ ــ وأظنّه قال : ــ أَوْ سَحَرَ أَوْ سُحِرَ لَهُ ))

(ശകുനപ്പിഴ നോക്കുന്നവനും ശകുനം ആർക്ക് വേണ്ടി നോക്കുന്നുവോ അവനും ജോത്സ്യപ്പണി ചെയ്യുന്നവനും ജോത്സ്യം ആർക്ക് വേണ്ടി ചെയ്യുന്നുവോ അവനും നമ്മിൽ പെട്ടവനല്ല. (നബിﷺ ഇത്രയും കൂടി പറഞ്ഞെന്ന് തോന്നുന്നു.) മാരണം ചെയ്യുന്നവനും ആർക്കുവേണ്ടി മാരണം ചെയ്യുന്നുവോ അവനും.) [16]

മനുഷ്യരിൽവന്ന് ഭവിക്കുന്ന ഇത്തരം ചെയ്തികൾക്ക് പ്രായശ്ചിത്തമെന്നോണം നബി(സ) പറയുന്നു. :

---

[16] മുഅ്ജമുൽ കബീർ 18:162, അൽബാനി, സ്വഹീഹുൽ ജാമിഅ്: 5435

(( مَنْ رَدَّتْهُ الطِيرَةُ مِنْ حَاجَة فَقَدْ أَشْرَكَ ، قَالُوا : يَا رَسُولَ الله ، مَا كَفَّارَةُ ذَلِكَ ؟ قَالَ : أَنْ يَقُولَ أَ حَدُهُمْ : اَللّهُمَّ لاَ خَيْرَ إِلاَّ خَيْرُكَ ، وَلاَ طَيْرَ إِلاَّ طَيْرُكَ ، وَلاَ إِلَـهَ غَيْرُكَ ))

(ഒരാളെ ഒരു ആവശ്യ നിർവ്വഹണത്തിൽനിന്ന് ശകുനപ്പിഴ തിരിച്ചു കളഞ്ഞാൽ അവൻ ശിർക്ക് ചെയ്തവനായി. അവർ പറഞ്ഞു: റസൂലേ എന്താണതിനുള്ള പ്രായശ്ചിത്തം? അദ്ദേഹം പറഞ്ഞു: "അല്ലാഹുവേ, നന്മ നീ വിധിച്ച നന്മ മാത്രം. എനിക്കുള്ള ഭാഗദേയം നിന്നിൽനിന്നുള്ള ഭാഗദേയം മാത്രം. നീ അല്ലാതെ ആരാധനക്കർഹനില്ല തന്നെ." എന്ന് പറയലാണ്.) [17]

ദുർലക്ഷണ ദർശനത്തിന് മാനുഷിക പ്രകൃതിക്കനുസരിച്ച് ഏറ്റക്കുറച്ചിലുണ്ടായേക്കാം. പക്ഷേ അത് ഇല്ലാതാക്കുന്ന ചികിത്സാരീതി അല്ലാഹുവിൽ തവക്കുലാക്കൽ മാത്രം. ഇബ്നു മസ്ഊദ്ﷺ പറയുന്നു: ഞങ്ങളിൽ എല്ലാവർക്കും മാനസികമായി ഇത്തരം ചിലത് പിടികൂടുമെങ്കിലും ഞങ്ങൾ അല്ലാഹുവിൽ തവക്കുലാക്കുന്നതിനാൽ അല്ലാഹു അത് ഇല്ലാതാക്കുമായിരുന്നു. [18]

---

[17] അഹ്മദ് 2 : 220, അൽബാനി, സിൽസില സ്വഹീഹ 1065

[18] അബൂദാവൂദ്: 3910, അൽബാനി, സിൽസില സ്വഹീഹ 430

# അല്ലാഹു അല്ലാത്തവരെകൊണ്ട് സത്യം ചെയ്യൽ.

അല്ലാഹുവിന് അവൻ ഉദ്ദേശിക്കുന്ന സൃഷ്ടി ചരാചരങ്ങളെകൊണ്ട് സത്യം ചെയ്യാം. സൃഷ്ടികൾക്ക് അല്ലാഹുവിനെകൊണ്ട് മാത്രമേ സത്യം ചെയ്യാവൂ. അല്ലാഹുവിന് മാത്രം അനുയോജ്യമായ മഹത്വപ്പെടുത്തലിൻെറ ഒരു ഭാഗമാണ് ശപഥം. വസ്തുത ഇതായിരിക്കെ വളരെ വ്യാപകമായി വായകളിൽ നിന്ന് ഉതിർന്ന് വീഴുന്നതാണ് അല്ലാഹു അല്ലാത്തവരുടെ പേരിൽ ശപഥം ചെയ്യൽ. നബിﷺ പറഞ്ഞ ഒരു പറ്റം ഹദീസുകളിൽ ഇപ്രകാരം കാണാം.

((أَلاَ إِنَّ اللهَ يَنْهَاكُمْ أَنْ تَحْلِفُوا بِآبَائِكُمْ ، مَنْ كَانَ حَالِفاً فَلْيَحْلِفْ بِاللهِ أَوْ لِيَصْمُتْ ))

(അറിയുക, നിങ്ങൾ നിങ്ങളുടെ പിതാക്കളെക്കൊണ്ട് സത്യം ചെയ്യുന്നതിനെ അല്ലാഹു നിരോധിച്ചിരിക്കുന്നു. ആരെങ്കിലും സത്യം ചെയ്യാനുദ്ദേശിക്കുന്ന പക്ഷം അവൻ അല്ലാഹുവെ കൊണ്ട് സത്യം ചെയ്യട്ടെ. അല്ലെങ്കിൽ മൗനം ദീക്ഷിക്കട്ടെ.) (ബുഖാരി)

(( مَنْ حَلَفَ بِغَيْرِ اللهِ فَقَدْ أَشْرَكَ ))

(ആരെങ്കിലും അല്ലാഹു അല്ലാത്തവരെ കൊണ്ട് സത്യം ചെയ്താൽ അവൻ ശിർക്ക് ചെയ്തു.)

(( مَنْ حَلَفَ بِالأَمَانَةِ فَلَيْسَ مِنَّا ))

(ആരെങ്കിലും അമാനത്ത് കൊണ്ട് സത്യം ചെയ്താൽ അവൻ നമ്മിൽ പെട്ടവനല്ല.)

അതിനാൽ തന്നെ കഅ്ബ, അമാനത്ത്, ഒരാളുടെ ശറഫ്, സഹായം, ബർക്കത്ത്, ജീവൻ, ജാഹ്, മാതാപിതാക്കൾ, കുട്ടികൾ എന്നിവകൊണ്ടെല്ലാം സത്യം ചെയ്യൽ നിഷിദ്ധമാകുന്നു. ഇത്തരം വീഴ്ചകൾ വന്ന് പോകുന്നവർക്ക് പ്രായശ്ചിത്തം لاَ إِلَـــهَ إِلاَّ الله എന്ന് പറയലാകുന്നു. നബിﷺ പറയുന്നു. :

(( مَنْ حَــــلَفَ فَقَالَ فِي حَــــلِفِهِ بِاللاَّتِ وَالْعُــــزَّى فَلْيَــــقُلْ لاَ إِلَـــهَ إِلاَّ الله ))

(ഒരാൾ സത്യം ചെയ്തു, തന്റെ സത്യത്തിൽ ലാത്തയാണെ, ഉസ്സയാണെ എന്ന് ആണയിട്ടാൽ അവൻ "ലാ ഇലാഹ ഇല്ലല്ലാഹ്" എന്ന് പറഞ്ഞ്കൊള്ളട്ടെ. ) [19]

മുകളിൽ വിവരിച്ചവയുടെ ഗണത്തിൽപെട്ടതും മുസ്ലിം വായകളിൽനിന്ന് ഉതിർന്ന് വീഴാറുള്ളതുമായ ചില ശിർക്കിന്റെയും ഹറാമിന്റെയും വാക്യങ്ങൾക്ക് ഉദാഹരണങ്ങൾ:

1. ഞാൻ അല്ലാഹുവിലും താങ്കളിലും ശരണം തേടുന്നു.
2. ഞാൻ അല്ലാഹുവിലും താങ്കളിലും ഭരമേൽപ്പിക്കുന്നു.
3. ഇത് അല്ലാഹുവിൽ നിന്നും താങ്കളിൽ നിന്നുമാണ്.

---

[19] ബുഖാരി (ഫത്ഹുൽബാരി 11:536)

4. എനിക്ക് അല്ലാഹുവും താങ്കളുമല്ലാതെ ആരുമില്ല. (അല്ലെങ്കിൽ ആരുണ്ട്? )
5. എനിക്ക് മുകളിൽ മേലായ തമ്പുരാനും ഭൂമിയിൽ നിങ്ങളും.
6. അല്ലാഹുവും ഇന്നയാളും ഇല്ലായിരുന്നെങ്കിൽ.... [20]
7. ഞാൻ ഇസ്ലാമിൽനിന്ന് മുക്തനാകുന്നു.
8. കഷ്ട കാലമേ..., ഇത് കാലക്കേടാണ്, ഇത് നഹസിൻെറ സമയമാണ്, കാലം ചതിച്ചു. തുടങ്ങിയ കാലത്തെ പഴിക്കുന്ന പദപ്രയോഗങ്ങൾ. (കാരണം കാലത്തെ കുറ്റം പറയുന്ന ഇത്തരം പ്രയോഗങ്ങൾ യഥാർഥത്തിൽ കാലത്തെ പടച്ച അല്ലാഹുവിലേക്കാണ് മടങ്ങുക.)
9. പ്രകൃതിയുടെ തേട്ടം.
10. അബ്ദുൽ മസീഹ്, അബ്ദുന്നബി, അബ്ദുർറസൂൽ, അബ്ദുൽ ഹുസൈൻ തുടങ്ങിയ അല്ലാഹുവല്ലാത്തവരുടെ അടിമയാണെന്നറിയിക്കുന്ന നാമങ്ങൾ.
11. ഇസ്ലാമിക് സോഷ്യലിസം, ഇസ്ലാമിക് ഡെമോക്രസി, ജനങ്ങളുടെ ഉദ്ദേശം അല്ലാഹുവിൻെറ ഉദ്ദേശമാണ്, മതം അല്ലാഹുവിനും ദേശം എല്ലാവർക്കും.

---

[20] ഇത്തരം സന്ദർഭത്തിൽ `പിന്നെ' എന്നർത്ഥം വരുന്ന `ഥുമ്മ', `ഉം' എന്നർത്ഥം വരുന്ന `വാവി'ന് പകരം ഉപയോഗിച്ചാൽ കുഴപ്പമില്ല. ഞാൻ അല്ലാഹുവിനെക്കൊണ്ടും പിന്നെ നിങ്ങളെക്കൊണ്ടും, അല്ലാഹുവും പിന്നെ നിങ്ങളും എന്നിങ്ങനെ പ്രയോഗിക്കാവുന്നതാണ്. (ഇബ്നു ബാസ്)

അറബീയതയുടെ പേരിൽ, വിപ്ളവത്തിൻെറ നാമത്തിൽ, തുടങ്ങിയ ആധുനിക സാങ്കേതിക പദങ്ങൾ.

12. രാജാധിരാജൻ, മുഖ്യന്യായാധിപതി എന്നിവ പോലുള്ള പ്രയോഗങ്ങൾ മനുഷ്യർക്ക് നൽകൽ.
13. മുനാഫിക്കിനേയും കാഫിറിനേയും സയ്യിദ് എന്ന് വിളിക്കൽ.
14. ഞാൻ അപ്രകാരം ചെയ്തിരുന്നെങ്കിൽ, അതൊന്ന് അങ്ങനെ ആയിരുന്നെങ്കിൽ, അല്ലായിരുന്നെങ്കിൽ, തുടങ്ങിയ കോപം, ഖേദം, കഷ്ടത, എന്നിവ വിളിച്ചറിയിക്കുന്ന പ്രയോഗങ്ങൾ. ഇത്തരം അങ്കലാപ്പ് പൈശാചികതക്ക് തുടക്കം കുറിക്കലാണ്.
15. അല്ലാഹുവേ നീ ഉദ്ദേശിച്ചെങ്കിൽ എനിക്ക് പൊറുത്ത് തരേണമേ, എന്ന നിബന്ധനയുള്ള പ്രാർത്ഥന. [21]

## ദുർനടപ്പുകാരുടേയും, കപടന്മാരുടേയും കൂടെയിരിക്കൽ

ഈമാൻ ഉള്ളിൽ ഉറക്കാത്ത ഒട്ടനവധിയാളുകൾ തെമ്മാടിത്തവും, നെറികേടും തൊഴിലാക്കി മാറ്റിയവരുമായി കൂടിയിരിക്കുവാൻ കൂട്ടാക്കാറുണ്ട്.. മാത്രമല്ല, ചിലപ്പോൾ ശരീഅത്തിനെ കുത്തിപ്പറയുന്ന ദീനിനേയും ദീനീവക്താക്കളേയും പരിഹസിക്കുന്നവരുമായിപ്പോലും. ഇത്തരം നില

[21] ഈ വിഷയ സംബന്ധമായി കൂടുതൽ അറിയാനാഗ്രഹിക്കുന്നവർ ശൈഖ് ബക്കർ അബൂസയ്ദിൻെറ `മുഅ്ജമുൽ മനാഹി അല്ലഫ്ദിയ്യ' നോക്കേണ്ടതാണ്.

പാടുകൾ നിസ്സംശയം നിഷിദ്ധവും വിശ്വാസം വികലമാക്കുന്നതുമത്രെ. അല്ലാഹു പറയുന്നു.:

وَإِذَا رَأَيْتَ الَّذِينَ يَخُوضُونَ فِي آيَاتِنَا فَأَعْرِضْ عَنْهُمْ حَتَّى يَخُوضُواْ فِي حَدِيثٍ غَيْرِهِ وَإِمَّا يُنسِيَنَّكَ الشَّيْطَانُ فَلاَ تَقْعُدْ بَعْدَ الذِّكْرَى مَعَ الْقَوْمِ الظَّالِمِينَ

“നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റുവല്ല വർത്തമാനങ്ങളിലും പ്രവേശിക്കുന്നത് വരെ നീ അവരിൽനിന്ന് തിരിഞ്ഞ് കളയുക. ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ച് കളയുന്ന പക്ഷം ഓർമ്മ വന്നതിന് ശേഷം അക്രമികളായ ആളുകളുടെ കൂടെ നീ ഇരിക്കരുത്.” [വി.ക്വു. 6:68]

ഇത്തരക്കാർ എത്ര അടുപ്പമുള്ളവരായാലും സഹവാസത്തിൽ സഹൃദയരായാലും വാചാലവശ്യതയുള്ളവരായാലും അവരോട് കൂട്ട് കൂടാവതല്ല. അവരുടെ ദുർനടപ്പിനെതിരെ മൗനഭാജനവും തൃപ്തിയും പാടുള്ളതല്ല.

മറിച്ച് അവരുടെ തിന്മയെ എതിർക്കുകയും പ്രബോധനം നടത്തുകയും, നിരർത്ഥകത തടുക്കുകയുംവേണം. അതിന് അവരുടെ കൂടെ ഇരിക്കാം.

അല്ലാഹു പറയുന്നു:

...فَإِن تَرْضَوْاْ عَنْهُمْ فَإِنَّ اللّهَ لاَ يَرْضَى عَنِ الْقَوْمِ الْفَاسِقِينَ

**“......ഇനി നിങ്ങൾക്ക് അവരെപ്പറ്റി തൃപ്തിയായാൽ തന്നേയും അല്ലാഹു അധർമ്മകാരികളായ ജനങ്ങളെപ്പറ്റി തൃപ്തിപ്പെടുകയില്ല. തീർച്ച.”** [വി.ക്വു. 9:96]

# നമസ്ക്കാരത്തിൽ അടക്കവും ഒതുക്കവും ഒഴിവാക്കൽ

നമസ്ക്കാരത്തിൽ നടത്തുന്ന കട്ടുചാട്ടമാണ് പെരും കള്ളത്തരം. റസൂലുല്ലാഹി ﷺ പറയുന്നു:

((أَسْوَأُ النَّاسِ سَرِقَةً الَّذِي يَسْرِقُ مِنْ صَلاَتِهِ. قَالُوا: يَارَسُولَ الله وَكَيْفَ يَسْرِقُ مِنْ صَلاَتِهِ ؟ قَالَ :لاَ يَتِمُّ رُكُوعَهَا وَسُجُودَهَا ))

(നമസ്ക്കാരത്തിലുള്ള കള്ളത്തരമാണ് ഏറ്റവും വലിയ കളവ്. അവർ(സ്വഹാബികൾ) ചോദിച്ചു: നമസ്ക്കാരത്തിലെ

ങ്ങനെയാണ് കളവ് ? നബിﷺ പറഞ്ഞു: റുക്കൂളും സുജൂദും പൂർണ്ണമായി നിർവ്വഹിക്കാതിരിക്കൽ.) [22]

നമസ്ക്കാരത്തിൽ അടങ്ങിപ്പാർക്കാതിരിക്കൽ, റുക്കൂഇലും സുജൂദിലും മുതുക് നേരെ ഉറപ്പിക്കാതിരിക്കൽ, ഇഅ്ത്തിദാലിൽ നേരെ നിവരാതിരിക്കൽ, ഇരുത്തത്തിൽ നേരേചൊവ്വേ ഇരിക്കാതിരിക്കൽ തുടങ്ങിയ വീഴ്ചകളെല്ലാം മിക്ക പള്ളികളിലും ആബാലവൃദ്ധം ജനങ്ങളിലും കണ്ട് വരുന്നതാണ്. തുമഅ്നീനത്ത് അഥവാ നമസ്ക്കാരത്തിൽ അടക്കവും ഒതുക്കവും നമസ്ക്കാരത്തിൻെറ റുകുനാകുന്നു.

റുകുനുപേക്ഷിച്ചാൽ നമസ്ക്കാരം ശരിയാവുകയില്ല. എങ്കിൽ കാര്യം എത്ര ഗൗരവമാണ് ? നബിﷺ പറഞ്ഞു:

(( لاَ تُجْزِئُ صَلاَةُ الرَجُلِ حَتَى يُقِيمَ ظَهْرَهُ فِي الرُكُوعِ وَالسُجُودِ ))

(റുകൂഇലും സുജൂദിലും മുതുക് നേരെയാക്കുന്നത് വരെ നമസ്ക്കാരം ശരിയാവുകയില്ല.) [23]

അതിനാൽതന്നെ യാതൊരു മര്യാദയുമില്ലാതെ നമസ്ക്കാരത്തിൽ പൊടുന്നനെ കുമ്പിട്ട് നിവരുന്ന പ്രവണത അധിക്ഷേപാർഹവും ഭീഷണാർഹവുമാണ്.

അബൂ അബ്ദുല്ല അൽ അശ്അരിﷺ പറയുന്നു:

---

[22] അഹ്മദ് 5:310, അൽബാനി, സ്വഹീഹുൽ ജാമിഅ്: 997

[23] അബൂദാവൂദ്1:533, അൽബാനി, സ്വഹീഹുൽജാമിഅ്: 7224

صَلَّى رَسُولُ اللهِ صلّى الله عليه وسلّم بِأَصْحَابِهِ ثُمَّ جَلَسَ فِي طَائِفَةٍ مِنْهُمْ ، فَدَخَلَ رَجُلٌ فَقَامَ يُصَلِّي ، فَجَعَلَ يَرْكَعُ وَيَنْقُرُ فِي سُجُودِهِ . فَقَالَ النَّبِيُّ صَلَّى الله عليه وسلّم:

(( أَتَرَوْنَ هَذَا ؟ مَنْ مَاتَ عَلَى هَذَا مَاتَ عَلَى غَيْرِ مِلَّةِ مُحَمَّدٍ ، يَنْقُرُ صَلاَتَهُ كَمَا يَنْقُرُ الْغُرَابُ الدَمَ ، إِنَّمَا مَثَلُ الَّذِي يَرْكَعُ وَيَنْقُرُ فِي سُجُودِهِ كَالْجَائِعِ لاَ يَأْكُلُ إِلاَّ التَمْرَةَ وَالتَمْرَتَيْنِ ، فَمَاذَا تُغْنِيَانِ عَنْهُ ؟! ))

(അല്ലാഹുവിന്റെ റസൂൽ ﷺ അവിടത്തെ സ്വഹാബികളുമായി നമസ്ക്കരിച്ചശേഷം അവരിൽ ഒരു വിഭാഗത്തോടൊപ്പമിരുന്നു. അപ്പോൾ ഒരാൾ പ്രവേശിക്കുകയും നിന്ന് നമസ്ക്കാരം തുടങ്ങുകയും ചെയ്തു. തുടർന്ന് റുകൂഅ് ചെയ്യുകയും സുജൂദിൽ പക്ഷികൾ കൊത്തിപ്പെറുക്കും പ്രകാരം പൊടുന്നനെ കുമ്പിട്ട് നിവരുകയും ചെയ്തു. അപ്പോൾ പ്രവാചകൻ ﷺ പറഞ്ഞു: ഇത് നിങ്ങൾ കണ്ടുവോ? വല്ലവനും ഈ രീതിയിലാണ് മരിക്കുന്നതെങ്കിൽ മുഹമ്മദ് ﷺ ന്റെ മില്ലത്തിലല്ല അവൻ മരണമടഞ്ഞത്. നമസ്ക്കാരത്തിൽ കാക്ക രക്തം കൊത്തിപ്പെറുക്കുന്നത് പോലെയാണ് അവൻ പെറുക്കുന്നത്. റുകൂഅ് ചെയ്യുകയും സുജൂദിൽ കൊത്തിപ്പെറുക്കുംപോലെ പെട്ടെന്ന് കുമ്പിട്ട് നിവരുകയും ചെയ്യുന്നവൻ ഒന്നോ രണ്ടോ കാരക്ക തിന്ന് വിശപ്പടക്കുന്ന വിശന്ന് അവശനായവനെപ്പോലെയാണ്. ആ

കാരക്കകൾ വിശപ്പിൽ നിന്ന് അവന് എത്രമാത്രം ധന്യത പകരും.?! ) [24]

സയ്ദുബ്നു വഹബ്ﷺവിൽനിന്നുള്ള ഒരു ഹദീസിൽ അദ്ദേഹം പറയുന്നു:

( رَأَى حُذَيْفَةُ رَجُلاً لاَ يُتِمُّ الرُّكُوعَ وَالسُّجُودَ قَالَ : " مَا صَلَّيْتَ وَلَوْ مِتَّ مِتَّ عَلَى غَيْرِ الْفِطْرَةِ الَّتِي فَطَرَ اللهُ مُحَمَّداً ﷺ )

(റുകൂഉും, സുജൂദും പൂർണ്ണമായിചെയ്യാത്ത ഒരാളെ ഹുദൈഫാﷺ കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: താങ്കൾ നമസ്ക്കരിച്ചിട്ടില്ല. താങ്കൾ മരിച്ചാൽ മുഹമ്മദ്ﷺയെ അല്ലാഹു ഏത് പ്രകൃതിയിലാക്കിയോ ആ ശുദ്ധപ്രകൃതിയിലല്ല നിങ്ങളുടെ മരണം.) [25]

നമസ്ക്കാരത്തിൽ ത്വുമഅ്നീനത്ത് ഉപേക്ഷിച്ചവൻ അതിൻെറ വിധി മനസ്സിലാക്കിയാൽ ആസന്നമായ സമയത്തെ ഫർള് നമസ്ക്കാരം മടക്കി നിർവ്വഹിക്കണം. മുമ്പ് കഴിഞ്ഞ് പോയത് മടക്കി നമസ്ക്കരിക്കേണ്ടതില്ല. എല്ലാത്തിനും അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങണം. മടക്കി നമസ്ക്കരിക്കണം എന്നതിന് തെളിവ് നബിﷺയുടെ വാക്കാണ്.

(( اِرْجِعْ فَصَلِّ فَإِنَّكَ لَمْ تُصَلِّ ))

(നീ മടങ്ങിച്ചെന്ന് വീണ്ടും നമസ്ക്കരിക്കുക കാരണം നീ നമസ്ക്കരിച്ചിട്ടില്ല.)

24 ഇബ്നു ഖുസൈമ 1:332, സിഫത്സ്വലാത്തുന്നബി 131
25 ബുഖാരി. ഫത്ഹുൽബാരി 2:274

# നമസ്ക്കാരത്തിൽ വേണ്ടാത്തരങ്ങളും അധികരിച്ച ചലനങ്ങളും.

...وَقُومُواْ لِلّهِ قَانِتِينَ

"......അല്ലാഹുവിൻെറ മുന്നിൽ ഭക്തിയോടുകൂടി നിന്നു കൊണ്ടാകണം നിങ്ങൾ പ്രാർത്ഥിക്കേണ്ടത്.."

[വി.ക്വു. 2:238]

قَدْ أَفْلَحَ الْمُؤْمِنُونَ الَّذِينَ هُمْ فِي صَلَاتِهِمْ خَاشِعُونَ

"തങ്ങളുടെ നമസ്ക്കാരത്തിൽ ഭക്തിയുള്ള വിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു." [വി.ക്വു. 23:1-2]

വിശുദ്ധവചനങ്ങളുടെ അകക്കാമ്പ് അറിയാത്തവരും അല്ലാഹുവിൻെറ ആജ്ഞകൾ അനുവർത്തിക്കാത്തവരും ആപതിക്കുന്ന അപകടാവസ്ഥയിലൊന്നാണ് നമസ്ക്കാരത്തിൽ കാട്ടിക്കൂട്ടുന്ന വേലത്തരങ്ങൾ. സുജൂദിൻെറ സ്ഥലത്ത് മണ്ണ്ശരിപ്പെടുത്താമോ എന്ന് നബിﷺയോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു:

((لاَ تَمْسَحْ وَأَنْتَ تُصَلِّي،فَإِنْ كُنْتَ لاَبُدَّ فَاعِلاً فَوَاحِدَةً تَسْوِيَةَ الْحَصَى ))

(താങ്കൾ നമസ്ക്കാരത്തിലായിരിക്കെ ഭൂമി തടവി ശരിപ്പെടുത്തരുത്. ഇനി അനിവാര്യമാണെങ്കിൽ ചരലിൽ ഒരു തവണ മാത്രം തടവാം.) [26]

ഉലമാക്കൾ നമസ്ക്കാരത്തിലുള്ള അധികരിച്ച അനാവശ്യ അനക്കങ്ങൾ നമസ്ക്കാരത്തെ തന്നെ നിഷ്ഫലമാക്കുമെന്ന അഭിപ്രായം പ്രകടിപ്പിക്കവെ, അല്ലാഹുവിന് മുമ്പിൽ ആരാധനയിലായിരിക്കെ വിരൽ മൂക്കിൽ തിരുമ്മിയും, വസ്ത്രം നേരെയാക്കിയും, വാച്ചിൽ നോക്കിയും, തന്റെ ദൃഷ്ടി നഷ്ടപ്പെടുമെന്നും നമസ്ക്കാരത്തിൽനിന്ന് പിശാച് തന്നെ തട്ടിയെടുക്കുമെന്നുമുള്ള ഭയലേശ്യമന്യേ വലത്തോട്ടോ ഇടത്തോട്ടോ മാനത്തേക്കോ നോക്കിയും, വേണ്ടാത്തരങ്ങൾ ചെയ്യുന്നവരുടെ കാര്യം എത്രമാത്രം ഗൗരവമാണ് !

## മനഃപ്പൂർവ്വം ഇമാമിനെ മുൻകടക്കൽ.

ധൃതി മാനുഷിക പ്രകൃതിയാണ്. അല്ലാഹു പറയുന്നു.

... وَكَانَ الإِنسَانُ عَجُولاً

"......മനുഷ്യൻ ഏറെ തിടുക്കം കൂട്ടുന്നവനായിരിക്കുന്നു."

[വി.ക്വു. 17:11]

നബിﷺ പറഞ്ഞു:(( التَأَنِّي مِنَ اللهِ وَالْعَجَلَةُ مِنَ الشَيْطَانِ ))

[26] അബൂദാവൂദ് 1/581 അൽബാനി, സ്വഹീഹുൽജാമിഅ്: 7452

(സാവകാശം അല്ലാഹുവിൽനിന്നും ധൃതി പിശാചിൽ നിന്നു മാണ്.) [27]

സംഘടിത നമസ്ക്കാരത്തിൽ റുകൂഇലും സുജൂദിലും ഇമാമിൻെറ ഓരോ ചലനങ്ങളിലും മാത്രമല്ല സലാം വീട്ടു മ്പോൾപ്പോലും കൂസലൊന്നും കൂടാതെ പിന്നിൽനിന്ന് നമ സ്ക്കരിക്കുന്നവൻ തൻെറ പാർശ്വങ്ങളിൽ നമസ്ക്കരിക്കു ന്നവരിലും തന്നിൽ തന്നേയും ഇമാമിനെ മുൻകടക്കുന്ന പ്രവണത പൊതുവേ കണ്ടുവരാറുണ്ട്. ഗൗനിക്കാതെ പ്ര വർത്തിക്കുന്ന ഇത്തരം തെറ്റിനെതിരെ ശക്തമായ താക്കീ തെന്നോണം നബിﷺ പറഞ്ഞു:

(( أَمَا يَخْشَى الَّذِي يَرْفَعُ رَأْسَهُ قَبْلَ الْإِمَامِ أَنْ يُحَوِّلَ اللهُ رَأْسَهُ رَأْسَ حِمَارٍ ))

(ഇമാമ് തല ഉയർത്തുന്നതിന് മുമ്പ് തല ഉയർത്തുന്നവൻ തൻെറ തലയെ അല്ലാഹു കഴുതയുടെ തലയാക്കി മാറ്റു ന്നത് ഭയപ്പെടുന്നില്ലേ ? ) [28]

നസ്ക്കാരത്തിലേക്ക് വരുന്നതുപോലും ശാന്തതയോ ടും സമാധാനത്തോടും കൂടിയാവണമെന്ന ആജ്ഞ ഉണ്ടാ യിരിക്കെ നമസ്ക്കാരത്തിലേക്ക് പ്രവേശിച്ചാൽ പിന്നെ ശാ ന്തതയും സമാധാനവും എത്ര മാത്രമായിരിക്കണം. ?

വളരെ പിന്നിലുള്ളവർക്ക് ഇമാമിൻെറ ചലനങ്ങൾ കാണാത്തതിൽ ആശയക്കുഴപ്പം ഉണ്ടാവാറുണ്ട്. കർമ്മശാ

---

[27] ബയ്ഹഖി 10:104, അൽബാനി, സിൽസില സ്വഹീഹ:1795

[28] മുസ്ലിം 1:320-321

സ്ത്ര പണ്ഡിതന്മാർ ഒരു നിയന്ത്രണമെന്നോണം പറയുന്നത് ഏതൊരു ചലനത്തിലും ഇമാം തക്ബീർ ചൊല്ലി തീർന്ന ശേഷം ഇമാമിനെ പിൻതുടരുക. ഇമാം "അല്ലാഹു അക്ബർ" എന്ന് പറഞ്ഞ് തീരും മുൻപ് ആരും മുന്തിച്ച് പ്രവർത്തിക്കരുത്. പറഞ്ഞ് തീർന്നാൽ പിന്തിപ്പിക്കുകയും വേണ്ട.

സച്ചരിതരായ സ്വഹാബികൾ നബിﷺയെ മുൻകടന്ന് പ്രവർത്തിക്കാതിരിക്കാൻ അതീവ തൽപ്പരരായിരുന്നു.

ബറാഅ് ഇബ്നു ആസിബ് ؓ പറയുന്നു:

( إِنَّهُمْ كَانُوا يُصَلُّونَ خَلْفَ رَسُولِ اللهِ ﷺ فَإِذَا رَفَعَ رَأْسَهُ مِنَ الرُّكُوعِ لَمْ أَرَ أَحَداً يَحْنِي ظَهْرَهُ حَتَى يَضَعَ رَسُولُ اللهِ ﷺ جَبْهَتَهُ عَلَى ٱلأَرْضِ ، ثُمَّ يَخِرُّ مَنْ وَرَاءَهُ سُجَّداً )

(അവർ സ്വഹാബികൾ റസൂലുള്ളാഹിﷺയുടെ പിന്നിൽ നമസ്ക്കരിക്കുമ്പോൾ ഇഅ്തിദാലിൽനിന്ന് റസൂൽﷺ തൻെറ നെറ്റിത്തടം മണ്ണിൽ വെക്കുന്നത്വരെ അവർ സുജൂദിലേക്ക് മുതുക് കുനിക്കാറുണ്ടായിരുന്നില്ല.

(റസൂൽﷺ സുജൂദിലായാൽ) അവരെല്ലാവരും സുജൂദ് ചെയ്യും.) [29]

നബിﷺക്ക് വാർധക്യം പ്രാപിക്കുകയും ചലനങ്ങളിൽ മാന്ദ്യം അനുഭവപ്പെടുകയും ചെയ്തപ്പോൾ തൻെറ പിന്നിലുള്ളവരെ ഉണർത്തിക്കൊണ്ടദ്ദേഹം പറഞ്ഞു:

((أَيُّهَا النَّاسُ إِنِّي قَدْ بَدِنْتُ فَلاَ تَسْبِقُونِي بِالرُّكُوعِ وَالسُّجُودِ ))

---

[29] മുസ്ലിം 474-ാം ഹദീസ്.

(ജനങ്ങളെ എനിക്ക് വാർദ്ധക്യം പൂണ്ടു. അതിനാൽ റുകൂഇലും സുജൂദിലും നിങ്ങൾ എന്നെ മുൻക്കടക്കരുത്.) [30]

ഇമാം നമസ്ക്കാരത്തിൽ പ്രവാചകചര്യക്കനുസരിച്ച് തക്ബീർ ചൊല്ലുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. അബൂ ഹുറൈയ്റ ﵁വിൽനിന്ന് റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ വന്നിരിക്കുന്നു.:

(( كَانَ رَسُولُ اللهِ ﷺ إِذَا قَامَ إِلَى الصَلاَةِ يُكَبِّرُ حِينَ يَقُومُ ، ثُمَّ يُكَبِّرُ حِينَ يَرْكَعُ ، ثُمَّ يُكَبِّرُ حِينَ يَهْوِي ، ثُمَّ يُكَبِّرُ حِينَ يَرْفَعُ رَأْسَهُ ، ثُمَّ يُكَبِّرُ حِينَ يَسْجُدُ ، ثُمَّ يُكَبِّرُ حِينَ يَرْفَعُ رَأْسَهُ ، ثُمَّ يَفْعَلُ ذَلِكَ فِي الصَلاَةِ كُلِّهَا حَتَى يَقْضِيَهَا ، وَيُكَبِّرُ حِينَ يَقُومُ مِنَ الثِنْتَيْنِ بَعْدَ الْجُلُوس ))

(റസൂലുള്ളാഹി ﷺ നമസ്ക്കരിക്കാനുദ്ദേശിച്ചാൽ നിൽക്കുമ്പോൾ തക്ബീർ ചൊല്ലും പിന്നെ റുകൂഅ് ചെയ്യുമ്പോഴും, റുകൂഇൽനിന്ന് തലഉയർത്തുമ്പോഴും, സുജൂദിലേക്ക് കുനിയുമ്പോഴും സുജൂദിൽനിന്ന് തലയുയർത്തുമ്പോഴും, റസൂൽ ﷺ തക്ബീർ അഥവാ الله أكبر ചൊല്ലുമായിരുന്നു. ഇ പ്രകാരം നമസ്ക്കാരം തീരുന്നത് വരെ ചെയ്യും. രണ്ടാമ

---

[30] ബയ്ഹഖി 2:93 (അൽബാനി ഹദീസ് ഹസനാണെന്ന് പറഞ്ഞിരിക്കുന്നു. `ഇർവാഉൽ ഗലീൽ' 2:290)

ത്തെ റക്അത്തിൽ ഇരുത്തത്തിന് ശേഷം എഴുന്നേൽക്കുമ്പോൾ തക്ബീർ ചൊല്ലാറുണ്ടായിരുന്നു.) [31]

ഇമാം തൻെറ ചലനത്തിന് അനുസൃതമായും അനുബന്ധമായും الله أكـبر പറയുകയും മഅ്മൂമ് മുകളിൽ വിവരിച്ചപ്രകാരം തൻെറ പ്രവർത്തനത്തിൽ നിഷ്ട പാലിക്കുകയും ചെയ്യുന്നപക്ഷം നമസ്ക്കാരത്തിലുണ്ടാവേണ്ട സംഘടിതഭാവം സഫലമായി.

# ദുർഗന്ധങ്ങൾ പേറി പള്ളിയിലെത്തൽ

അല്ലാഹു പറഞ്ഞു:

يَا بَنِي آدَمَ خُذُواْ زِينَتَكُمْ عِندَ كُلِّ مَسْجِدٍ ...

"ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്കലങ്കാരമായുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക..." [വി:ക്വു:7:31]

ജാബിർﷺവിൽനിന്ന് ഉദ്ധരിക്കുന്ന ഹദീസിൽ അദ്ദേഹം പറയുന്നു: അല്ലാഹുവിൻെറ റസൂൽﷺ പറഞ്ഞു:

(( مَنْ أَكَلَ ثُوماً أَوْ بَصَلاً فَلْيَعْتَزِلْنَا . أَوْ قَالَ : فَلْيَعْتَزِلْ مَسْجِدَنَا وَلْيَقْعُدْ فِي بَيْتِهِ ))

(വെളുത്തുള്ളിയൊ, ചുവന്നുള്ളിയൊ ഭക്ഷിക്കുന്നവൻ നമ്മളിൽ നിന്നും (അല്ലെങ്കിൽ നബിﷺ പറഞ്ഞു.) നമ്മുടെ പള്ളികളിൽ

[31] ബുഖാരി.

നിന്നും വിട്ട് മാറികൊള്ളട്ടെ, അവൻ അവന്റെ വീട്ടിലിരുന്നുകൊള്ളട്ടെ ) [32]

ഇമാം മുസ്‌ലിം ﵁ വിന്റെ മറ്റൊരു റിപ്പോർട്ടിൽ:

(( مَنْ أَكَلَ الْبَصَلَ وَالثُّومَ والكُرَّاثَ فَلاَ يَقْرَبَنَّ مَسْجِدَنَا ؛ فَإِنَّ الْمَلآئِكَةَ تَتَأَذَّى مِمَّا يَتَأَذَّى مِنْهُ بَنُو آدَمَ ))

(ഉള്ളിയോ, വെള്ളുള്ളിയോ, ഉള്ളിപ്പുല്ലോ തിന്നവൻ നമ്മുടെ പള്ളിയെ സമീപിക്കരുത്. മനുഷ്യർക്ക് ക്ലേശമുണ്ടാക്കുന്നത് മലക്കുകൾക്കും ക്ലേശമുണ്ടാക്കുന്നതാണ്.)[33]

ഉമർ﵁ വെള്ളിയാഴ്ച ജുമുഅ ഖുതുബ നിർവ്വഹിക്കവെ ഇപ്രകാരം പറഞ്ഞു:

( ثُمَّ إِنَّكُمْ أَيُّهَا النَّاسُ ، تَأْكُلُونَ شَجَرَتَيْنِ لاَ أَرَاهُمَا إِلاَّ خَبِيثَتَيْنِ : هَذَا البَصَلَ والثُومَ ، لَقَدْ رَأَيْتُ رَسُولَ اللهِ ﷺ إِذَا وَجَدَ رِيحَهُمَا مِنَ الرَجُلِ فِي المَسْجِدِ أُمِرَ بِهِ فَأُخْرِجَ إِلَى الْبَقِيعِ ، فَمَنْ أَكَلَهُمَا فَلْيُمِتْهُمَا طَبْخاً )

"ജനങ്ങളേ, നിങ്ങൾ ഉള്ളിയും വെളുത്തുള്ളിയും തിന്നുന്നു. ഞാനാവട്ടെ, അത് ദുർഗന്ധം വമിക്കുന്നതായി അറിയുകയും ചെയ്യുന്നു. തീർച്ചയായും അല്ലാഹുവിന്റെ റസൂൽ ﷺ പള്ളിയിൽ ആരിലെങ്കിലും അതിന്റെ വാസന കണ്ടാൽ

---

[32] ബുഖാരി. (ഫത്ഹുൽ ബാരി 2:339 നോക്കുക)

[33] മുസ്‌ലിം 1:395

അവനെ പുറത്താക്കാൻ കൽപ്പിക്കുമായിരുന്നു. നിങ്ങളിലാരെങ്കിലും ഉള്ളിയോ വെളുത്തുള്ളിയോ ഭക്ഷിക്കുന്നുവെങ്കിൽ വേവിച്ച് അതിൻെറ വാസന കളയുക." [34]

സോക്സുകളിൽനിന്നും കക്ഷങ്ങളിൽനിന്നും ദുർഗന്ധം വമിക്കുമാറ് ജോലികളിൽനിന്ന് നേരിട്ട് പള്ളികളിലെത്തുന്നവരും ഈ ഗണത്തിലാണ്.

മുകളിൽ പറഞ്ഞ എല്ലാറ്റിനേക്കാളും അതിക്ഷിപ്തമാണ് അല്ലാഹുവിൻെറ അടിയാറുകളായ നമസ്ക്കാരക്കാരേയും മലക്കുകളേയും ദ്രോഹിക്കാൻ പള്ളിയിലെത്തുന്ന പുകവലിവീരന്മാർ.

## വ്യഭിചാരം

ജീവൻേറയും അഭിമാനത്തിൻേറയും സുരക്ഷ ഇസ്ലാമിക ശരീഅത്തിൻെറ ഉദ്ദിഷ്ടലക്ഷ്യമായതിനാൽ തന്നെ പരസ്ത്രീ ഗമനം പാടെ നിഷിദ്ധമാക്കി.

അല്ലാഹു പറഞ്ഞു:

وَلاَ تَقْرَبُواْ الزِّنَى إِنَّهُ كَانَ فَاحِشَةً وَسَاء سَبِيلاً

"നിങ്ങൾ വ്യഭിചാരത്തെ സമീപിച്ച് പോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗ്ഗവുമാകുന്നു. " [വി.ക്വു. 17 :32]

---

[34] മുസ്ലിം 1: 396, 332 (ഇവിടെ അൽബാനിയുടെ സ്വിഫതു സ്വലാത്തിന്നബി നോക്കുക. പേജ് :131)

മാത്രമല്ല പരസ്ത്രീയുമായി ഒഴിഞ്ഞിരിക്കൽ തടഞ്ഞും, ദൃഷ്ടി താഴ്ത്തുവാനും ഹിജാബ് അണിയുവാനും കൽപ്പിച്ചും മറ്റും വ്യഭിചാരത്തിലേക്ക് കൂപ്പ്കുത്താൻ കാരണമാകുന്ന സാധ്യതകളേയും മാർഗ്ഗങ്ങളേയും ഇസ്ലാം കൊട്ടിയടച്ചു.

വിവാഹിതനാണ് വ്യഭിചരിക്കുന്നതെങ്കിൽ കഠിനവും നിന്ദ്യവുമായ ശിക്ഷയാണവന്. അഥവാ താൻ ചെയ്ത കുറ്റത്തിൻെറ രുചി നുണഞ്ഞപോലെ വേദനപൂണ്ട് ഇഞ്ചിഞ്ചായി കൊല്ലപ്പെടുന്നത് വരെ അവൻ കല്ലുകൾകൊണ്ട് എറിയപ്പെടും. അവിവാഹിതനാണെങ്കിലോ നൂറടിയും കുറ്റം ചെയ്ത ഭൂമിയിൽനിന്ന് ഒരു വർഷം നാട് കടത്തലും, താൻ ശിക്ഷിക്കപ്പെടുന്നതിന് സാക്ഷികളാവുന്ന വിശ്വാസികളാൽ അവന്ന് വന്ന് ഭവിക്കുന്ന അതിക്ഷിപ്തതയും അവന് ശിക്ഷയാണ്.

വ്യഭിചാരികളായ ആണും പെണ്ണും മരണാനന്തരം ഖബറിൽ വച്ച് ശിക്ഷിക്കപ്പെടുക അവരെ പൂർണ്ണ നഗ്നരാക്കി താഴെ തീയൂട്ടി അടിഭാഗം വീതികൂടിയതും മുകൾഭാഗം വീതികുറഞ്ഞതുമായ അടുപ്പിൽ പ്രവേശിപ്പിച്ചാണ്. തീ ജ്വലിച്ചാൽ അവർ ആർത്തട്ടഹസിച്ച് പുറത്ത് കടക്കും വിധം മേൽപ്പോട്ട് ഉയരും. പൊടുന്നനെ തീയണയുകയും വീണ്ടും അവരതിലേക്ക് മടക്കപ്പെടുകയും ചെയ്യും. അന്ത്യനാൾ സംഭവിക്കുംവരെ ഈ ശിക്ഷ തുടർന്നു കൊണ്ടേയിരിക്കും.

കാലാധിക്യംപൂണ്ട് ക്വബറിലേക്ക് കാലെടുത്തുവച്ച കാമവെറിയന്മാരാണ് ഈ ദുർനടപ്പ് തുടരുന്നതെങ്കിൽ ജുകുപ്സാവഹമാണ് കാര്യം.

അബൂഹുറയ്റ ﵁ വിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ ഇപ്രകാരം കാണാം.

((ثَلاَثَةٌ لاَ يُكَلِّمُهُمْ اللهُ يَوْمَ الْقِيَامَةِ ، وَلاَ يُزَكِّيهِمْ وَلاَ يَنْظُرُ إِلَيْهِمْ وَلَهُمْ عَذَابٌ أَلِيمٌ: شَيْخٌ زَانٍ ، وَمَلِكٌ كَذَّابٌ ، وَعَائِلٌ مُسْتَكْبِرٌ ))

(മൂന്ന് പേർ, അല്ലാഹു അവരോട് അന്ത്യനാളിൽ സംസാരിക്കുകയോ അവരെ സംസ്ക്കരിക്കുകയോ, അവരിലേക്ക് (സ്നേഹ കാരുണ്യത്താൽ) നോക്കുകയോ ഇല്ല. അവർക്ക് വേദനിക്കുന്ന ശിക്ഷയുണ്ട്. വൃദ്ധനായ വ്യഭിചാരി, നുണയനായ നാടുവാഴി, അഹങ്കാരിയായ അന്ന്യാശ്രയക്കാരൻ.) [35]

വ്യഭിചാരിണി വ്യഭിചാരത്തിന് പകരം പറ്റുന്ന പണം സമ്പാദ്യങ്ങളിൽ ഏറ്റവും ദുഷിച്ചതും. രഹസ്യാവയവങ്ങൾ കൊണ്ട് സമ്പാദിക്കുന്നവൾ പാതിരാത്രിയിലുള്ള പ്രാർത്ഥനക്ക് ഉത്തരം നിഷേധിക്കപ്പെട്ടവളുമാകുന്നു. [36] ഇല്ലായ്മയും വല്ലായ്മയുമൊന്നും അല്ലാഹു നിശ്ചയിച്ച പരിധികൾ ചീന്തിയെറിയാനുള്ള ഒഴികിഴിവുകളല്ല. പണ്ട് പഴമൊഴി പറയാറുണ്ട്: സ്വതന്ത്ര സ്ത്രീ മുലകൊണ്ട് പശിയടക്കാറില്ല പിന്നയല്ലേ വ്യഭിചരിച്ച്?

സംഭവ ബാഹുല്യമായ വർത്തമാന കാലം, നീചകൃത്യങ്ങളിലേക്ക് കവാടങ്ങൾ മലർക്കെതുറക്കപ്പെട്ടിരിക്കുന്നു. പിശാചുക്കളും പൈശാചികരും മാർഗ്ഗങ്ങൾ തരപ്പെടുത്തിയിരിക്കുന്നു. തരവഴിക്കാരും താന്തോന്നികളും ചെകുത്താ

---

[35] മുസ്ലിം 11102-103

[36] അൽബാനി, സ്വഹീഹുൽ ജാമിഅ് : 2971

നെ പിൻതുടർന്നതോടെ നഗ്നതാ പ്രദർശനവും, സ്ത്രീകളുടെ അഴിഞ്ഞാട്ടവും, കട്ട് നോട്ടങ്ങളും, സ്ത്രീ-പുരുഷ കൂടിക്കലരലുകളും വ്യാപകമായിരിക്കുന്നു. സെക്സ് സിനിമകളും മഞ്ഞമാസികകളും നെറികേടിൻെറ നാടുകളിലേക്ക് വിസിറ്റും എങ്ങുമെങ്ങുമായി. ദുർനടപ്പിൻെറ കച്ചവടച്ചന്ത നിലവിൽവന്നിരിക്കുന്നു. അഭിമാനങ്ങൾ അമിതമായി ചീന്തിയെറിയപ്പെടുകയും, പിതൃത്വം നഷ്ടപ്പെട്ട മക്കൾ പെരുകുകയും, ഭ്രൂണഹത്യ വർദ്ധിക്കുകയും ചെയ്തിരിക്കുന്നു.

അല്ലാഹുവേ, ഞങ്ങൾ നിന്നോട് നിൻെറ കാരുണ്യവും നിൻെറ ആർദ്രതയും പരിരക്ഷയും തേടുന്നു. തെറ്റ് കുറ്റങ്ങളിൽനിന്നും നീചവൃത്തികളിൽനിന്നും നീ ഞങ്ങളെ സംരക്ഷിക്കേണമേ, ഞങ്ങുടെ ഗുഹ്യഭാഗങ്ങൾക്ക് സംരക്ഷണവും ഹൃദയങ്ങൾക്ക് സംശുദ്ധിയും നൽകേണമേ, ഞങ്ങൾക്കും നിഷിദ്ധങ്ങൾക്കുമിടയിൽ ഒരു മറയും ശക്തമായ ഒരു തടസ്സവും നീ ഉണ്ടാക്കേണമേ...,

## സ്വവർഗ്ഗരതി

പുരുഷന്മാരെ സമീപിക്കലായിരുന്നു ലൂത്ത്സമൂഹത്തിൻെറ കുറ്റകൃത്യം.

അല്ലാഹു പറയുന്നു. :

وَلُوطًا إِذْ قَالَ لِقَوْمِهِ إِنَّكُمْ لَتَأْتُونَ الْفَاحِشَةَ مَا سَبَقَكُم بِهَا مِنْ أَحَدٍ مِّنَ الْعَالَمِينَ أَئِنَّكُمْ لَتَأْتُونَ الرِّجَالَ وَتَقْطَعُونَ السَّبِيلَ وَتَأْتُونَ فِي نَادِيكُمُ الْمُنكَرَ فَمَا كَانَ جَوَابَ قَوْمِهِ إِلَّا

أَن قَالُوا ائْتِنَا بِعَذَابِ اللَّهِ إِن كُنتَ مِنَ الصَّادِقِينَ

**“**ലൂത്തിനേയും (ദൂതനായി അയച്ചു) തൻെറ ജനതയോട് അദ്ദേഹം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു.) തീർച്ചയായും നിങ്ങൾ നീചകൃത്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് മുൻപ് ലോകരിൽ ഒരാളും അത് ചെയ്യുകയുണ്ടായില്ല. നിങ്ങൾ കാമനിർവൃതിക്കായി പുരുഷന്മാരുടെ അടുത്ത് ചെല്ലുകയും (പ്രകൃതിപരമായ) മാർഗ്ഗം ലംഘിക്കുകയും നിങ്ങളുടെ സദസ്സിൽ വെച്ച് നിഷിദ്ധവൃത്തി ചെയ്യുകയുമാണോ? അപ്പോൾ അദ്ദേഹത്തിൻെറ ജനത മറുപടിയൊന്നും നൽകുകയുണ്ടായില്ല; ‘നീ സത്യവാന്മാരുടെ കൂട്ടത്തിലാണെങ്കിൽ അല്ലാഹുവിൻെറ ശിക്ഷ നീ ഞങ്ങൾക്ക് കൊണ്ടുവാ’ എന്ന് അവർ പറഞ്ഞതല്ലാതെ**”**

[വി:ക്വു:29 :28-29]

ജുകുപ്സാവഹമായ ഈ കാമനിർവൃതിയുടെ അറുവഷളത്തരവും അതിക്ഷിപ്തതയും അപകടവും കാരണത്താൽ അല്ലാഹു ആ കാമവെറിയന്മാരെ നാലിനം ശിക്ഷാമുറകൾ കൊണ്ട് മുൻ മാതൃകയില്ലാത്ത വിധം ശിക്ഷിച്ചു.

1. അവരുടെ കാഴ്ച്ച കെടുത്തി
2. അവരേയും നാടിനേയും കീഴ്മേൽ മറിച്ചു.
3. അട്ടിയട്ടിയായി ചൂളവെച്ച ഇഷ്ടിക കല്ലുകൾ കൊണ്ട് അവരുടെ മേൽ വർഷിപ്പിച്ചു.
4. ഘോരമായ ശബ്ദം ശിക്ഷയായി അവരിലേക്കയച്ചു.

ഇസ്ലാമിക ശരീഅത്തിൻെറ ശിക്ഷാ നിയമപ്രകാരം സ്വവർഗ്ഗഭോഗം നടത്തിയവനും നടത്തപ്പെട്ടവൻ; സ്വേച്ഛ പ്രകാരവും തൃപ്തിയോടെയുമാണെങ്കിൽ അവനും വാളാൽ വധിക്കപ്പെടണമെന്നാണ് പണ്ഡിതന്മാരുടെ പ്രബല

അഭിപ്രായം. ഇബ്നുഅബ്ബാസ്ﷺവിൽ നിന്ന് ഉദ്ധരിക്കുന്ന ഹദീസിൽ ഇപ്രകാരം കാണാം.

(( مَنْ وَجَدْتُمُــوهُ يَعْــمَلُ عَمَلَ قَوْمِ لُوطٍ فَاقْتُلُوا الفَاعِلَ والْمَفْعُولَ بِهِ ))

(നിങ്ങളിലാരെങ്കിലും ഒരാൾ മറ്റൊരാളെ സ്വവർഗ്ഗരതിക്കിരയാക്കുന്നത് കണ്ടാൽ ചെയ്തവനേയും ചെയ്യപ്പെട്ടവനേയും കൊല്ലുക.) [37]

വർത്തമാന കാലം കണ്ട പകർച്ചവ്യാധികളും പൂർവ്വകാലത്ത് അപരിചിതമായ എയ്ഡ്സ് പോലുള്ള മാരകരോഗങ്ങളും മൂകസാക്ഷികളായി നിൽക്കെ നിയാമകനായ അല്ലാഹു നിശ്ചയിച്ച യുക്തി ഭദ്രമായ ഈ ശിക്ഷയുടെ യുക്തി വെളിപ്പെടുന്നു.

## ഭർത്താവിനോട് ഭാര്യ കിടപ്പറയിൽ വിസമ്മതം കാണിക്കൽ.

അബൂഹുറയ്റﷺവിൽനിന്ന് നിവേദനം, നബിﷺ പറഞ്ഞു.:

(( إِذَا دَعَا الرَجُلُ امْرَأَتَهُ إِلَى فِرَاشِهِ فَأَبَتْ فَبَاتَ غَضْبَانَ عَلَيْهَا، لَعَنَتْهَا الْمَلاَئِكَةُ حَتَى تُصْبِحَ ))

(ഒരാൾ തൻെറ ഭാര്യയെ വിരിപ്പിലേക്ക് ക്ഷണിച്ചിട്ട് അവൾ വിസമ്മതം പ്രകടിപ്പിക്കുകയും, ഭർത്താവ് അവളോട് ദേഷ്യപ്പെട്ടുകൊണ്ട് ആ രാവ് കഴിച്ചു കൂട്ടുകയും ചെയ്താൽ

---

[37] അഹ്മദ് 1:300, അൽബാനി, സ്വഹീഹുൽ ജാമിഅ്: 6565

നേരം പുലരുംവരെ മലക്കുകൾ അവളെ ശപിച്ചുകൊണ്ടിരിക്കും.)[38]

ഭാര്യ-ഭർത്താക്കന്മാർ തമ്മിലുണ്ടാവുന്ന സൗന്ദര്യപ്പിണക്കങ്ങൾ കാരണം പല സ്ത്രീകളും കിടപ്പറയിലെ ഭർത്താവിൻെറ അവകാശമായ സംയോഗത്തിൽ വിസമ്മതം കാട്ടാറുണ്ട്. ഭർത്താവ് ഹറാമായ കവാടങ്ങൾ മുട്ടാനും അത് പോലെ മറ്റ് കുഴപ്പങ്ങളുണ്ടാവാനും ഇത് കാരണമാവും. മാത്രമല്ല ചിലപ്പോൾ മറ്റൊരു വിവാഹന്വേഷണത്തിന് അവൻ തയ്യാറാവുകയും ചെയ്യും. അതിനാൽ ഭാര്യ, പ്രവാചകൻെറ വാക്ക് ശിരസ്സാ വഹിച്ച് ഭർത്താവിൻെറ കൽപ്പനക്ക് പൊടുന്നനെ ഉത്തരം ചെയ്യൽ നിർബന്ധമാണ്.

നബി ﷺ പറയുന്നു.:

(( إِذَا دَعَا الرَجُلُ اِمْرَأَتَهُ إِلَى فِرَاشِهِ فَلْـــتُجِبْ وَإِنْ كَانَتْ عَلَى ظَهْرِ قَتْبٍ ))

(ഒരാൾ തൻെറ വിരിപ്പിലേക്ക് ഭാര്യയെ ക്ഷണിച്ചാൽ അവൾ അവന് പൊടുന്നനെ ഉത്തരം നൽകട്ടെ. അവൾ ഒരു ഒട്ടക കട്ടിലിലായാലും ശരി.)[39]

പിണക്കങ്ങൾ ഇല്ലാതാക്കാനും ഇണക്കങ്ങൾ നിത്യമാക്കാനും, രോഗിയായ, ഗർഭിണിയായ, കഷ്ടതയുള്ള ഭാര്യയെ പ്രത്യേകം പരിഗണിക്കൽ ഭർത്താവിൻേറയും ചുമതലയാണ്.

---

[38] ബുഖാരി (ഫത്ഹുൽ ബാരി 6:314)

[39] സവാഇദുൽ ബസ്സാർ 2:181 (സ്വഹീഹുൽ ജാമിഅ് 547)

## ഭർത്താവിനോട് അകാരണമായി വിവാഹമോചനം ആവശ്യപ്പെടൽ

നേരിയ ഒരു പിണക്കം, അല്ലെങ്കിൽ ആവശ്യപ്പെട്ട പണം കിട്ടിയില്ല തുടങ്ങിയ നിസ്സാരകാരണങ്ങളാൽ പല സ്ത്രീകളും ഭർത്താക്കന്മാരോട് കെട്ട് തീർക്കുവാൻ ആവശ്യപ്പെടുന്നതിൽ ആർജ്ജവം കാണിക്കാറുണ്ട്. വല്ലപ്പോഴും കുഴപ്പകാരികളായ അയൽക്കാരിൽനിന്നോ കുടുംബക്കാരിൽനിന്നോ പ്രേരിതയായിരിക്കും അവൾ. ചില സ്ത്രീകൾ 'നീ ആണാണെങ്കിൽ ചൊല്ലടാ ത്വലാഖ്' എന്നിങ്ങനെ ഭർത്താക്കന്മാരെ വികാര വിജ്രംഭിതരാക്കുന്ന വെല്ലുവിളികൾ വരെ മുഴക്കാറുണ്ട്. ഫലമാകട്ടെ കൂടും ബഛിദ്രതകളും, കുട്ടികൾ കൂട്ടംതെറ്റി അനാഥരാവൽ തുടങ്ങിയ കുഴപ്പങ്ങളും അതിനെത്തുടർന്നുണ്ടാകും. വൈകിയെത്തുന്ന വിവേകം അവൾക്കൊരു നേട്ടവും ചെയ്യുകയില്ലന്ന് മാത്രമല്ല അവൾ തീരാദുഃഖത്തിലുമായിരിക്കും. ഇത്തരം ദൂഷ്യഫലങ്ങളെ മുൻനിർത്തിയാൽ ഇസ്‌ലാം, ശറഇയായ കാരണമില്ലാതെ ഭാര്യ ഭർത്താവിനോട് മൊഴി ചൊല്ലാൻ ആവശ്യപ്പെടുന്ന സമ്പ്രദായം നിരോധിച്ചതിലെ യുക്തി എത്ര മാത്രമാണെന്ന് വെളിപ്പെടും. ഥൗബാൻ﵁വിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഹദീസിൽ ഇപ്രകാരം നബിﷺ പറഞ്ഞതായി കാണാം.:

(( أَيُّمَا امْرَأَةٍ سَأَلَتْ زَوْجَهَا الطَّلَاقَ مِنْ غَيْرِ مَا بَأْسٍ فَحَرَامٌ عَلَيْهَا رَائِحَةُ الْجَنَّةِ ))

(അന്യായമായി ഭർത്താവിനോട് കെട്ട് തീർക്കാനാവശ്യപ്പെടുന്ന ഏത് സ്ത്രീക്കും സ്വർഗ്ഗത്തിൻെറ പരിമളം പോലും നിഷിദ്ധമാണ്.) [40]

ഉഖ്ബതു ബ്നു ആമിർﷺവിൽനിന്നുള്ള മറ്റൊരു ഹദീസിൽ:

(( إِنَّ الْمُخْتَلِعَاتِ وَالْمُنْتَزِعَاتِ هُنَّ الْمُنَافِقَاتُ ))

(നിശ്ചയം, ഭർത്താവിനെ അന്യായമായി ഖുൽഅ് ചെയ്യുകയും ത്വലാഖ് നിർബന്ധിച്ച് വാങ്ങുകയും ചെയ്യുന്ന സ്ത്രീകളാണ് കപടവിശ്വാസിനികൾ.) [41]

എന്നാൽ ഭർത്താവ് നമസ്ക്കാരം ഉപേക്ഷിക്കുക, മയക്കുമരുന്നിനും മദ്യപാനത്തിനും അടിമയാവുക, ഭാര്യയെ ഹറാമായ പ്രവർത്തിചെയ്യാൻ നിർബന്ധിക്കുക, പീഡിപ്പിക്കുക, അവളുടെ ദീനിയായ അവകാശങ്ങൾ തടയുക തുടങ്ങി ശറഇയായ കാരണങ്ങൾ ഉണ്ടാവുകയും ഉപദേശങ്ങൾ ഉപകരിക്കാതിരിക്കുകയും രജ്ഞിപ്പിനുള്ള ശ്രമങ്ങൾ നിഷ്ഫലമാവുകയും ചെയ്താൽ സ്വശരീരത്തേയും ആദർശത്തേയും കാത്ത് സൂക്ഷിക്കുവാൻ ഭാര്യക്ക് ത്വലാഖ് ചോദിക്കാവുന്നതാണ്.

## ളിഹാർ

[40] അഹ്മദ് 5 :277, അൽബാനി, സ്വഹീഹുൽ ജാമിഅ്: 2703

[41] ത്വബ്റാനി, മുഅ്ജമുൽകബീർ 17:339, അൽബാനി, സ്വഹീഹുൽ ജാമിഅ്: 1934

'ഇനി മുതൽ നീ എനിക്ക് എന്റെ ഉമ്മായുടെ മുതുകുപോലെ നിഷിദ്ധമാകുന്നു.' അല്ലെങ്കിൽ `നീയുമായുള്ള ലൈംഗികബന്ധം എനിക്ക് എന്റെ സഹോദരിയുമായുള്ള ലൈംഗികബന്ധംപോലെ നിഷിദ്ധമാകുന്നു.' എന്നിത്തരം പ്രഖ്യാപനങ്ങളിലൂടെ ഒരാൾ തന്റെ ഭാര്യയുമായുള്ള ലൈംഗികബന്ധം വിഛേ്ഛദിക്കുന്ന സമ്പ്രദായമായ ളിഹാർ സമൂഹത്തിൽ ഇന്ന് പ്രചരിച്ചതും പഴയ അജ്ഞാനകാലത്തെ പ്രയോഗവുമാണ്. സ്ത്രീ സമൂഹത്തോടുള്ള അനീതിയുടെ കവാടം കൊട്ടിയടക്കാൻ ഇത്തരം അറുവഷളൻ പദപ്രയോഗങ്ങളെ നിന്ദ്യമായി ചിത്രീകരിച്ച്കൊണ്ട് അല്ലാഹു പറഞ്ഞു:

الَّذِينَ يُظَاهِرُونَ مِنكُم مِّن نِّسَائِهِم مَّا هُنَّ أُمَّهَاتِهِمْ إِنْ أُمَّهَاتُهُمْ إِلَّا اللَّائِي وَلَدْنَهُمْ وَإِنَّهُمْ لَيَقُولُونَ مُنكَرًا مِّنَ الْقَوْلِ وَزُورًا وَإِنَّ اللَّهَ لَعَفُوٌّ غَفُورٌ

"നിങ്ങളുടെ കൂട്ടത്തിൽ തങ്ങളുടെ ഭാര്യമാരെ മാതാക്കൾ ക്ക് തുല്യമായി പ്രഖ്യാപിക്കുന്നവർ (അബദ്ധമാകുന്നു ചെ യ്യുന്നത്) അവർ (ഭാര്യമാർ) അവരുടെ മാതാക്കളല്ല. അവ രുടെ മാതാക്കൾ അവരെ പ്രസവിച്ച സ്ത്രീകളല്ലാതെ മറ്റാ രുമല്ല. തീർച്ചയായും അവർ നിഷിദ്ധമായ വാക്കും അസ ത്യവുമാണ് പറയുന്നത്, തീർച്ചയായും അല്ലാഹു അധികം മാപ്പ് നൽകുന്നവനും പൊറുക്കുന്നവനുമാകുന്നു. "

[വി.ക്വു. 58 :2]

റമളാനിന്റെ പകലിൽ ഭാര്യയുമായി ബന്ധപ്പെട്ടാലും അബദ്ധത്തിൽ അന്യരെ വധിച്ചാലുമുള്ള പ്രായശ്ഛിത്തത്തിന് സമാനവും കഠിനവുമായ പ്രായശ്ചിത്തമാണ്

ശരീഅത്ത് ളിഹാറിൽ നിശ്ചയിച്ചത്. ഈ പ്രായശ്ചിത്തം നൽകിയാലല്ലാതെ ളിഹാർ ചെയ്ത ഭർത്താവ് ഭാര്യയുമായി ബന്ധപ്പെടാൻ പാടില്ല. അല്ലാഹു പറയുന്നു.

وَالَّذِينَ يُظَاهِرُونَ مِن نِّسَائِهِمْ ثُمَّ يَعُودُونَ لِمَا قَالُوا فَتَحْرِيرُ رَقَبَةٍ مِّن قَبْلِ أَن يَتَمَاسَّا ذَلِكُمْ تُوعَظُونَ بِهِ وَاللَّهُ بِمَا تَعْمَلُونَ خَبِيرٌ فَمَن لَّمْ يَجِدْ فَصِيَامُ شَهْرَيْنِ مُتَتَابِعَيْنِ مِن قَبْلِ أَن يَتَمَاسَّا فَمَن لَّمْ يَسْتَطِعْ فَإِطْعَامُ سِتِّينَ مِسْكِينًا ذَلِكَ لِتُؤْمِنُوا بِاللَّهِ وَرَسُولِهِ وَتِلْكَ حُدُودُ اللَّهِ وَلِلْكَافِرِينَ عَذَابٌ أَلِيمٌ

“തങ്ങളുടെ ഭാര്യമാരെ മാതാക്കൾക്ക് തുല്യമായി പ്രഖ്യാപിക്കുകയും, പിന്നീട് തങ്ങൾ പറഞ്ഞതിൽനിന്ന് മടങ്ങുകയും ചെയ്യുന്നവർ, അവർ പരസ്പരം സ്പർശിക്കുന്നതിന് മുമ്പായി ഒരു അടിമയെ മോചിപ്പിക്കേണ്ടതാണ്. അത് നിങ്ങൾക്ക് നൽകപ്പെടുന്ന ഉപദേശമാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു. ഇനി വല്ലവനും (അടിമയെ) ലഭിക്കാത്ത പക്ഷം, അവർ പരസ്പരം സ്പർശിക്കുന്നതിന് മുമ്പായി തുടർച്ചയായി രണ്ട് മാസക്കാലം നോമ്പനുഷ്ടിക്കേണ്ടതാണ്. വല്ലവനും (അത്) സാധ്യമാകാത്തപക്ഷം അറുപത് അഗതികൾക്ക് ആഹാരം നൽകേണ്ടതാണ്. അത് അല്ലാഹുവിലും അവന്റെ ദൂതനിലും നിങ്ങൾ വിശ്വസിക്കാൻ വേണ്ടിയത്രെ. അവ അല്ലാ

ഹുവിന്റെ പരിധികളാകുന്നു. സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷയുണ്ട്. ” [വി.ക്വു. 58 :3-4]

## ആർത്തവകാലത്ത് ഭാര്യയുമായി ലൈംഗിക ബന്ധത്തിലേർപ്പെടൽ.

അല്ലാഹു പറഞ്ഞു:

وَيَسْأَلُونَكَ عَنِ الْمَحِيضِ قُلْ هُوَ أَذًى فَاعْتَزِلُواْ النِّسَاء فِي الْمَحِيضِ وَلاَ تَقْرَبُوهُنَّ حَتَّى يَطْهُرْنَ ...

“ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക, അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവകാലത്ത് നിങ്ങൾ സ്ത്രീകളിൽനിന്ന് അകന്ന് നിൽക്കേണ്ടതാണ് അവർ ശുദ്ധിയാകുന്നത് വരെ അവരെ സമീപിക്കുവാൻ പാടില്ല......” [വി.ക്വു. 2 :222]

സ്ത്രീ അശുദ്ധിക്കാലം കഴിഞ്ഞ് ശുദ്ധിക്കാലത്തേക്ക് പ്രവേശിക്കുകയും കുളിക്കുകയും ചെയ്താൽ മാത്രമാണ് അവളുമായി സംയോഗം അനുവദിക്കപ്പെടുകയുള്ളു.

അല്ലാഹു പറയുന്നു.:

...فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمُ اللّهُ ...

"…….എന്നാൽ അവർ ശുചീകരിച്ചു കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപ്പിച്ചവിധത്തിൽ അവരുടെ അടുത്ത് ചെന്നു കൊള്ളുക…….." [വി.ക്യു. 2 :222]

തന്റെ ഭാര്യ ആർത്തവക്കാരിയായിരിക്കെ അവളുടെ ഗുഹ്യഭാഗത്ത് ലൈംഗിക സുഖമാസ്വദിക്കുന്നതിലെ നെറികേട് എത്രമാത്രമെന്ന് വിളിച്ചറിയിക്കുന്ന ഒരു പ്രവാചക തിരുമൊഴി ശ്രദ്ധിക്കുക:

( مَنْ أَتَى حَائِضاً أَوْ امْرَأَةً فِي دُبُرِهَا أَوْ كَاهِناً فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمَّدٍ ﷺ )

(ഒരാൾ ആർത്തവക്കാരിയായ ഭാര്യയേയോ, അല്ലെങ്കിൽ ഭാര്യയുടെ മലദ്വാരത്തേയോ, മാരണക്കാരനേയോ, സമീപിക്കുന്നപക്ഷം അവൻ മുഹമ്മദ്ﷺക്ക് അവതരിപ്പിച്ചതിൽ അവിശ്വസിച്ചിരിക്കുന്നു.) [42]

ആരെങ്കിലും അബദ്ധത്തിൽ അറിയാതെയാണ് ആർത്തവക്കാരിയുമായിട്ട് ബന്ധത്തിലേർപ്പെടുന്നതെങ്കിൽ അവന് പ്രായശ്ചിത്തമില്ല. എന്നാൽ ബോധത്തോടും അറിവോടും കൂടിയാണെങ്കിൽ ചില പണ്ഡിതാഭിപ്രായ പ്രകാരം അവന് പ്രായശ്ചിത്തം നിർബന്ധമാണ്. അത് എത്രമാത്രമാണെന്നതിൽ ഭിന്നാഭിപ്രായമുണ്ട്. അതിപ്രകാരം സംഗ്രഹിക്കാം:

1. ഒരു ദിനാർ അല്ലെങ്കിൽ അരദിനാർ.

---

[42] തിർമിദി 1:243 അൽബാനി, സ്വഹീഹുൽ ജാമിഅ് :5918

**2. ആർത്തവത്തിൻെറ തുടക്കത്തിലാണ് ബന്ധപ്പെടുന്ന തെങ്കിൽ ഒരു ദീനാർ പ്രായശ്ചിത്തം നൽകണം. ഇനി ആർത്തവത്തിൻെറ അവസാനത്തിലോ കുളിക്കുന്നതിൻെറ മുൻപോ ആണ് ബന്ധപ്പെടുന്നതെങ്കിൽ അരദീനാർ നൽ കണം.** [43]

**(ഒരു ദീനാർ 4.25 ഗ്രാം സ്വർണ്ണമാകുന്നു.) അത്രയും സ്വ ർണ്ണം ദാനംചെയ്യുകയോ അല്ലെങ്കിൽ ആ സ്വർണ്ണം മൂല്യ നിർണ്ണയം നടത്തി സംഖ്യ ദാനം നൽകിയാലും മതി. .)**

# സ്ത്രീകളെ മലദ്വാരത്തിലൂടെ സമീപിക്കൽ.

ചില ദുർബല വിശ്വാസികൾ നിസ്സങ്കോചം ഭാര്യമാ രുടെ മലദ്വാരത്തിലൂടെ ബന്ധപ്പെടാറുണ്ട്. ഇത് മഹാ പാപവും അത്തരക്കാരെ അല്ലാഹുവിൻെറ റസൂൽﷺ ശപി ക്കുകയും ചെയ്തിരിക്കുന്നു. അബൂഹുറയ്റ(റ) റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ നബിﷺ പറയുന്നു.:

(( مَلْعُونٌ مَنْ أَتَى اِمْرَأَةً فِي دُبُرِهَا ))

(ഭാര്യയുടെ മലദ്വാരത്തിലൂടെ ബന്ധപ്പെടുന്നവൻ ശപിക്ക പ്പെടുമാറാകട്ടെ,)[44]

---

[43] ഭാര്യയുമായി ബന്ധപ്പെടുന്നത് ആർത്തവരക്തം തുടങ്ങുന്ന കാലത്താകട്ടെ അവസാനിക്കുന്ന കാലത്താകട്ടെ പ്രായശ്ചിത്ത മായി ഒരു ദിനാറോ അര ദിനാറോ നൽകേണ്ടതാണ്. (ഇബ്നു ബാസ്.)

[44] അഹ്മദ് 2:479 അൽബാനി, സ്വഹീഹുൽ ജാമിഅ് :5895

മാത്രമല്ല. റസൂൽﷺ വീണ്ടും പറയുന്നു. :

(( مَنْ أَتَى حَائِضاً أَوْ اِمْرَأَةً فِي دُبُرِهَا أَوْ كَاهِناً فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمَّدٍ ﷺ ))

(ഒരാൾ ആർത്തവക്കാരിയേയോ, മലദ്വാരത്തിലൂടെ ഭാര്യയേയോ, ജ്യോൽസ്യനേയോ സമീപിക്കുന്ന പക്ഷം അവൻ മുഹമ്മദ് നബിﷺക്ക് അവതരിപ്പിച്ച മതത്തിൽ അവിശ്വസിച്ചിരിക്കുന്നു.) [45]

സംശുദ്ധകളും ശുദ്ധപ്രകൃതിക്കാരുമായ സ്ത്രീകൾ ഇത്തരം നീച ചെയ്തികൾക്ക് വിസമ്മതം പ്രകടിപ്പിച്ചാൽ പലരും മൊഴി ചൊല്ലുമെന്ന് ഭീഷണി മുഴക്കാറുണ്ട്. ലജ്ജയാൽ ചോദിച്ചറിയുവാൻ വിസമ്മതിക്കുന്ന ഭാര്യമാരെ ദീനീപരമായി ഇതെല്ലാം ഹലാലാണെന്ന് പറഞ്ഞ് ചിലർ ചതിയിലൂടെ ലക്ഷ്യങ്ങൾ നേടാറുണ്ട്.

نِسَآؤُكُمْ حَرْثٌ لَّكُمْ فَأْتُوا۟ حَرْثَكُمْ أَنَّى شِئْتُمْ ...

“നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇച്ഛരിക്കുംവിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലാവുന്നതാണ്...” [വി:ക്വു:2:223]

എന്ന ആയത്തിൻെറ തെളിവ് പറഞ്ഞാണ് ഇക്കാര്യം ഹലാലാക്കുന്നത്. യഥാർത്ഥത്തിൽ മുകളിൽ പറഞ്ഞ ആയത്തിൻെറ വിവക്ഷ നബിﷺ വ്യക്തമാക്കിയിട്ടുണ്ട്. ഈ ആയത്ത് വിവരിച്ച പ്രവാചകൻ ഉദ്ദേശം വ്യക്തമാക്കികൊണ്ട് പറഞ്ഞു: മുൻഭാഗത്തിലൂടെയും പിൻഭാഗത്തിലൂടെയും സ്ത്രീകളെ സുഖഭോഗത്തിന് സമീപിക്കാം പക്ഷേ, സംയോ

[45] തിർമിദി 1: 243 അൽബാനി, സ്വഹീഹുൽ ജാമിഅ് :5918

ഗം മുൻദ്വാരത്തിൽ മാത്രം, ആയത്തിൽ വിവരിച്ച വിളവെടുപ്പ് സന്താനലബ്ധിയാണ്. കുഞ്ഞ് പെറ്റുവീഴുന്നത് മുൻദ്വാരത്തിലൂടെയാണ്.

ഇത്തരം കുറ്റകൃത്യങ്ങൾക്ക് കാരണമാകുന്നത്, പാവനമായ ദാമ്പത്യജീവിതത്തിലേക്ക് ജാഹിലിയത്തിൻെറ പൈതൃകമായ നിഷിദ്ധ-നീച സമ്പ്രദായങ്ങളുടെയും, മനസ്താപലേശമന്യേ കണ്ടുകൊണ്ടിരിക്കുന്ന സെക്സ് സിനിമകളിൽനിന്ന് കൊണ്ടുപിടിച്ച നിറഞ്ഞ സ്മരണകളുടേയും കടന്നുകയറ്റമാണ്. ഈ കൃത്യം നിഷിദ്ധമെന്നതിൽ സംശയമില്ല. ഭാര്യാഭർത്താക്കന്മാർ പരസ്പരം തൃപ്തിപ്പെട്ടാലും അല്ലെങ്കിലും. പരസ്പരതൃപ്തി ഒരു ഹറാമിനെ ഹലാലാക്കുകയില്ലല്ലോ?

# ഭാര്യമാർക്കിടയിൽ അനീതി കാണിക്കൽ

ഒരാൾ ഒന്നിലധികം ഭാര്യമാരുണ്ടായിരിക്കെ അവർക്കിടയിൽ നീതികാണിക്കണമെന്ന് കൽപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു.:

وَلَن تَسْتَطِيعُواْ أَن تَعْدِلُواْ بَيْنَ النِّسَاء وَلَوْ حَرَصْتُمْ فَلاَ تَمِيلُواْ كُلَّ الْمَيْلِ فَتَذَرُوهَا كَالْمُعَلَّقَةِ وَإِن تُصْلِحُواْ وَتَتَّقُواْ

فَإِنَّ اللّهَ كَانَ غَفُورًا رَّحِيمًا

“നിങ്ങൾ എത്ര തന്നെ ആഗ്രഹിച്ചാലും ഭാര്യമാർക്കിടയിൽ തുല്യനീതി പാലിക്കാൻ നിങ്ങൾക്കൊരിക്കലും സാധിക്കില്ല. അതിനാൽ നിങ്ങൾ (ഒരാളിലേക്ക്) പൂർണ്ണ

മായും തിരിഞ്ഞു കൊണ്ട് മറ്റവളെ കെട്ടിയിട്ടവളെപ്പോലെ വിട്ടേക്കരുത്. നിങ്ങൾ (പെരുമാറ്റം) നന്നാക്കിത്തീർക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്ന പക്ഷം അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധി യുമാകുന്നു. " [വി.ക്വു. 4:129]

രാവുകൾ പങ്കിടൽ, വസ്ത്രങ്ങൾ, ചിലവുകൾ തുടങ്ങിയവയിലാണ് നീതിബോധം. ഹൃദ്യമായസ്നേഹവായ്പിൽ നീതിപാലിക്കാനാവില്ല. ബഹുഭാര്യമാരുണ്ടായിരിക്കേ ഒരാൾക്ക് മാത്രം ചിലവ് നൽകുകയും അവളുമായി മാത്രം കിടപ്പറ പങ്കിടുകയും മറ്റവളെ പാടെ അവഗണിക്കുകയും ചെയ്യൽ നിഷിദ്ധമാണ്. അന്ത്യനാളിൽ അത്തരക്കാരുടെ അവസ്ഥ അബൂഹുറയ്റ ﷺവിൽനിന്നുള്ള ഹദീസിൽ പ്രവാചകൻ ﷺ വിവരിക്കുന്നത് കാണുക. :

(( مَنْ كَانَتْ لَهُ اِمْرَأَتَانِ فَمَالَ إِلَى إِحْدَ اهُمَا جَاءَ يَوْمَ الْقِيَامَةِ وَشِقُّهُ مَائِلٌ ))

(ഒരാൾക്ക് രണ്ട് ഭാര്യമാരുണ്ടാവുകയും ഒരാളിലേക്ക് മാത്രം ചാഞ്ഞ് ജീവിക്കുകയും ചെയ്താൽ അന്ത്യനാളിലവൻ ഒരു ഭാഗത്തേക്ക് ചാഞ്ഞ് കൊണ്ടായിരിക്കും ഹാജറാവുക.)[46]

## അന്യസ്ത്രീയുമായി ഒഴിഞ്ഞിരിക്കൽ

---

46 അബൂദാവൂദ് 2:601, അൽബാനി, സ്വഹീഹുൽജാമിഅ്:6491

ജനങ്ങളെ കുഴപ്പത്തിലാക്കാനും നിഷിദ്ധങ്ങളിൽ നിപതിപ്പിക്കാനും നിതാന്തജാഗ്രതയിലാണ് ചെകുത്താൻ. ഒരു മുന്നറിയിപ്പെന്നോണം അല്ലാഹു പറയുന്നു :

يَا أَيُّهَا الَّذِينَ آمَنُوا لَا تَتَّبِعُوا خُطُوَاتِ الشَّيْطَانِ وَمَن يَتَّبِعْ خُطُوَاتِ الشَّيْطَانِ فَإِنَّهُ يَأْمُرُ بِالْفَحْشَاء وَالْمُنكَرِ ...

"സത്യവിശ്വാസികളെ, പിശാചിന്റെ കാൽപ്പാടുകളെ നിങ്ങൾ പിൻപറ്റരുത്. വല്ലവനും പിശാചിന്റെ കാൽപ്പാടുകൾ പിൻപറ്റുന്ന പക്ഷം തീർച്ചയായും അവൻ (പിശാച്) കൽപ്പിക്കുന്നത് നീചവൃത്തിയും ദുരാചാരവും ചെയ്യാനായിരിക്കും..." [വി.ക്വു. 24:21]

മനുഷ്യശരീരത്തിൽ രക്തചംക്രമണം കണക്കെ പിശാചും ചലിക്കും. പിശാച് പടച്ചുവെക്കുന്ന റൂട്ടുകളിലൊന്നാണ് പരസ്ത്രീയുമായി ഒഴിഞ്ഞിരിക്കൽ.

അല്ലാഹുവിന്റെ റസൂൽ ﷺ മാകട്ടെ ആ റൂട്ടിന്റെ കവാടം കൊട്ടിയടച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:

(( لاَ يَخْلُوَنَّ رَجُلٌ بِامْرَأَةٍ إِلاَّ كَانَ ثَالِثَهُمَا الشَّيْطَانُ ))

(ഒരു പുരുഷനും അന്യസ്ത്രീയുമായി ഒറ്റപ്പെടുകയില്ല, മൂന്നാമനായി പിശാച് ഉണ്ടായിട്ടല്ലാതെ) [47]

ഇബ്നു ഉമർ ؓ നിന്ന് റിപ്പോർട്ട് ചെയ്യുന്ന മറ്റൊരു ഹദീസിൽ നബി ﷺ പറയുന്നു:

---

[47] തിർമിദി 3 :474 മിശ്കാത്തുൽ മസാബീഹ്: 3118

(( لاَ يَدْخُلَنَّ رَجُلٌ بَعْدَ يَوْمِي هَذَا عَلَى مُغِيبَةٍ إِلاَّ مَعَهُ رَجُلٌ أَوْ اثْنَانِ))

(എൻെറ ഈ ദിവസത്തിന് ശേഷം ഒന്നോ രണ്ടോ ആൾ കൂട്ടിനില്ലാതെ ഒരാളും ഒരന്യസ്ത്രീയുടെ അടുക്കൽ പ്രവേശിക്കരുത്.) [48]

മുകൾപ്പെറ്റ ഹദീസുകളുടെ വെളിച്ചത്തിൽ ഒരാൾക്കും തൻെറ സഹോദരഭാര്യയുടെ കൂടെയോ, വീട്ടുടമക്ക് ഭൃത്യയുടെ കൂടെയോ, രോഗിക്ക് ഡോക്ടറുടെ കൂടെയോ, അത്പോലെ അന്ന്യർ ആരായാലും അവരുടെ കൂടെയോ ഒറ്റപ്പെടാൻ പാടില്ല. അത് വീട്ടിലാകട്ടെ, റൂമിലാകട്ടെ, വാഹനത്തിലാകട്ടെ എവിടെയായാലും. സ്വയം വിശ്വാസമർപ്പിച്ചും മറ്റുള്ളവരാൽ നിർഭയത്വം കണ്ടും, പലരും ഇക്കാര്യം ഗൗരവത്തിലെടുക്കാറില്ല. അതിനാൽതന്നെ അവിടെനിന്നങ്ങോട്ട് വ്യഭിചാരവും വ്യഭിചാരത്തിന് വളംവെക്കുന്ന പ്രവർത്തനങ്ങളും ഉടലെടുക്കുന്നു. ഫലമോ സങ്കരയിനം തറവാടുകളും ഉപ്പയില്ലാത്ത കുറേമക്കളും.

## അന്യസ്ത്രീയുമായി ഹസ്തദാനം ചെയ്യൽ.

ചില സാമൂഹിക സമ്പ്രദായങ്ങളും, ജനകീയ ആചാരങ്ങളും, ദിവ്യ വിധികളേയും മതനിയമങ്ങളേയും മറികടന്നപ്പോൾ സമൂഹത്തിൽ നാമ്പെടുത്ത ഒരു തിന്മയാണ് പര

[48] മുസ്ലിം 4:1711

സ്ത്രീകൾക്ക് ഹസ്തദാനം. താങ്കൾ ഒരു ഉപദേശകൻെറ റോളിൽ ഇത്തരം തിന്മകളെ തെളിവ് നിരത്തി എതിർത്താലും താങ്കൾ പിന്തിരിപ്പനായും, കുടുംബബന്ധം തകർക്കുന്നവനായും, സദുദ്ദേശത്തിൽ സന്ദേഹമുണ്ടാക്കുന്നവനായും തെറ്റിദ്ധരിക്കപ്പെടാൻ മാത്രം കാര്യം ഗൗരവമായിരിക്കുന്നു. വൈവാഹികബന്ധം നിഷിദ്ധമാക്കപ്പെടാത്ത, ഒളിയുംമറയും ആവശ്യമായവർക്ക് പോലും കൈനീട്ടുന്നത് ഇന്ന് വളരെ നിസ്സാരമായി ഗണിക്കപ്പെടുന്നു. ശറഇൻെറ വീക്ഷണകോണിലൂടെ ഈ കാര്യത്തിൻെറ ഗൗരവം നോക്കികണ്ടിരുന്നെങ്കിൽ പൊടുന്നനെ ഒരു മാറ്റത്തിന് തയ്യാറാവുമായിരുന്നു. നബിﷺ പറഞ്ഞു.:

(( لأَنْ يَطْعَنَ فِي رَأْسِ أَحَدِكُمْ بِمَخِيطٍ مِنْ حَدِيدٍ خَيْرٌ لَّهُ مِنْ أَنْ يَمَسَّ اِمْرَأَةً لاَ تَحِلُّ لَهُ ))

(തനിക്ക് അനുവദനീയമല്ലാത്ത ഒരു സ്ത്രീയെ സ്പർശിക്കുന്നതിനേക്കാൾ ഇരുമ്പിൻെറ സൂചികൊണ്ട് തലയിൽ കുത്തലാകുന്നു അയാൾക്ക് ഉത്തമമായത്.) [49]

കയ്യാലുള്ള വ്യഭിചാരം എന്നാണ് പ്രവാചകൻﷺ അതിനെ വിശേഷിപ്പിച്ചത്.

(( العَيْنَانِ تَزْنِيَانِ، وَالْيَدَانِ تَزْنِيَانِ ، وَالرِّجْلاَنِ تَزْنِيَانِ ، وَالْفَرْجُ يَزْنِي ))

---

[49] ത്വബറാനി20:212, അൽബാനി, സ്വഹീഹുൽജാമിഅ്: 4921

(ഇരുകണ്ണുകളും വ്യഭിചരിക്കും, ഇരുകരങ്ങളും വ്യഭിചരി ക്കും, ഇരുകാലുകളും വ്യഭിചരിക്കും, ഗുഹ്യ സ്ഥാനവും വ്യഭിചരിക്കും.) [50]

പ്രവാചകൻﷺയേക്കാൾ ശുദ്ധഹൃദയനായ മറ്റാരുമി ല്ലതന്നെ. എന്നിട്ടും അദ്ദേഹം പറയുന്നു.:

(( إِنِّي لاَ أُصَافِحُ النِّسَاءَ ))

(ഞാൻ അന്യസ്ത്രീകളുമായി ഹസ്തദാനം ചെയ്യില്ല.)[51]

(( إِنِّي لاَ أَمُسُّ أَيْدِي النِّسَاءِ )) (ഞാൻ അന്യസ്ത്രീകളു ടെ കരങ്ങൾ സ്പർശിക്കുകയില്ല.)[52]

ആയിശാ رضي الله عنها പറയുന്നു.:

( وَلاَ وَاللهِ مَا مَسَّتْ يَدُ رَسُولِ اللهِ ﷺ يَدَ اِمْرَأَةٍ قَطُّ ، غَيْرَ أَنَّهُ يُبَايِعْهُنَّ بِالْكَلاَمِ )

"അല്ലാഹുവാണെ, അല്ലാഹുവിൻെറ റസൂൽﷺയുടെ കരം ഒരു (അന്യ)സ്ത്രീയുടെ കരവുമായും സ്പർശിച്ചിട്ടേയില്ല, തീർച്ച. പക്ഷേ അദ്ദേഹം അവരുമായി സംസാരത്തിലൂടെ യായിരുന്നു ബൈഅത്ത് ചെയ്തിരുന്നത്." [53]

---

[50] അഹ്മദ് 1: 412, അൽബാനി, സ്വഹീഹുൽ ജാമിഅ്.

[51] അഹ്മദ് 6: 357, അൽബാനി, സ്വഹീഹുൽ ജാമിഅ്

[52] ത്വബറാനി, മുഅ്ജമുൽകബീർ 24:342, അൽബാനി, സ്വഹീ ഹുൽ ജാമിഅ് 7054 , ഇസ്വാബ 4: 354

[53] മുസ്ലിം 3: 1489

ഭർതൃസഹോദരന് ഹസ്തദാനം ചെയ്യാത്തതിൻെറ പേരിൽ ഭാര്യമാരെ മൊഴിചൊല്ലുമെന്ന് മേഘ ഗർജ്ജനം മുഴക്കുന്നവർ അല്ലാഹുവിനെ സൂക്ഷിക്കട്ടെ, ഹസ്തദാനം നടത്തുന്ന ഇരുകരങ്ങൾക്കിടയിൽ തുണിയോ മറയോ ഉണ്ടായാൽപോലും ഈ കൃത്യം നിഷിദ്ധമാണെന്ന് പ്രത്യേകം മനസ്സിലാക്കുക.

## സ്ത്രീകൾ സുഗന്ധം പൂശി പുറത്തിറങ്ങലും അന്യർക്കിടയിൽ ഉലാത്തലും

പ്രവാചകൻﷺയിൽനിന്ന് അതിഭീഷണമാം വിധം താക്കീതുണ്ടായിട്ടും വർത്തമാനലോകത്ത് വ്യാപകമായി കണ്ടുകൊണ്ടിരിക്കുന്ന തിന്മയിലൊന്നാണ് സ്ത്രീകൾ വീടു വിട്ടിറങ്ങുമ്പോൾ സുഗന്ധം പൂശൽ. നബിﷺ പറഞ്ഞു.:

(( أَيُّمَا اِمْرَأَةٍ اسْتَعْطَرَتْ ثُمَّ مَرَّتْ عَلَى الْقَوْمِ لِيَجِدُوا رِيحَهَا فَهِيَ زَانِيَةٌ ))

(ഏതൊരു സ്ത്രീയാവട്ടെ സമൂഹം അവളുടെ മണമറിയണമെന്ന ഭാവത്തോടെ സുഗന്ധം പൂശി സമൂഹ മദ്ധ്യത്തിലൂടെ നടക്കുന്നുവോ, അവൾ വ്യഭിചാരിണിയാണ്.) [54]

സ്ത്രീ പള്ളിയിലേക്കാണെങ്കിൽ പോലും വാസനദ്രവ്യമുപയോഗിച്ചവളാണെങ്കിൽ വലിയ അശുദ്ധിയിൽനിന്ന് കുളിക്കുംവിധം കുളിച്ച് വാസന കളഞ്ഞിരിക്കണമെന്ന് കർശന കൽപ്പനയുണ്ടായിരിക്കെ ചില സ്ത്രീകൾ അവഗണനാഭാവത്തിലോ, അശ്രദ്ധയാലോ ഡ്രൈവർമാർ, കച്ചവട

---

[54] അഹ്മദ് 4: 418, അൽബാനി, സ്വഹീഹുൽ ജാമിഅ്: 105

ക്കാർ, സ്കൂൾ സെക്യൂരിറ്റി തുടങ്ങിയവർക്ക് മുന്നിൽ സുഗന്ധം പൂശിയെത്താറുണ്ട്. നബി ﷺ പറഞ്ഞു:

(( أَيُّمَا امْرَأَةٍ تَطَيَّبَتْ ثُمَّ خَرَجَتْ إِلَى الْمَسْجِدِ لِيُوجَدَ رِيحُهَا لَمْ يُقْبَلْ مِنْهَا صَلاَةٌ حَتَى تَغْتَسِلَ اغْتِسَالَهَا مِنَ الْجَنَابَةِ ))

(ഏതൊരു സ്ത്രീയാകട്ടെ, സുഗന്ധം പൂശുകയും, പരിമളം പരത്താൻ പള്ളിയിലേക്ക് പുറപ്പെടുകയുമാണെങ്കിൽ വലിയ അശുദ്ധിയിൽനിന്ന് കുളിക്കുന്നതുപോലെ കുളിച്ച് വാസന കളയുന്നത് വരെ അവളിൽനിന്ന് നമസ്ക്കാരം സ്വീകരിക്കപ്പെടുകയില്ല.) [55]

സ്ത്രീകൾ കല്യാണപ്പാർട്ടികളിലേക്കും, വനിതാ സമാജങ്ങളിലേക്കും പുറപ്പെടാൻ അണിഞ്ഞൊരുങ്ങുമ്പോഴും, അങ്ങാടിയിലും വാഹനങ്ങളിലും, സ്ത്രീ പുരുഷന്മാർ ഇടതൂർന്ന് വിഹരിക്കുമ്പോഴും, റമദാനിന്റെ രാത്രികളിൽ പള്ളികളിൽപ്പോലും, സുഗന്ധവും ഊദുകളും ഉപയോഗിക്കുന്നു. യഥാർത്ഥത്തിൽ സ്ത്രീകൾക്കുള്ള അത്തർ മണമില്ലാത്തതും പുരട്ടിയാൽ നിറമുള്ളതുമാണ്. അല്ലാഹു നമ്മെ സത്പാന്ഥാവിലേക്ക് നയിക്കുമാറാകട്ടെ

# സ്ത്രീകൾ തനിച്ചുള്ള യാത്ര

ഇബ്നു അബ്ബാസ് رضي الله عنه വിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന സ്വഹീഹായ ഹദീസിൽ അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു.:

---

[55] അഹ്മദ് 2:444, അൽബാനി, സ്വഹീഹുൽ ജാമിഅ്: 2703

(( لاَ تُسَافِرِ الْمَرْأَةُ إِلاَّ مَعَ ذِي مَحْرَمٍ ))

(വിവാഹ ബന്ധം നിഷിദ്ധമാക്കപ്പെട്ടവരോടൊപ്പമല്ലാതെ ഒരു സ്ത്രീയും യാത്ര ചെയ്യാവതല്ല.)[56]

പ്രസ്തുത ഹദീസിൻെറ വെളിച്ചത്തിൽ ഹജ്ജ്‌യാത്ര മുതൽ എല്ലാ യാത്രകളും ഇവിടെ ഉൾപ്പെടും. ഏകാകിയായുള്ള സ്ത്രീയുടെ യാത്രയിൽ ദുർനടപ്പുകാർ അവളാൽ വശീകരിക്കപ്പെടാനും അബലയായ അവളുടെ ഉദ്വേഗത്തെ തട്ടിയുണർത്താനും അവിടെ നിന്നങ്ങോട്ട് ചുരുങ്ങിയ പക്ഷം അവളുടെ അഭിമാനത്തിനും അന്തസ്സിനും ക്ഷതമേൽക്കാനും സാധ്യതയുണ്ട്. വ്യോമയാത്രയിൽ ഇവിടെ യാത്ര അയക്കാനും അവിടെ സ്വീകരിക്കാനും ആളുണ്ടെങ്കിൽപോലും ഇതാണവസ്ഥ. ആരായിരിക്കും അവളുടെ കൂടെയിരിക്കുക? വിമാനം മറ്റൊരിടത്ത് ഇറങ്ങുകയോ, നിശ്ചിത സമയത്ത് എത്താതിരിക്കുകയോ, വൈകുകയോ ചെയ്താൽ എന്തായിരിക്കും അവസ്ഥ?

സ്ത്രീയുടെ കൂടെയുള്ള സഹയാത്രികൻ വിവാഹബന്ധം പാടില്ലാത്തവനെന്നതിലുപരി മുസ്ലിമാവുക, പ്രായപൂർത്തിയെത്തുക, ബുദ്ധിയുള്ളവനാകുക, ആണാവുക എന്നീ നിബന്ധനകൾ കൂടിയുണ്ട്.

അല്ലാഹുവിൻെറ റസൂൽ ﷺ പറയുന്നു:

((...أَبُوهَا أَوْ اِبْنُهَا أَوْزَوْجُهَا أَوْ أَخُوهَا أَوْ ذُو مَحْرَمٍ مِنْهَا))

---

[56] അഹ്മദ് 2:444, അൽബാനി, സ്വഹീഹുൽ ജാമിഅ്: 2703

(...അവളുടെ പിതാവോ, മകനോ, ഭർത്താവോ, സഹോദരനോ അല്ലെങ്കിൽ വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ട മറ്റാരെങ്കിലുമൊ.)[57]

## അന്യസ്ത്രീകളിലേക്ക് മനഃപ്പൂർവ്വം നോക്കൽ

അല്ലാഹു പറയുന്നു:

قُل لِّلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ ذَٰلِكَ أَزْكَىٰ لَهُمْ إِنَّ اللَّهَ خَبِيرٌ بِمَا يَصْنَعُونَ

“(നബിയേ) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്ത് സൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. [വി.ക്വു. 24:30] ”

നബിﷺ പറഞ്ഞു.:

(( فَزِنَا العَيْنِ النَّظْرُ ))

(അപ്പോൾ കണ്ണ്കൊണ്ടുള്ള വ്യഭിചാരം നോട്ടമാകുന്നു. അഥവാ അല്ലാഹു അനുവദിക്കാത്തതിലേക്ക്.)[58]

---

[57] മുസ്‌ലിം 2- 977

വിവാഹമന്വേഷിക്കുന്നവൻ പെണ്ണിനെ കാണുന്നതും രോഗിയായ സ്ത്രീയെ ഡോക്ടർ നോക്കുന്നതും പോലുള്ള ശറഇയായ ആവശ്യങ്ങൾക്ക് നോക്കുന്നത് അനുവദനീയമാണ്. എന്നാൽ സ്ത്രീകൾ പരപുരുഷന്മാരിലേക്ക് കുഴപ്പം സൃഷ്ടിക്കുമാറ് നോക്കുന്നതും നിഷിദ്ധമാണ്. അല്ലാഹു പറയുന്നു.:

وَقُل لِّلْمُؤْمِنَاتِ يَغْضُضْنَ مِنْ أَبْصَارِهِنَّ وَيَحْفَظْنَ فُرُوجَهُنَّ...

“നീ സത്യ വിശ്വാസിനികളോട് അവരുടെ ദൃഷ്ടി താഴ്ത്തുവാനും ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുവാനും പറയുക... [വി.ക്വു. 24:31] ....”

അത്പോലെ അരോമഗാത്രരായ യുവാക്കളിലേക്കും സുന്ദരന്മാരിലേക്കും വികാരത്തോടെ നോക്കലും, സ്ത്രീപുരുഷന്മാർ പരസ്പരം നഗ്നതയിലേക്ക് നോക്കലും, ഒരു മറയുണ്ടായാൽപോലും അന്യന്റെ ഗുഹ്യഭാഗം തൊടലും നിഷിദ്ധമാണ്. അയഥാർത്ഥ രൂപങ്ങളെന്ന മട്ടിൽ സിനിമാതിയേറ്ററുകളിലും പത്രമാസികകളിലും പ്രത്യക്ഷപ്പെടുന്ന ചിത്രങ്ങളിലേക്ക് കണ്ണുംനട്ട്കൊണ്ടിരിക്കുന്നത് പൈശാചികതയുടെ വേലത്തരമാണ്. കുഴപ്പം വാരിവിതറുന്നതും, മാനുഷികവികാരത്തെ ഇക്കിളിപ്പെടുത്തുന്നതുമായ മേഖലകൾ ഇതിലെല്ലാം നന്നേ വ്യക്തം.

---

[58] ബുഖാരി.

## ദിയാഥഃ (കൂട്ടിക്കൊടുപ്പ്)

ഇബ്നു ഉമർﷺവിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം.

(( ثَلاَثَةٌ قَدْ حَرَّمَ اللهُ عَلَيْهِمْ الْجَنَّةَ: مُدْمِنُ الْخَمْرِ، وَالْعَاقُّ ، وَالدَّيُّوثُ الَّذِي يُقِرُّ فِي أَهْلِهِ الْخُبُثَ ))

(മൂന്നാളുകൾ, അല്ലാഹു അവർക്ക് സ്വർഗ്ഗലോകം നിഷിദ്ധമാക്കിയിരിക്കുന്നു. മുഴുകുടിയൻ, മാതാപിതാക്കളെ ഉപദ്രവിക്കുന്നവൻ, കുടുംബത്തിൽ ഹീനത പതിവാക്കാൻ കൂട്ടുനിൽക്കുന്ന കുടുംബനാഥൻ.) [59]

ദിയാഥ അഥവാ കുടുംബത്തെ വേണ്ടാവൃത്തിക്ക് കൂട്ടിക്കൊടുക്കൽ ഒരു പഴയ സമ്പ്രദായമാണെങ്കിലും ആധുനികതക്ക് അതിന് പല രൂപങ്ങളുണ്ട്. ഭാര്യക്കും മക്കൾക്കും പരപുരുഷന്മാരുമായി ശൃംഗരിച്ച് സംസാരിക്കാനുള്ള മൗനാനുവാദം. കുടുംബത്തിലെ സ്ത്രീകൾ അന്യ ആണുങ്ങളുമായി ഒഴിഞ്ഞിരിക്കുന്നതും, തനിച്ച് യാത്ര ചെയ്യുന്നതും ഇസ്ലാമികവേഷം ധരിക്കാതെ പലരും കയറിയിറങ്ങുന്ന സ്ഥലങ്ങളിലേക്ക് യഥേഷ്ടം പുറപ്പെടുന്നതും തൃപ്തിപ്പെടൽ. വീട്ടുവളപ്പിലേക്ക് സിനിമകൾ, മഞ്ഞപ്രസിദ്ധീകരണങ്ങൾ തുടങ്ങിയവകൊണ്ടുള്ള കടന്നു കയറ്റം. എന്നിങ്ങനെ ദിയാഥ പല ശൈലിയിൽ കണ്ട് വരുന്നു.

---

[59] അഹ്മദ് 2: 69, അൽബാനി, സ്വഹീഹുൽ ജാമിഅ്: 3047

# പിതാവല്ലാത്തവർക്ക് പിതൃത്വം സ്ഥാപിക്കലും, പിതാവ് പുത്രനെ തള്ളിപ്പറയലും.

പിതാവിനെ തള്ളിപ്പറയലും മറ്റൊരു തറവാട്ടിലേക്ക് ചേർത്തുപറയലും മതപരമായി പാടുള്ളതല്ല. ചിലർ ചെറുപ്പത്തിൽ പിതാവ് കയ്യൊഴിച്ചതിലുള്ള പക പോക്കാനും, ഭൗതിക നേട്ടങ്ങൾ നേടിയെടുക്കാനും കൃത്രിമ തറവാടുണ്ടാക്കി ഔദ്യോഗിക രേഖയിൽപോലും സ്ഥിരീകരിക്കാറുണ്ട്. ദാമ്പത്യബന്ധം നിഷിദ്ധമായവ, വിവാഹം, അനന്തരാവകാശം തുടങ്ങി ഒട്ടനവധി കർമ്മശാസ്ത്രശാഖകളിൽ അതിനെ തുടർന്ന് കുഴപ്പങ്ങളുണ്ടാകുന്നു.

സഅദ്ﷺവിൽനിന്നും അബൂബകറﷺവിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു.

((مَنِ ادَّعَى إِلَى غَيْرِ أَبِيهِ وَهُوَ يَعْلَمُ ، فَالْجَنَّةُ عَلَيْهِ حَرَامٌ))

(ഒരാൾ സബോധം തൻെറ പിതാവല്ലാത്ത മറ്റൊരാളെ (പിതാവായി) സ്വീകരിച്ചാൽ സ്വർഗ്ഗം അവന് നിഷിദ്ധമാണ്)[60]

വംശ പാരമ്പര്യങ്ങളുടെ പേരിലുള്ള കളവുകളും കളിതമാശകളും ഇസ്ലാം അതോടെ നിഷിദ്ധമാക്കി.

ചിലർ ഭാര്യയുമായി സൗന്ദര്യപ്പിണക്കമായാൽ ഭാര്യ അവിഹിതബന്ധമുള്ളവളാണെന്നും കിടപ്പറ പങ്കിട്ട് ജന്മം നൽകിയ കുഞ്ഞിനെ വെറുതെ തള്ളിപ്പറയുകയും ചെയ്യാ

---

[60] ബുഖാരി.

റുണ്ട്. വിശ്വാസവഞ്ചകികളായ ചില ഭാര്യമാരാകട്ടെ അവിഹിത ഗർഭംധരിച്ച് ഭർത്താവിൻെറ പേരിൽ ആ ജാരസന്താനത്തിൻെറ പിതൃത്വം അടിച്ചേൽപ്പിക്കുന്നു. അബൂഹുറയ്റ ﵁വിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ ഇത്തരം കൊടുംചതികൾക്കെതിരിൽ അവസരോചിതവും ശക്തവുമായ താക്കീതെന്നോണം ഇപ്രകാരം കാണാം. അദ്ദേഹം പറയുന്നു. ലിആനി(ഭാര്യ-ഭർത്താക്കന്മാർ തമ്മിൽ സത്യം ചെയ്തും ശാപപ്രാർത്ഥന നടത്തിയും എന്നെന്നേക്കുമായി വിവാഹബന്ധം വേർപ്പെടുത്തലിൻെറ) ആയത്തിറങ്ങിയപ്പോൾ അല്ലാഹുവിൻെറ റസൂൽ ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു.:

(( أَيُّمَا اِمْرَأَةٍ أَدْخَلَتْ عَلَى قَوْمٍ مَنْ لَيْسَ مِنْهُمْ فَلَيْسَتْ مِنَ اللهِ فِي شَيْءٍ ، وَلَنْ يَدْخُلَهَا اللهُ جَنَّتَهُ ، وَ أَيُّمَا رَجُلٍ جَحَدَ وَلَدَهُ وَهُوَ يَنْظُرُ إِلَيْهِ ، اِحْتَجَبَ اللهُ مِنْهُ ، وَفَضَحَهُ عَلَى رُؤُوسِ الْأَوَّلِينَ وَالْآخِرِينَ ))

(ഏതൊരു സ്ത്രീയാകട്ടെ, ഒരു സമൂഹത്തിൽ അന്യൻെറ കുഞ്ഞിന് ജന്മം നൽകി അവരിൽപ്പെടാത്ത ഒരുത്തനെ അവരുടേതാക്കിയാൽ അവളും അല്ലാഹുവും തമ്മിൽ യാതൊരു ബന്ധവുമില്ല, അവളെ അല്ലാഹു സ്വർഗ്ഗീയ ആരാമത്തിൽ പ്രവേശിപ്പിക്കുകയില്ല. സ്വന്തം പുത്രനെ മുഖം നോക്കി തൻേറതല്ലെന്ന് പറയുന്ന ഏതൊരാളെ തൊട്ടും അല്ലാഹു (അന്ത്യനാളിൽ) മറഞ്ഞു നിൽക്കും. മുൻഗാമിക

ളുടേയും പിൻഗാമികളുടേയും മുന്നിൽ വെച്ച് അല്ലാഹു അവനെ അപമാനിക്കുകയും ചെയ്യും.) [61]

## പലിശ

അല്ലാഹു വിശുദ്ധ ഖുർആനിൽ അന്യർക്ക് നേരെ ഒരു സമരപ്രഖ്യാപനം പലിശക്കാരോടല്ലാതെ നടത്തിയിട്ടില്ല. അല്ലാഹു പറയുന്നു. :

يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ وَذَرُواْ مَا بَقِيَ مِنَ الرِّبَا إِن كُنتُم مُّؤْمِنِينَ

فَإِن لَّمْ تَفْعَلُواْ فَأْذَنُواْ بِحَرْبٍ مِّنَ اللّهِ وَرَسُولِهِ وَإِن تُبْتُمْ فَلَكُمْ رُؤُوسُ أَمْوَالِكُمْ لاَ تَظْلِمُونَ وَلاَ تُظْلَمُونَ

"സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക, പലിശവകയിൽ ബാക്കികിട്ടാനുള്ളത് വിട്ട് കളയുകയും ചെയ്യേണ്ടതാണ്. നിങ്ങൾ (യഥാർത്ഥ) വിശ്വാസികളാണെങ്കിൽ. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിൻേറയും റസൂലിൻേറയും പക്ഷത്തുനിന്ന് (നിങ്ങൾക്കെതിരിലുള്ള) സമരപ്രഖ്യാപനത്തെപ്പറ്റി അറിഞ്ഞു കൊള്ളുക.." [വി.ക്വു. 2:278-279]

പലിശയെന്ന കുറ്റകൃത്യം എത്ര ജുകുപ്സാവഹമെന്നതിന് തെളിവ് ഇത് മതി.

---

[61] അബൂദാവൂദ് : 2 : 695, മിശ്കാത്തുൽ മസ്വാബീഹ് 3316

രാഷ്ട്രങ്ങളുടേയും വ്യക്തികളുടേയും നിലവാരത്തകർച്ച, പലിശയിടപാടുകാരനുള്ള നഷ്ടം, കോട്ടം, അവശത, അശക്തത, സാമ്പത്തിക പരാധീനതകൾ, തൊഴിൽ രഹിതരുടെ തോത് ഗണ്യമായി ഉയരൽ, സ്ഥാപനങ്ങളും കമ്പനികളും പൊളിയൽ, അനന്തമായി അടച്ചുവീട്ടേണ്ട പലിശകാരണത്താൽ നിത്യാദ്ധ്വാനത്തിൻെറ വിയർപ്പും കൂലിയും പലിശസ്ഥാപനങ്ങളിൽ ചെന്നുപെടൽ, സാമൂഹ്യശ്രേണിയിൽ ഉള്ളവർ ഇല്ലാത്തവർ എന്നീ അവസ്ഥ സംജാതമാകൽ തുടങ്ങിയ പലിശയുടെ കെടുതികളെ സസൂക്ഷ്മം പഠിക്കുന്നവന് തെര്യപ്പെടുന്നത് കുന്ന് കൂടിയ സമ്പത്തുകൾ ജനങ്ങളിലെ ഒരു ന്യൂനപക്ഷത്തിൻെറ കരങ്ങളിൽ മാത്രം വന്ന് ചേരുന്നതിനാലാണെന്നാണ്. ഒരുവേള പലിശയിടപാടുകാർക്ക്നേരെ അല്ലാഹുവിൽനിന്നുള്ള സമരപ്രഖ്യാപനത്തിൻെറ ഒരു ഭാഗികരൂപമായിരിക്കാം ഇത്.

പലിശയുമായിബന്ധപ്പെടുന്ന എല്ലാ അംഗങ്ങളും, മധ്യവർത്തികളും, സഹായികളും മുഹമ്മദ്ﷺയുടെ പവിത്രമായ നാവിനാൽ ശപിക്കപ്പെട്ടിരിക്കുന്നു. ജാബിർ رضي الله عنهവിൽ നിന്നുള്ള ഒരു ഹദീസിൽ അദ്ദേഹം പറയുന്നു.

(( لَعَنَ رَسُولُ اللهِ آكِلَ الرِّبَا ومُوكِلَهُ وَكَاتِبَهُ وَشَاهِدَيْهِ . وَقَالَ: هُمْ سَوَاءٌ ))

(പലിശ തിന്നുന്നവനേയും തീറ്റിക്കുന്നവനേയും എഴുതി വെക്കുന്നവനേയും സാക്ഷികളേയും അല്ലാഹുവിൻെറ

റസൂൽﷺ ശപിച്ചിരിക്കുന്നു. അദ്ദേഹം പറഞ്ഞു: അവരെല്ലാം സമന്മാരാണ്.)[62]

ഉപരിസൂചിത ഹദീസിൻെറ വെളിച്ചത്തിൽ പലിശയുമായിബന്ധപ്പെട്ട എഴുത്തുകുത്തുകൾ, ക്ളിപ്പ്തനിർണ്ണയം, ക്രയവിക്രയം, ഡിപ്പോസിറ്റ് ചെയ്യൽ, പാറാവ് നിൽക്കൽ തുടങ്ങി മൊത്തത്തിൽ പലിശയുമായി സഹകരിക്കുന്ന എല്ലാം നിഷിദ്ധമാണ്. പലിശ എന്ന കെടുതിയുടെ നെറികേട് വ്യക്തമാക്കിത്തരുന്നതിലുള്ള നബിﷺയുടെ തൽപ്പരത വഴിയെ ഗ്രഹിക്കാം.

ഇബ്ന് മസ്ഊദ് ﵁ വിൽ നിന്ന് നിവേദനം. :

(( الرِّبَا ثَلاَثَةٌ وسَبْعُونَ بَاباً ، أَيْسَرُهَا مِثْلَ أَنْ يَنْكِحَ الرَّجُلُ أُمَّهُ ، وَإِنَّ أَرْبَى الرِّبَا عِرْضُ الرَّجُلِ الْمُسْلِمِ ))

(പലിശക്ക് എഴുപത്തിമൂന്ന് കവാടങ്ങളാണ്. അതിൽ ഏറ്റവും നിസ്സാരമായത് സ്വന്തം മാതാവുമായി ബന്ധപ്പെടുന്നതിന് തുല്യമാണ്. ഏറ്റവും കടുത്ത പലിശ മുസ്ലിമിൻെറ അഭിമാനമാണ്.[63]

അബ്ദുല്ലാഹ് ബ്നു ഹൻളല ﵁ വിൽനിന്ന് നിവേദനം.:

(( دِرْهَمُ رِبَا يَـــأْكُلُهُ الرَّجُلُ وَهُوَ يَعْلَمُ أَشَدُّ مِنْ سِتٍّ وَثَلاَثِـــينَ زَنِيَّةٍ ))

---

[62] മുസ്ലിം 3: 1219

[63] ഹാകിം 2: 37, അൽബാനി, സ്വഹീഹുൽജാമിഅ്.

(പലിശപ്പണമാണെന്നറിഞ്ഞ് ഒരു ദിർഹം കൊണ്ട് തിന്നുന്നത് മുപ്പത്താറ് തവണ വ്യഭിചരിക്കുന്നതിനേക്കാൾ കഠിനമാണ്.) [64]

ധനികനെന്നോ നിർധനനെന്നോ വ്യത്യാസമില്ലാതെ പലിശ കാലാതീതമായി മൊത്തത്തിൽ വിലക്കപ്പെട്ടിരിക്കുന്നു. എത്രയെത്ര പണക്കൊഴുപ്പുള്ളവരും വ്യവസായിക പ്രമാണിമാരുമാണ് പലിശ ഇടപാട് കാരണത്താൽ പാപ്പരായത്. വർത്തമാനകാലം അതിന് സാക്ഷിയാണ്. നന്നേ ചുരുങ്ങിയത് പലിശപ്പണം ഏറെയാണെങ്കിലും അത് അനുഗ്രഹമറ്റതാണ്. നബി ﷺ പറഞ്ഞു. :

(( الرِّبَا وَإِنْ كَثُرَ ، فَإِنَّ عَاقِبَتَهُ تَصِيرُ إِلَى قُلٍّ ))

(പലിശ എത്രമാത്രമുണ്ടായാലും അതിൻെറ പര്യവസാനം ഇല്ലായ്മയിൽ ചെന്നെത്തും.) [65]

പലിശയുടെ ആനുപാതം കൂടുതലെന്നോ കുറവെന്നോ വ്യത്യാസമില്ല. എത്രയായാലും ഹറാമാണ്. പലിശക്കാരൻ അന്ത്യനാളിൽ പുനർജീവിപ്പിക്കപ്പെടുന്നത് പൈശാചിക ബാധയേറ്റ് മറിഞ്ഞ് വീണവൻ എഴുന്നേൽക്കുന്നത് പോലെയാണ്. അതി ഹീനമായകുറ്റമാണ് പലിശയെങ്കിലും അതിൽ നിന്ന് പശ്ചാതപിച്ച് പിന്തിരിയുന്ന വിധം വിവരിച്ച് അല്ലാഹു പറയുന്നു. :

... وَإِن تُبْتُمْ فَلَكُمْ رُؤُوسُ أَمْوَالِكُمْ لاَ تَظْلِمُونَ وَلاَ تُظْلَمُونَ

---

64 അഹ്മദ് 5: 225, അൽബാനി, സ്വഹീഹുൽജാമിഅ്: 3375

65 ഹാകിം 2: 37, അൽബാനി, സ്വഹീഹുൽ ജാമിഅ്: 3542

"...നിങ്ങൾ പശ്ചാതപിച്ച് മടങ്ങുകയാണെങ്കിൽ നിങ്ങളുടെ മൂലധനം നിങ്ങൾക്ക് തന്നെ കിട്ടുന്നതാണ്. നിങ്ങൾ അക്രമം ചെയ്യരുത്, നിങ്ങൾ അക്രമിക്കപ്പെടുകയും അരുത്." [വി.ക്വു. 2:289]

സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഈ വൻപാപത്തിൽനിന്ന് തിരിഞ്ഞോടലും അതിലുള്ള നെറികേട് അറിഞ്ഞിരിക്കലും അനിവാര്യമാണ്. നിർബന്ധസാഹചര്യത്തിലും, മോഷണമോ നഷ്ടപ്പെടലോ ഭയന്നും, പലിശ ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നവർ അല്ലാഹുവിനോട് പാപമോചനത്തിന് തേടിയും, കഴിയുന്നത്ര മറ്റൊരു ബദൽ സംവിധാനത്തിന് ശ്രമിച്ചും, നിർബന്ധസാഹചര്യത്തിലാണ് ഞാനീ നിക്ഷേപത്തിന് മുതിരുന്നത് എന്ന ഉള്ളറിവ് ഉണ്ടാകലും അനിവാര്യമാണ്. അവർ പലിശ ആവശ്യപ്പെടാൻ പാടില്ല. തങ്ങളുടെ കണക്കിൽ പലിശ ചേർത്തെഴുതിയാൽ ഏതെങ്കിലും അനുവദനീയ മേഖലയിൽ ചിലവഴിച്ച് ആ പലിശയിൽനിന്ന് തടി സലാമത്താക്കണം. ആ സംഖ്യ ദാനധർമ്മം ചെയ്യാൻ പോലും പാടില്ല. നല്ലവനായ അല്ലാഹു നല്ലത് മാത്രമേ സ്വീകരിക്കൂ. ഭക്ഷണപാനീയങ്ങൾ, വസ്ത്രം, പാർപ്പിടം, നിർബന്ധചിലവുകൾ, സക്കാത്ത് കൊടുക്കൽ, നികുതിയടക്കൽ, സ്വശരീരത്തെ വിപത്തിൽനിന്നും ചെറുക്കൽ തുടങ്ങിയ യാതൊരു കാര്യത്തിനും പലിശയിൽനിന്ന് പ്രയോജനപ്പെടുത്താവതല്ല. പ്രത്യുത പടച്ചവന്റെ ശിക്ഷ ഭയന്ന് പൊടുന്നനെ അതിൽനിന്നും രക്ഷപ്പെടുകയാണ് വേണ്ടത്.

# കച്ചവടച്ചരക്കിൻെറ ന്യൂനത മറച്ചുവെക്കൽ

(مَرَّ رَسُولُ اللهِ ﷺ عَلَى صُبْرَةِ طَعَامٍ فَأَدْخَلَ يَدَهُ فِيهَا فَنَالَتْ أَصَابِعُهُ بَلَلاً . فَقَالَ : (( مَا هَذَا يَا صَاحِبَ الطَّعَامِ ؟ )) قَالَ: أَصَابَتْهُ السَّمَاءُ يَا رَسُلَ اللهِ ، قَالَ: (( أَفَلاَ جَعَلْتَهُ فَوْقَ الطَّعَامِ كَيْ يَرَاهُ النَّاسُ ؟ مَنْ غَشَّ فَلَيْسَ مِنَّا ))

അല്ലാഹുവിൻെറ റസൂൽﷺ കൂട്ടിവെച്ച ഭക്ഷണ പദാർഥത്തിൻെറ അരികിലൂടെ നടന്ന് പോകുമ്പോൾ തൻെറ കയ്യ് അതിൽ പ്രവേശിപ്പിച്ചു. അപ്പോൾ വിരലുകളിൽ ഒരു നനവ് അനുഭവപ്പെട്ടു. അപ്പോൾ നബിﷺ ചോദിച്ചു.: എന്താണൊരു നനവ്? ഭക്ഷണത്തിൻെറ ഉടമ പറഞ്ഞു: റസൂലേ മഴ നനഞ്ഞു. നബിﷺ പറഞ്ഞു: ജനങ്ങൾ കാണുംവിധം അത് (നനഞ്ഞ ഭാഗം) നിനക്ക് മുകളിൽ വെക്കാമായിരുന്നില്ലെ? വഞ്ചിക്കുന്നവൻ നമ്മിൽ പെട്ടവനല്ല.) [66]

പടച്ചവനെ പേടിയില്ലാത്ത പല കച്ചവടക്കാരും കച്ചവടച്ചരക്കുകളുടെ കേട് കാണാതിരിക്കാൻ എന്തെങ്കിലും ഒട്ടിച്ചും കേട്വന്ന സാധനം പെട്ടിക്കടിയിലാക്കിയും, രാസദ്രവ്യങ്ങൾ ഉപയോഗിച്ചും സാധനങ്ങൾ ഭംഗിയോടെ ജനങ്ങൾക്ക് മുന്നിൽ പ്രദർശിപ്പിക്കാറുണ്ട്. മറ്റു ചിലർ സാധനം വാങ്ങിയവൻ തിരിച്ച് പോയാൽ കേടുവരുംവിധം

---

[66] മുസ്‌ലിം 1 : 99

കേടുവന്ന സാധനത്തിൻെറ ശബ്ദം തൽക്കാലം ഇല്ലാതാക്കുന്നു. അതുപോലെ സാധനത്തിൻെറ കാലാവധിവച്ചുള്ള തിയ്യതിമാറ്റുന്നു. അല്ലെങ്കിൽ സാധനം വാങ്ങാനെത്തുന്നവനെ സാധനം നോക്കാനോ, ചികയാനോ, രുചി നോക്കാനോ സമ്മതിക്കാതെ വിൽക്കുന്നു. വാഹനങ്ങളും യന്ത്രങ്ങളും വിൽക്കുന്നവർ മിക്കപ്പോഴും കുറവുകൾ വ്യക്തമാക്കാറില്ല. ഇതെല്ലാം നിഷിദ്ധമാണ്. നബിﷺ പറഞ്ഞു.:

(( الْمُسْلِمُ أَخُو الْمُسْلِمِ ، وَلاَ يَحِلُّ لِمُسْلِمٍ بَاعَ مِنْ أَخِيهِ بَيْعاً فِيهِ عَيْبٌ إِلاَّ بَيَّنَهُ لَهُ ))

(ഒരു മുസ്ലിം മറ്റൊരു മുസ്ലിമിൻെറ സഹോദരനാണ്. ഏതൊരു മുസ്ലിമും തൻെറ സഹോദരന് വല്ല കേടുമുള്ള സാധനം വിൽക്കുന്നുവെങ്കിൽ ആ കേട് അവന് വ്യക്തമാക്കി കൊടുക്കേണ്ടതാണ്.) [67]

ന്യൂനതകൾ മറച്ചുവെച്ച് ചരക്കുകൾ വിറ്റഴിക്കുന്നവരിൽ ചിലർ വാങ്ങാനെത്തുന്നവരോട് പരസ്യലേലം വിളിച്ചാണ് തങ്ങളുടെ തടിയൂരുന്നത്. ഇത്തരം കച്ചവടങ്ങൾ അനുഗ്രഹമറ്റ കച്ചവടമായാണ് പ്രവാചകൻﷺ പ്രഖ്യാപിക്കുന്നത്.

((الْبَيِّعَانِ بِالْخِيَارِ مَا لَمْ يَتَفَرَّقَا، فَإِنْ صَدَّقَا وَبَيَّنَا بُورِكَ لَهُمَا فِي بَيْعِهِمَا ، وَإِنْ كَذَّبَا وَكَتَمَا مُحِقَتْ بَرَكَةُ بَيْعِهِمَا))

---

[67] ഇബ്നുമാജ 2:754, അൽബാനി, സ്വഹീഹുൽജാമിഅ് 6705

(വാങ്ങുന്നവനും വിൽക്കുന്നവനും വിൽക്കുന്നിടത്ത് നിന്ന് വേർപിരിയാത്തിടത്തോളം കാലം (സാധനം വാങ്ങാനും വേണ്ടെന്ന് വെക്കാനും) സ്വാതന്ത്ര്യമുള്ളവരാണ്. രണ്ടാളും സത്യസന്ധത പുലർത്തുകയും കാര്യങ്ങൾ വ്യക്തമാക്കുകയും ചെയ്താൽ അവരുടെ കച്ചവടം അനുഗ്രഹമുറ്റതായി. ഇനി രണ്ടാളും കള്ളത്തരം കാണിക്കുകയും കുറവുകൾ മറച്ച് വെക്കുകയും ചെയ്താൽ അവരുടെ കച്ചവടം അനുഗ്രഹമറ്റതായി. )[68]

## നജശ് കച്ചവടം

സാധനം വാങ്ങാനാഗ്രഹിക്കാത്തവർ മറ്റുള്ളവരെ വഞ്ചിക്കുവാനും അവരെക്കൊണ്ട് കൂടുതൽ വിലകയറ്റി വാങ്ങിപ്പിക്കുവാനും ചരക്കുകൾക്ക് വിലകയറ്റി പറയുന്നതിനെയാണ് നജശ് എന്ന് പറയുന്നത്.

നബി ﷺ പറഞ്ഞു.: ((وَلاَ تَنَاجَشُوا))

(നിങ്ങൾ (അന്യരെ പറ്റിക്കുവാൻ) പരസ്പരം സാധനത്തിന്ന് വില കയറ്റി പറയരുത്.) [69]

നജശ് കച്ചവടം കൊടിയ വഞ്ചനയാണെന്നതിൽ സംശയമില്ല. നബി ﷺ പറഞ്ഞു.:

(( الْمَكْرُ وَالْخَدِيعَةُ فِي النَّارِ ))

(കുതന്ത്രങ്ങളും ചതിപ്രയോഗങ്ങളും നരകാഗ്നിയിലാണ്.) [70]

---

[68] ബുഖാരി.

[69] ബുഖാരി.

പരസ്യ വിൽപ്പനച്ചന്തകൾ, ലേലങ്ങൾ, വാഹന വിൽപ്പനസ്ഥലങ്ങൾ തുടങ്ങിയ മേഖലകളിലെ മിക്ക ദല്ലാളുമാരുടേയും സമ്പാദ്യങ്ങൾ അതിനീചമാണ്. അത്ര മാത്രം വേണ്ടാത്തരങ്ങൾ അവർ അവിടെവച്ച് ചെയ്യാറുണ്ട്. ഇതരരെ പറ്റിക്കാൻ സാധനങ്ങളുടെ വില കൂട്ടിപ്പറയുവാൻ പരസ്പ്പരം ഒന്നിക്കുന്നു. സാധനം അവരുടേതാണെങ്കിൽ ഇല്ലാത്ത വിലപേശി പരസ്യലേലം ചെയ്തും വാങ്ങാനെത്തുന്നവരെ പിഴിഞ്ഞും അളുകളെ ദ്രോഹിച്ചും ദല്ലാളുമാർ ചെയ്യുന്ന തെറ്റുകൾ നിരവധിയാണ്.

## ജുമുഅബാങ്കിന് ശേഷമുള്ള കച്ചവടം

അല്ലാഹു പറയുന്നു.:

يَا أَيُّهَا الَّذِينَ آمَنُوا إِذَا نُودِي لِلصَّلَاةِ مِن يَوْمِ الْجُمُعَةِ فَاسْعَوْا إِلَى ذِكْرِ اللَّهِ وَذَرُوا الْبَيْعَ ذَلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ

“സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്ക്കാരത്തിന് വിളിക്കപ്പെട്ടാൽ അള്ളാഹുവെപ്പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും, വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ ” [വി.ക്വു. 62 :11]

---

[70] അൽബാനി, സിൽസില സ്വഹീഹ. 1057

ചില കച്ചവടക്കാർ തങ്ങളുടെ കടകളിലും പള്ളികൾക്ക് മുന്നിലും ഖത്തീബ് മിമ്പറിൽ കയറിയതിനു ശേഷമുള്ള ബാങ്കൊലി മുഴക്കപ്പെട്ടിട്ടും തങ്ങളുടെ കച്ചവടങ്ങളിൽ തുടരുന്നു. ഇത് നിഷിദ്ധമാണ്. പല്ല് തേക്കാനുള്ള ഒരു അറാക്കിൻെറ കൊള്ളിയാണെങ്കിലും അവരിൽനിന്ന് വാങ്ങുന്നവരും പാപത്തിൽ അവരോടൊപ്പം പങ്കാളികളാണ്, കച്ചവടമാകട്ടെ പണ്ഢിതന്മാരുടെ പ്രബലാഭിപ്രായപ്രകാരം ബാത്വിലും. ചില ഹോട്ടൽ, ബേക്കറി, ഫാക്ടറി എന്നിവയുടെ ഉടമകൾ തങ്ങളുടെ ജോലിക്കാരെ ജുമുഅഃ നമസ്ക്കാര സമയത്ത്പോലും ജോലിക്ക് നിർബന്ധിക്കുന്നു. ഇത്തരക്കാർക്ക് ബാഹ്യമായി ലാഭം ഉണ്ടെങ്കിലും യഥാർത്ഥത്തിൽ നഷ്ടമല്ലാതെ മറ്റൊന്നുമില്ല. ജോലിക്കാരനാവട്ടെ പ്രവാചകൻെറ തിരുമൊഴിയനുസരിച്ച് പ്രവർത്തിക്കൽ അനിവാര്യ മാണ്.

നബി ﷺ പറഞ്ഞു.(( لاَ طَاعَةَ لِبَشَرٍ فِي مَعْصِيَةِ الخالق ))

(അല്ലാഹുവിനെ ധിക്കരിച്ചുകൊണ്ട് ഒരു മനുഷ്യനും യാതൊരു അനുസരണവുമില്ല.) [71]

## ചൂതാട്ടം

അല്ലാഹു പറയുന്നു. :

يَا أَيُّهَا الَّذِينَ آمَنُوا إِنَّمَا الْخَمْرُ وَالْمَيْسِرُ وَالأَنصَابُ وَالأَزْلاَمُ رِجْسٌ مِّنْ عَمَلِ الشَّيْطَانِ فَاجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ

---

[71] ബുഖാരി, മുസ്ലിം.

**"മദ്യവും ചൂതാട്ടവും പ്രതിഷ്ഠയും പ്രശ്നം വെച്ചു നോക്കാനുള്ള അമ്പുകളും പൈശാചികമായ ദുർവൃത്തികൾ മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം."** [വി.ക്വു. 5:90]

ജാഹിലിയാ കാലം മുങ്ങിക്കുളിച്ച ഒരു ദുർവൃത്തിയത്രെ ചൂതാട്ടം. പത്ത് പേർ ഒരു ഒട്ടകത്തിൽ തുല്യ പങ്കുകാരാവുകയും അമ്പുകൾകൊണ്ടുള്ള ഒരു പ്രത്യേക നറുക്കെടുപ്പിലൂടെ ഏഴ് പേർക്ക് വ്യത്യസ്ഥ വിഹിതം നൽകുകയും മൂന്ന്പേർക്ക് വിഹിതം തടയുകയും ചെയ്യുന്ന ചൂതാട്ടരീതിയായിരുന്നു അന്ന് പ്രസിദ്ധം. ഇന്നാവട്ടെ ചൂതാട്ടത്തിന് വ്യത്യസ്ത രൂപങ്ങളാണ്.

- ഭാഗ്യക്കുറി ചൂതാട്ടമാണ്. അത് വ്യാപകമായി കണ്ട് വരുന്നത് നമ്പറുകൾ വിലക്ക് വിൽക്കുകയും പിന്നീട് നറുക്കെടുപ്പിലൂടെ ഒന്ന്, രണ്ട് എന്നിങ്ങനെ സമ്മാനാർഹരെ തെരഞ്ഞെടുക്കുകയും പലവിധ സമ്മാനങ്ങൾ വിജയികളുടെ സ്ഥാനമനുസരിച്ച് നൽകുകയും ചെയ്യുന്ന രീതിയാണ്. "ഭാഗ്യക്കുറി ജന നന്മക്ക്" എന്ന മേൽ വിലാസത്തിലായാൽപോലും ഇത് നിഷിദ്ധമാണ്.
- ഗോപ്യമായ ഒരു വസ്തു ഉള്ളിലാക്കി ഒരു കച്ചവടച്ചരക്ക് വിൽക്കുക, സാധനം വാങ്ങുന്നവർക്ക് നമ്പറുകൾ നൽകുകയും പിന്നീട് നറുക്കെടുപ്പിലൂടെ സമ്മാനാർഹരായ വിജയികളെ തെരഞ്ഞെടുക്കുകയും ചെയ്യുക എന്ന രീതിയും ഭാഗ്യക്കുറിയുടേത് തന്നെ.

- കൊമേഴ്സ്യൽ അടിസ്ഥാനത്തിലുള്ള ഇൻഷൂറൻസ് ചൂതാട്ടത്തിൻെറ ഒരു ആധുനികരൂപമാണ്. ജീവന്, വാഹനങ്ങൾക്ക്, കച്ചവടച്ചരക്കുകൾക്ക്, തീപിടുത്തത്തിനെതിരിൽ, പൊതുനഷ്ടോത്തരവാദിത്തത്തിന്, തേർഡ്പാർട്ടി ഇൻഷൂറൻസ് തുടങ്ങി ചില ഗായകർ തങ്ങളുടെ ശബ്ദങ്ങൾ വരെ ഇൻഷൂർ ചെയ്യാറുണ്ട്.

ഇതും, ഇതുപോലെ പണംവെച്ച് കളിയുടെ സമഗ്ര രൂപങ്ങളും ചൂതാട്ടത്തിൻെറ പരിധിയിലാണുൾപ്പെടുക. ഇന്ന് ചൂതാട്ടത്തിന് പ്രത്യേകം ക്ളബ്ബുകളും "ദ ഗ്രീൻ ടേബിൾസ്" എന്ന പേരിലറിയപ്പെടുന്ന വേദികളും, പന്ത്കളി പോലത്തെ മൽസരങ്ങളിലെ പന്തയങ്ങളും, ചില കളിക്കളങ്ങളിലും സുഖവാസ കേന്ദ്രങ്ങളിലും ചൂതാട്ടത്തെ പ്രോൽസാഹിപ്പിക്കുമാറ് പ്രത്യേക കളികളും വ്യാപകമായി കണ്ട് വരുന്നു.

മൽസരങ്ങളും പന്തയങ്ങളും മൂന്ന് ഇനങ്ങളാണ്:

ഒന്ന്: ശറഇയായ ലക്ഷ്യമുള്ളത്. ഒട്ടക മൽസരം, കുതിരപ്പന്തയം, അമ്പെയ്ത്ത്, ഉന്നം നോക്കൽ, പണ്ഡിതന്മാരുടെ പ്രബലമായ അഭിപ്രായപ്രകാരം മതവിജ്ഞാനങ്ങളിലുള്ള മൽസരങ്ങൾ തുടങ്ങി സമ്മാനം നിശ്ചയിച്ചാവട്ടെ അല്ലാതാവട്ടെ ഇവ പൊതുവെ അനുവദനീയമാണ്.

രണ്ട്: സ്വയം അനുവദനീയമായത്. നഗ്നത വെളിപ്പെടുത്താതെ, നമസ്ക്കാരം നഷ്ടപ്പെടുത്താതെ, അതുപോലെ നിഷിദ്ധങ്ങളിൽനിന്ന് മുക്തമായ ഓട്ടമൽസരവും പന്ത്കളിയും ഇതിനുദാഹരണമാണ്. പന്തയമില്ലെങ്കിൽ ഇത് അനുവദനീയമാണ്.

മൂന്ന്: സ്വയം നിഷിദ്ധമായതോ അല്ലെങ്കിൽ നിഷിദ്ധങ്ങൾക്ക് വഴി ഒരുക്കുന്നതോ ആയത്. സൗന്ദര്യ മൽസരം, ബോക്സിംഗ്, മുട്ടനാട് പോര്, കോഴിപ്പോര് മുതലായവ ഇതിനുദാഹരണമാണ്.

## മോഷണം

അല്ലാഹു പറയുന്നു:

وَالسَّارِقُ وَالسَّارِقَةُ فَاقْطَعُوا أَيْدِيَهُمَا جَزَاء بِمَا كَسَبَا نَكَالاً مِّنَ اللّهِ وَاللّهُ عَزِيزٌ حَكِيمٌ

“മോഷ്ടിക്കുന്നവന്റേയും മോഷ്ടിക്കുന്നവളുടേയും കൈകൾ നിങ്ങൾ മുറിച്ചുകളയുക. അവർ സമ്പാദിച്ചതിനുള്ള പ്രതിഫലവും അല്ലാഹുവിങ്കൽനിന്നുള്ള മാതൃകാപരമായ ശിക്ഷയുമാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.” [വി.ക്വു. 5:38]

വൻകളവുകേസുകളിൽപെട്ടതാണ് കഅ്ബത്തിലേക്ക് ഹജ്ജിനും ഉംറക്കും വരുന്നവരെ കൊള്ള ചെയ്യൽ. ഇത്തരം പെരുംകള്ളന്മാർ അല്ലാഹുവിന്റെ വിശുദ്ധ മന്ദിരപരിസരത്തിന്നും പുണ്യഭൂമിക്കും നിശ്ചയിക്കപ്പെട്ട നിയമപരിധികൾക്ക് യാതൊരു പരിഗണനയും നൽകുന്നില്ല എന്നു തന്നെ വേണം പറയാൻ. നബി ﷺ ഗ്രഹണ നമസ്

ക്കാരത്തിൽ കണ്ട അത്ഭുതം വിവരിക്കവേ ഇങ്ങനെ പറഞ്ഞു.

(( لَقَدْ جِيءَ بِالنَّارِ وَذَلِكُمْ حِينَ رَأَيْتُمُونِي تَأَخَّرْتُ مَخَافَةَ أَنْ يُصِيبَنِي مِنْ لَفَحِهَا ، وَحَتَى رَأَيْتُ فِيهَا صَاحِبَ الْمِحْجَنِ يَجُرُّ قُصْبَهُ [ أَمْعَاءهُ ] فِي النَّارِ ، كَانَ يَسْرِقُ الْحَاجَّ بِمِحْجَنِهِ ، فَإِنْ فُطِنَ لَهُ قَالَ : إِنَّمَا تَعَلَّقَ بِمِحْجَنِي ، وَإِنْ غُفِلَ عَنْهُ ذَهَبَ بِهِ ))

(നരഗാകാഗ്നിയുടെ ചുടുജ്ജ്വാല പിടികൂടുമോയെന്ന് ഭയ ചകിതനായി പിന്നിലേക്ക് മാറുന്നതായി നിങ്ങൾ കണ്ട വേളയിൽ എന്നിലേക്ക് നരകം കൊണ്ട്വരപ്പെട്ടു. അങ്ങനെ ഞാൻ അഗ്രം വളഞ്ഞ വടിക്കാരനെ തൻെറ കുടൽ മാല നരകാഗ്നിയിൽ വലിച്ചിഴക്കുന്നതായി കണ്ടു. തൻെറ അഗ്രം വളഞ്ഞ വടികൊണ്ട് ഹാജിമാരെ കൊള്ള നടത്തുന്നവനായിരുന്നു അവൻ. അവൻ (വടികൊണ്ട് കൊളുത്തി വലിച്ച്) കക്കുന്നത് ആരുടെയെങ്കിലും ശ്രദ്ധയിൽ പെട്ടാൽ അവൻ അത് എൻെറ വടിയിൽ കുടുങ്ങിയതാണെന്ന് പറയും. ആരും കണ്ടില്ലെങ്കിൽ കട്ട സാധനവുമായി സ്ഥലം വിടും.)[72]

പൊതുമുതൽ അപഹരിക്കൽ അതി കുറ്റകരമാണ്. മറ്റുള്ളവർ കക്കുമ്പോൾ നാം എന്തിന് നോക്കി നിൽക്കണം എന്ന് പറഞ്ഞാണ് പലരും പൊതുസ്വത്ത് പിടുങ്ങാറ്.

---

[72] മുസ്ലിം: 904

പക്ഷേ പൊതുസ്വത്ത് പൊതുവെ എല്ലാ മുസ്‌ലിംങ്ങളുടേയും ധനമാകയാൽ സകലരിൽനിന്നും മോഷ്ടിക്കുന്നതിന് തുല്യമാണ് അത്തരം കളവുകൾ. ദിവ്യ ഭയമില്ലാത്തവരുടെ നെറികേട് ഏത് രംഗത്തും അനുകരണീയവുമല്ല താനും.

അവിശ്വാസികളാണെന്ന കാരണം പറഞ്ഞ് അമുസ്‌ലിംകളുടെ മുതലുകൾ അപഹരിക്കുന്നവരുണ്ട്. ഇതും ശരിയല്ല. കാരണം സ്വത്ത് പിടിച്ചെടുക്കൽ അനുവദനീയമായത് മുസ്‌ലിംകളോട് യുദ്ധം പ്രഖ്യാപിച്ചവരിൽനിന്നു മാത്രം. കൂടാതെയുള്ള കമ്പനികളും വ്യക്തികളും അതിൽനിന്ന് ഒഴിവാണ്.

അന്യരുടെ പോക്കറ്റടിക്കുക, അന്യരുടെ സന്ദർശകനായിച്ചെന്ന് മോഷ്ടിക്കുക, അഥിതിയായി വരുന്നവൻെറ പെട്ടിയിൽ നിന്ന് പിടുങ്ങുക, കച്ചവട കടകളിൽ കയറി ചില സ്ത്രീകൾ ചെയ്യാറുള്ളത് പോലെ വസ്ത്രത്തിലും പോക്കറ്റിലും സാധനങ്ങൾ അടിച്ചുമാറ്റിവെക്കുക, തുടങ്ങിയവയെല്ലാം അന്യരിൽനിന്ന് അപഹരിക്കുന്നതിൻെറ മാർഗ്ഗങ്ങളാണ്. ചിലർ കുറച്ചും വില കുറഞ്ഞതുമായ സാധനങ്ങൾ കക്കുന്നത് ലാഘവബുദ്ധിയോടെയാണ് നോക്കിക്കാണുന്നത്. നബി ﷺ പറയുന്നതാകട്ടെ,:

(( لَعَنَ اللّٰهُ السَّارِقَ يَسْرِقُ الْبَيْضَةَ فَتُقْطَعُ يَدُهُ ، وَيَسْرِقُ الْحَبْلَ فَتُقْطَعُ يَدُهُ ))

(പടത്തൊപ്പി മോഷണം നടത്തുകയും അതിൻെറ പേരിൽ കൈ ഛേദിക്കപ്പെടുകയും ചെയ്യുന്ന, കയർ കക്കുകയും

അതിനാൽ കൈ മുറിക്കപ്പെടുകയും ചെയ്യുന്ന കള്ളനെ അല്ലാഹു ശപിച്ചിരിക്കുന്നു.)[73]

അല്ലാഹുവിലേക്ക് തൗബ ചെയ്ത് മടങ്ങിയ ശേഷം കട്ടെടുത്ത വസ്തു അതിന്റെ ഉടമയിലേക്ക് പരസ്യമായോ രഹസ്യമായോ നേരിട്ടോ മറ്റൊരാൾ മുഖേനയോ തിരിച്ചുനൽകൽ നിർബന്ധമാണ്. സാധനത്തിന്റെ ഉടമയേയോ അനന്തരാവകാശികളേയോ വളരെ അന്വേഷിച്ചിട്ടും കണ്ടെത്തിയില്ലെങ്കിൽ പ്രതിഫലം ഉടമക്ക് ലഭിക്കട്ടെ എന്ന ഉദ്ദേശത്തോടെ ആ സാധനം ദാനം ചെയ്യണം.

## കൈക്കൂലി

സത്യം കുഴിച്ചുമൂടാനും അസത്യം നടപ്പിലാക്കാനും ന്യായാധിപന്മാർക്കും വിധികർത്താക്കൾക്കും മറ്റും കൈക്കൂലി നൽകൽ കുറ്റകരമാണ്. വിധിയിൽ അനീതിയും അവകാശികളോട് അക്രമവും വ്യാപകമായ കുഴപ്പങ്ങളും അതു മൂലമുണ്ടാകുന്നു. അല്ലാഹു പറയുന്നു.

وَلاَ تَأْكُلُوا۟ أَمْوَالَكُم بَيْنَكُم بِالْبَاطِلِ وَتُدْلُوا۟ بِهَا إِلَى الْحُكَّامِ لِتَأْكُلُوا۟ فَرِيقًا مِّنْ أَمْوَالِ النَّاسِ بِالإِثْمِ وَأَنتُمْ تَعْلَمُونَ

“അന്യായമായി നിങ്ങൾ അന്യോന്യം സ്വത്തുക്കൾ തിന്നരുത്. അറിഞ്ഞുകൊണ്ട് തന്നെ ആളുകളുടെ സ്വത്തുക്കളിൽ

---

[73] ബുഖാരി.

നിന്ന് പലതും അധാർമ്മികമായി നേടിയെടുത്ത് തിന്നു വാൻ വേണ്ടി നിങ്ങളതുമായി വിധികർത്താക്കളെ സമീപി ക്കുകയും ചെയ്യരുത്." [വി.ക്വു. 2:188]

അബൂഹുറയ്റ ﷺ വിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന ഹ ദീസിൽ ഇപ്രകാരം കാണാം:

(( لَعَنَ اللهُ الرَّاشِي وَالْمُرْتَشِي فِي الْحُكْمِ ))

(വിധിയിൽ കൈക്കൂലി കൊടുക്കുന്നവനേയും വാങ്ങുന്ന വനേയും അല്ലാഹു ശപിച്ചിരിക്കുന്നു.)[74]

എന്നാൽ കൈക്കൂലിയില്ലാതെ ഒരു അവകാശം നേ ടാനോ അക്രമം അകറ്റാനോ കഴിയുന്നില്ലെങ്കിൽ അപ്പോൾ സംഭവിക്കുന്നത് മുകളിൽ പറഞ്ഞ താക്കീതിൻെറ പരിധി യിൽ പെടില്ല.

ഇന്ന് എങ്ങുമെങ്ങും കൈക്കൂലി വ്യാപിച്ചകാലമാണ്. ചില ഉദ്യോഗസ്ഥന്മാർക്ക് ശമ്പളത്തെക്കാൾ കൈക്കൂലി ധനാഗമന മാർഗ്ഗമാണ്. മാത്രമല്ല, പല കമ്പനികളുടേയും ബജറ്റുകളിലെ അവശ്യഘടകമായി കൈക്കൂലി മാറിയിരി ക്കുന്നു. ഏതാനും എല്ലാ ഇടപാടുകളുടെയും തുടക്കവും ഒടുക്കവും കൈകൂലികൊണ്ട് മാത്രം. ദരിദ്ര ജനത അതി നാൽ കഷ്ടത അനുഭവിക്കുന്നു. ഉത്തരവാദിത്തങ്ങൾ ഉടച്ച് വാർക്കപ്പെടുന്നു. തൊഴിൽശാലകളിലെ ജോലിക്കാർ ജോ ലിക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു. ഉത്തമസേവനം അകമഴി ഞ്ഞ് കൈക്കൂലി നൽകുന്നവർക്കുമാത്രം. കൈക്കൂലി നൽ കിയവൻ വൈകിയെത്തിയാലും മുമ്പിൽ വന്നവനെ പിന്നി

[74] അഹമദ് 2: 387, അൽബാനി, സ്വഹീഹുൽജാമിഅ്: 5069

ലാക്കി അവൻ കാര്യം നേടിപോകുന്നു. ജോലിക്കാരുടെ അവകാശമായ സമ്പത്തുകൾ ഇടപാടുകളിലെ ദല്ലാളുമാരുടെ കീശയിൽ കയറി പറ്റുന്നു. ഇത്രയും ദാരുണമാണ് കൈക്കൂലിയുടെ അവസ്ഥയെങ്കിൽ അതിന്റെ പങ്കുപറ്റിയായി ജീവിക്കുന്നവരേയും അതിന്റെ ചരട് വലിക്കുന്നവരേയും നബിﷺ ശപിച്ചതിൽ അത്ഭുതമില്ല. അബ്ദുല്ലാഹിബ്നു അംറ്ﷺവിൽ നിന്ന് നിവേദനം, റസൂലുള്ളാഹിﷺ പറഞ്ഞു:

(( لَعَنَةُ اللهِ عَلَى الرَّاشِي وَالْمُرْتَشِي ))

(കൈകൂലി വാങ്ങുന്നവന്റേയും കൊടുക്കുന്നവന്റേയും മേൽ അല്ലാഹുവിന്റെ ശാപം വർഷിക്കട്ടെ.)[75]

## ഭൂമി കയ്യേറൽ

ദിവ്യഭയം ഇല്ലാത്തവർക്ക് ഊക്കും അടവും വിപൽക്കരമായി മാറാറുണ്ട്. അത്തരക്കാർ തങ്ങളുടെ മുഴുവൻ ശക്തിയും തന്ത്രവും അന്യരുടെ സ്വത്ത് കയ്യിലാക്കാനും, അതിൽ ആധിപത്യം ചെലുത്താനുമാണ് ഉപയോഗിക്കുക. ഭൂമി കയ്യേറലും അപ്രകാരം തന്നെ, അതിനുള്ള ശിക്ഷയാകട്ടെ അതികഠിനവും.

അബ്ദുല്ലാഹിബ്നു ഉമറിൽﷺവിൽനിന്ന് ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

---

[75] ഇബ്നുമാജ 2313, അൽബാനി, സ്വഹീഹുൽ ജാമിഅ്:5114

(( مَنْ أَخَذَ مِنَ اْلأَرْضِ شَيْئاً بِغَيْرِ حَقِّهِ خسفَ بِهِ يَوْمَ الْقِيَامَةِ إِلَى سَبْعِ أَرَضِينَ ))

(ആരെങ്കിലും അന്യായമായി ഭൂമിയിൽനിന്ന് വല്ലതുമെടുത്താൽ അന്ത്യനാളിൽ ഏഴുഭൂമികൾക്കടിയിലേക്ക് അവൻ താഴ്ത്തപ്പെടും.) [76]

യഅ്ല ബ്നു മുർറാ ﵁ വിൽനിന്നും ഉദ്ധരിക്കുന്ന ഹദീസിൽ ഇപ്രകാരം കാണാം.

(( أَيُّمَا رَجُلٍ ظَلَمَ شِبْراً مِنَ الأَرْضِ كَلَّفَهُ اللهُ أَنْ يَحْفِـــرَهُ [ فِي الطَبَرَانِي : يَحْضُرَهُ ] حَتَى يَبْلُغَ آخِرَ سَبْعِ أَرَضِـــينَ ، ثُمَّ يُطَوَّقُهُ يَوْمَ الْقِيَامَةِ حَتَى يُقْضَى بَيْنَ النَّاسِ ))

(ഏതൊരാളാണോ ഒരു ചാൺ ഭൂമി അതിക്രമമായി എടുക്കുന്നത് (എങ്കിൽ) അല്ലാഹു അവനോട് ഏഴു ഭൂമികളുടെ ആഴത്തിലേക്ക് കുഴിക്കാൻ (ത്വബ്റാനിയുടെ റിപ്പോർട്ടിൽ ഭൂമികൾ ഹാജറാക്കാൻ) കൽപ്പിക്കുകയും അന്ത്യനാളിൽ ജനങ്ങൾക്കിടയിൽ വിധികൽപ്പിക്കുന്നതുവരെ (ആ ഭൂമി കൊണ്ട്) അവന് കണ്ഠാഭരണം അണിയിക്കുകയും ചെയ്യും.)[77]

---

[76] ബുഖാരി.

[77] ത്വബ്റാനി 22:270, അൽബാനി, സ്വഹീഹുൽജാമിഅ്: 2719

സ്ഥലങ്ങളുടെ അതിരുകളും അതിരുകൾ തിരിച്ചറിയാനുള്ള അടയാളങ്ങളും മാറ്റി സ്വന്തം ഭൂമി വിശാലമാക്കുന്ന സമ്പ്രദായം ഇതിൽപ്പെട്ടതാണ്.

(( لَعَنَ اللهُ مَنْ غَيَّرَ مَنَارَ الْأَرْضِ ))

(ഭൂമിയിലെ അടയാളങ്ങളഗ് മാറ്റുന്നവനെ അല്ലാഹു ശപിക്കട്ടെ,)[78]

## ശുപാർശക്ക് ഗിഫ്റ്റ് സ്വീകരിക്കൽ.

നന്ദി കാണിക്കുന്ന അടിയാന്മാർക്ക് അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹകടാക്ഷമാണ് സ്ഥാനമാനങ്ങളും പേരും പെരുമയും. മുസ്ലിംകൾക്ക് ഉപകാരപ്പെടുമാറ് ഈ അനുഗ്രഹങ്ങൾ ചിലവഴിക്കൽ അല്ലാഹുവിനോടുള്ള നന്ദി പ്രകടനമാണ്. നബിﷺ അരുളി:

(( مَنْ اِسْتَطَاعَ مِنْكُمْ أَنْ يَنْفَعَ أَخَاهُ فَلْيَفْعَلْ ))

(തൻെറ സഹോദരന് ഉപകാരം ചെയ്യുവാൻ സാധിക്കുന്നവൻ അപ്രകാരം ചെയ്തുകൊള്ളട്ടെ.)[79] എന്ന തിരുമൊഴിയുടെ പൊരുൾ അതാണറിയിക്കുന്നത്. ഒരാൾ ആത്മാർത്ഥമായി തൻെറ പദവി ഉപയോഗിച്ച് അരുതാത്തവക്ക് കൂട്ടുനിൽക്കാതെ അവകാശങ്ങൾ ഹനിക്കാതെ തൻെറ

---

[78] മുസ്ലിം

[79] മുസ്ലിം 4 : 1726

സഹോദരൻ മുസ്‌ലിമിൽനിന്ന് ഒരക്രമം ചെറുക്കുകയോ, ഒരു നന്മ നേടിക്കൊടുക്കുകയോ ചെയ്യുന്നത് പ്രതിഫലാർഹമാണ്. നബിﷺ പറഞ്ഞു: ((اشْفَعُوا تُؤْجَرُوا))
(ശുപാർശ ചെയ്യുവീൻ നിങ്ങൾക്കതിന് പ്രതിഫലം ലഭിക്കും.) [80]

ഇത്തരമൊരു ശുപാർശക്കോ, മദ്ധ്യസ്ഥതക്കോ, സാക്ഷിയാവലിനോ പകരം പറ്റാൻ പാടുള്ളതല്ല. അബൂ ഉമാമ رضي الله عنه വിൽനിന്ന് നിവേദനം:

((مَنْ شَفَعَ لأَحَدٍ شَفَاعَةً ، فَأَهْدَى لَهُ هَدِيَةً [عَلَيْهَا] فَقَبِلَهَا [ مِنْهُ ] فَقَدْ أَتَى بَاباً عَظِيماً مِنْ أَبْوَابِ الرِّبَا ))

(ഒരാൾ ആർക്കെങ്കിലും ഒരു ശുപാർശ ചെയ്യുകയും എന്നിട്ട് (ശുപാർശകന് പ്രതിഫലമായി) ഒരു ഗിഫ്റ്റ് സമർപ്പിക്കുകയും അവനത് സ്വീകരിക്കുകയും ചെയ്താൽ പലിശയുടെ പലകവാടങ്ങളിൽ ഒന്നിലാണവൻ എത്തിപ്പെട്ടത്.) [81]

ചിലയാളുകൾ തങ്ങളുടെ സാന്നിദ്ധ്യവും സ്ഥാനവും ഒരാളെ ജോലിയിൽ ചേർക്കാനോ, സ്ഥലംമാറ്റം നൽകാനോ, രോഗിയെ ചികിൽസിക്കാനോ വിനിയോഗിക്കുമ്പോൾ പകരമായി പണം നൽകണമെന്ന് നിബന്ധന വെക്കാറുണ്ട്. പണ്ഡിതന്മാരുടെ പ്രബലമായ അഭിപ്രായം, മേൽപ്പറഞ്ഞ അബൂ ഉമാമയുടെ ഹദീസിൻെറ അടിസ്ഥാനത്തിൽ ഈ സംഖ്യ ഹറാമാണ് എന്നാണ്. മാത്രമല്ല മുൻകൂട്ടി നിബന്ധനവെച്ചില്ലെങ്കിലും പകരപ്പണം പറ്റാൻ പാ

---

80 ബുഖാരി, മുസ്‌ലിം.

81 അഹ്മദ് 5: 261, അൽബാനി, സ്വഹീഹുൽജാമിഅ്:6292

ടില്ലെന്ന് ഹദീസിൻെറ ബാഹ്യരൂപം തെളിയിക്കുകയും ചെയ്യുന്നു. സുകൃതം ചെയ്യുന്നവർക്ക് അന്ത്യനാളിലുള്ള അല്ലാഹുവിൻെറ പ്രതിഫലം എമ്പാടും മതിയാകുന്നതാണ്.ഹസന് ഇബനു സഹ്ൽﷺവിൻെറ അടുക്കലേക്ക് ഒരു ആവശ്യ നിർവ്വഹണത്തിന് ശുപാർശ ചെയ്യണമെന്നാവശ്യപ്പെട്ട് വന്ന ഒരാൾ കാര്യം സാധിച്ചപ്പോൾ വീണ്ടും നന്ദി പറയാൻ ഹസൻﷺവിനെ സമീപിച്ചു. അപ്പോൾ ഹസൻﷺ അവരോട് പറഞ്ഞു: "നമ്മോടെന്തിന് താങ്കൾ നന്ദി പറയണം? സ്വത്തിന് നിർബന്ധദാനമുള്ളതുപോലെ സ്ഥാന മാനം ലഭിച്ചതിനും ദാനം നൽകണമെന്ന അഭിപ്രായക്കാരനാണ് ഞാൻ." [82]

ഇവിടെ ഒരുകാര്യം സൂചിപ്പിക്കുന്നത് നന്നായിരിക്കും. അഥവാ ഒരാൾ തൻെറ ഇടപാട് നടത്താനോ മേൽനോട്ടം വഹിക്കാനോ ഒരാളെ കൂലിക്ക് നിർത്തിയാലത് അനുവദനീയമായ വാടകയുടെ വകുപ്പിലാണ് പെടുക. എന്നാൽ ഒരു സ്ഥാനത്തിരിക്കുന്നവൻ ശുപാർശ ചെയ്യാൻ പകരം പറ്റുന്ന പണം നിഷിദ്ധമാണ്. രണ്ടും തമ്മിൽ വലിയ അന്തരമുണ്ട്.

## വേതനം പൂർണ്ണമായി നൽകാതിരിക്കൽ

ജോലി ചെയ്തവന് കൂലി പെട്ടെന്ന് നൽകുന്നത് പ്രോൽസാഹിപ്പിച്ച് പ്രവാചകൻﷺ പറഞ്ഞു:

(( أَعْطُوا الأَجِيرَ أَجْرَهُ قَبْلَ أَنْ يَجِفَّ عِرْقَهُ ))

---

82 ഇബ്നുമുഫ്ലിഹ്, അൽ ആദാബു ശറഇയ. 2 :176

(കൂലിക്കാരന് അവൻെറ കൂലി വിയർപ്പ് വറ്റും മുമ്പ് നിങ്ങൾ നൽകണം.)[83]

മുസ്‌ലിംസമൂഹത്തിൽ ഇന്ന് പൊതുവെ കണ്ടുവരുന്ന അന്യായപ്രവർത്തനങ്ങളിൽ പെട്ടതാണ് ജോലിക്കാർക്കും കൂലിക്കാർക്കും ഉദ്യോഗസ്ഥന്മാർക്കും വേതനം നൽകാതിരിക്കൽ. പല നിലക്കാണ് പലരും ഇത്തരം അവകാശങ്ങൾ തടയുന്നത്.

1. തൊഴിലാളിയുടെ അവകാശം പൂർണ്ണമായും ഹനിക്കൽ. അവൻെറ കയ്യിൽ വ്യക്തമായ തെളിവില്ലാത്തതിനാൽ മറ്റുള്ളവർക്ക് അനീതി കാണിക്കാൻ അത് ആക്കം കൂട്ടുന്നു. ഇത്തരക്കാരുടെ അവകാശം ഭൂലോകത്ത് നഷ്ടപ്പെട്ടാലും അന്ത്യനാളിൽ അല്ലാഹുവിൻെറ തിരുസാന്നിദ്ധ്യത്തിൽ നിഷേധിക്കപ്പെടില്ല. കാരണം അക്രമി മർദ്ദിതൻെറ സമ്പത്ത് തിന്നാണ് പരലോകത്ത് ഹാജറാക്കപ്പെടുന്നതെങ്കിൽ അക്രമിയുടെ സൽക്കർമ്മങ്ങൾ എടുത്ത് അക്രമിക്കപ്പെട്ടവന് നൽകപ്പെടും. മർദ്ദകൻ സൽക്കർമ്മരഹിതനാണെങ്കിൽ അക്രമിക്കപ്പെട്ടവൻെറ തിന്മകൾ ആ നിഷ്ടൂരൻെറമേൽ ചേർത്തെഴുതി നരകാഗ്നിയിലേക്ക് അവൻ എടുത്തെറിയപ്പെടും.
2. വേതനം പൂർണ്ണമായി നൽകാതെയും അനർഹമായി കുറച്ചും ജോലിക്കാരനെ ചൂഷണം ചെയ്യൽ.
   അല്ലാഹു പറയുന്നു. :

وَيْلٌ لِّلْمُطَفِّفِينَ

---

[83] ഇബനുമാജ 2:817, അൽബാനി, സ്വഹീഹുൽജാമിഅ് 1493

“അളവിൽ കുറക്കുന്നവർക്ക് നാശം.” [വി.ക്വു. 83:1] ചില യജമാനന്മാർ ശമ്പളം നിശ്ചയിച്ച് വിദേശങ്ങളിൽനിന്ന് ജോലിക്കാരെ കൊണ്ടുവരികയും ശേഷം ജോലിയിൽ ചേർന്ന് ജോലി തുടങ്ങിയാൽ വീണ്ടുമൊരിക്കൽകൂടി വ്യവസ്ഥ പറഞ്ഞ് കൂലി കുറച്ച് നിർബന്ധിച്ച് നിർത്തുന്ന സമ്പ്രദായം ഇതിൽ പെട്ടതാണ്. ആവലാതികൾ അല്ലാഹുവിലേക്ക് ഉയർത്തുവാനല്ലാതെ അവകാശങ്ങൾ സ്ഥാപിക്കാൻപോലും അശക്തരായിരിക്കും ജോലിക്കാർ. ഇത്തരം അക്രമികളായ യജമാനന്മാർ മുസ്ലിംകളും ജോലിക്കാർ അമുസ്ലിംകളുമായാൽപോലും ഇതാണവസ്ഥ. ഇങ്ങനെയുള്ള ചൂഷണം നിമിത്തം അവിശ്വാസികൾ ദൈവ മാർഗ്ഗത്തിൽനിന്ന് തടയപ്പെടുന്ന സ്ഥിതിവിശേഷമുണ്ടായാൽ അതിൻെറ കൂടി പാപഭാരം യജമാനന്മാർ പേറേണ്ടി വരും.

3. അഡീഷണൽ ജോലി നൽകുകയോ, ജോലിസമയം കൂട്ടുകയോ ചെയ്ത് ശമ്പളം കൂട്ടികൊടുക്കാതിരിക്കുകയും, ഓവർ ടൈമിൻെറ പൈസ കൊടുക്കാതിരിക്കുകയും ചെയ്യൽ.

4. കൂലി കൊടുക്കുന്നതിൽ അമാന്തം കാണിക്കൽ. തൊഴിലാളികൾ പലതവണ ശ്രമിച്ചതിനും ബുദ്ധിമുട്ടിയതിനും കോടതിയെ സമീപിച്ചതിനും ശേഷമാണ് പലരും ശമ്പളം നൽകാറ്. തൊഴിലാളി മടുക്കുമ്പോൾ അവകാശം കയ്യൊഴിക്കണമെന്നും അല്ലെങ്കിൽ ഈ ശമ്പളം പലിശക്ക് നൽകുകയോ അത്കൊണ്ട് മറ്റെ

ന്തെങ്കിലും നേട്ടം കൊയ്യുകയോ ചെയ്യാമെന്നൊക്കെയാണ് മുതലാളിയുടെ ചിന്ത. ദരിദ്രനായ തൊഴിലാളിയാവട്ടെ നിത്യവൃത്തിക്കോ, കുടുംബത്തിനും കുട്ടികൾക്കും അയച്ചു കൊടുക്കാനോ വകയൊന്നും കാണുന്നില്ലതാനും. വേദനാജനകമായ ഒരു ദിവസത്തിന്റെ ശാപമാണ് ഇത്തരം മുതലാളിമാർക്ക്. അബൂ ഹുറയ്റ ﷺവിൽനിന്ന് നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം. നബി ﷺ പറഞ്ഞു.

(( قَالَ اللّٰهُ تَعَالَى : ثَلاَثَةٌ أَنَا خَصْمُهُمْ يَوْمَ الْقِيَامَةِ : رَجُلٌ أَعْطَى بِي ثُمَّ غَدَرَ، وَرَجُلٌ بَاعَ حُرًّا وَ أَكَلَ ثَمَنَهُ، وَرَجُلٌ اِسْتَأْجَرَ أَجِيراً فَاسْتَوْفَى مِنْهُ وَلَمْ يُعْطِهِ أَجْرَهُ ))

(അല്ലാഹു പറഞ്ഞു: അന്ത്യനാളിൽ മൂന്ന് കൂട്ടരുടെ കക്ഷിയായിരിക്കും ഞാൻ. ഒരാൾ എന്റെ പേരിൽ നൽകി പിന്നീട് വഞ്ചിച്ചു, ഒരാൾ ഒരു സ്വതന്ത്രനെ വിറ്റ് കാശാക്കി ആ പണം തിന്നു, ഒരാൾ ഒരാളെ കൂലിക്ക് വിളിച്ച് പൂർണ്ണമായി ജോലി ചെയ്യിക്കുകയും എന്നിട്ട് കൂലി കൊടുക്കാതിരിക്കുകയും ചെയ്തു.) [84]

# സന്താനത്തിൽ ചിലരോട് ധനവിനിയോഗത്തിൽ വേർതിരിവ് കാണിക്കൽ.

---

[84] ബുഖാരി.

ധനവിനിയോഗത്തിലും സഹായധനത്തിലുമെല്ലാം മക്കളിൽ ചിലരെ ചിലരെക്കാൾ മുൻഗണന നൽകാൻ ചിലർ തുനിയാറുണ്ട്. രോഗം ചികിത്സിക്കാൻ, കടം വീട്ടാൻ, നല്ല കാര്യങ്ങൾക്ക് പ്രോൽസാഹനമെന്നോണം സമ്മാനം നൽകൽ, ജോലിയില്ലാത്തതിനാൽ, കുടുംബ ഭാരം കുറക്കാൻ, വിദ്യഭ്യാസം തുടങ്ങിയ ഇസ്‌ലാമികമായ സാധൂകരണമില്ലാതെ സന്താനങ്ങളിൽ ചിലരെ തെരഞ്ഞെടുക്കലും കൊടുക്കലും തെറ്റാണെന്നാണ് പ്രബലമായ പണ്ഢിതമതം. ഇസ്‌ലാമികമായ സാധൂകരണം മറ്റ് മക്കളിൽ കണ്ടാൽ അവർക്കും സഹായം നൽകുമെന്നാകണം പിതാവിൻെറ ഉദ്ദേശ ശുദ്ധി. അല്ലാഹു പറഞ്ഞു.:

... اعْدِلُواْ هُوَ أَقْرَبُ لِلتَّقْوَى وَاتَّقُواْ اللّهَ...

“...നിങ്ങൾ നീതി പാലിക്കുക, അതാണ് ധർമ്മ നിഷ്ടയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക...“ [വി.ക്വു. 5:8]

ഈ വിശുദ്ധ സൂക്തത്തിൽ പൊതുവിലും നുഅ്മാനുബ്നു ബഷീർﷺവിൽനിന്നുള്ള, താഴെ ഉദ്ധരിക്കുന്ന ഹദീസിൽ പ്രത്യേകമായും ഈ വിഷയത്തിൽ തെളിവ് ദർശിക്കാം.

( أَنَّ أَبَاهُ أَتَى بِهِ إِلَى رَسُولِ اللهِ ﷺ ، فَقَالَ : إِنِّي نَحَلْتُ ابْنِي هَذَا غُلاَماً ، فَقَالَ رَسُولُ اللهِ ﷺ: ((أَكُلَّ وَلَدِكَ نَحَلْتَهُ مِثْلَهُ ؟ )) فَقَالَ : لاَ. فَقَالَ رَسُولُ اللهِ ﷺ: ((فَأَرْجِعْهُ))

وفي روايةٍ فَقَالَ رَسُولُ اللهِ ﷺ:((اِتَّقُوا اللهَ وَاعْدِلُوا بَيْنَ أولاَدِكُـــمْ )) قَالَ : فَرَجَعَ فَرَدَّ عَطِـــيَّتَـــهُ ، وَفِي رِوايةٍ : (( فَلاَ تُشْهِدْنِي إِذَنْ فَإِنِّي لاَ أُشْهِدُ عَلَى جَوْرٍ ))

അദ്ദേഹം പറയുന്നു.: അദ്ദേഹത്തിൻെറ പിതാവ് അദ്ദേഹത്തെയുംകൊണ്ട് അല്ലാഹുവിൻെറ റസൂൽﷺയുടെ അടുക്കൽ ചെന്ന് പറഞ്ഞു. "ഞാൻ എൻെറ ഈ പുത്രന് ഒരു അടിമയെ സമ്മാനിച്ചു. അല്ലാഹുവിൻെറ റസൂൽﷺ പറഞ്ഞു.: (നിൻെറ എല്ലാ മക്കൾക്കും ഇത് പോലെ ദാനം നൽകിയോ? അദ്ദേഹം പറഞ്ഞു: ഇല്ല. അപ്പോൾ അല്ലാഹുവിൻെറ റസൂൽﷺ പറഞ്ഞു: എങ്കിൽ അത് തിരിച്ച് വാങ്ങുക." മറ്റൊരു റിപ്പോർട്ടിൽ റസൂൽﷺ ഇപ്രകാരം പറഞ്ഞു : നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും മക്കൾക്കിടയിൽ നീതികാണിക്കുകയും ചെയ്യുക. അപ്പോൾ പിതാവ് തിരിച്ച് വരികയും ദാനം തന്നത് തിരിച്ച് വാങ്ങുകയും ചെയ്തു. ഇമാം മുസ്ലിമിൻെറ റിപ്പോർട്ടിൽ: നബിﷺ പറഞ്ഞു.: എങ്കിൽ താങ്കൾ എന്നെ സാക്ഷിയാക്കരുത് കാരണം ഞാൻ അക്രമത്തിന് സാക്ഷി നിൽക്കുകയില്ല.) [85]

അനന്തരാവകാശസ്വത്ത് വിഹിതം വെക്കും പ്രകാരം ഒരു

[85] ബുഖാരി , മുസ്ലിം.

പുരുഷന് സ്ത്രീയുടെ രണ്ടോഹരി നൽകണം. ഇമാം അ ഹ്മദ്ﷺവിൻെറ അഭിപ്രായം ഇതാണ്.[86]

ചില കുടുംബസാഹചര്യങ്ങളിലേക്ക് കണ്ണോടിച്ചാൽ അല്ലാഹുവിനെ ഭയമില്ലാത്ത പിതാക്കൾ മക്കളിൽ ചിലർ ചിലരോട് പകയുള്ളവരാകാനും അവരിൽ പരസ്പരം വി ദ്വേഷവും ഈർഷ്യതയും വളർത്തുവാനും അവർക്കിടയിൽ വേർതിരിവ് കാണിക്കാറുണ്ട്. ചിലപ്പോൾ പിതൃവ്യന്മാരോട് സാദൃശ്യമുണ്ടെന്ന നിലക്ക് ആ മക്കൾക്ക് മുൻഗണന. അ മ്മാവന്മാരോട് സാദൃശ്യരാണെങ്കിൽ അവഗണന. അത് പോലെ രണ്ടിൽ ഒരു ഭാര്യയുടെ മക്കൾക്ക് ഉന്നത വിദ്യാ ഭ്യാസവും പരിഗണനയും. മറ്റു മക്കൾക്ക് നേരെ അവഗ ണന. ഇത്തരം അനീതി ഒരു കാലത്ത് പിതാവിനെതിരിൽ തിരിയുമെന്നതാണ് വസ്തുത. ഭാവിയിൽ അത്തരം പിതാ ക്കളെ തിരിഞ്ഞ് നോക്കാൻ പോലും മക്കൾ കൂട്ടാക്കില്ല. നബിﷺ മക്കളിൽ ഏറ്റക്കുറച്ചിൽ കാണിക്കുന്നവരോട് ഇ പ്രകാരം പറഞ്ഞു.:

(( أَلَيْسَ يَسُرُّكَ أَنْ يَكُونُوا إِلَيْكَ فِي البرِّ سَوَاء ))

(താങ്കളുടെ മക്കൾ താങ്കൾക്ക് പുണ്യംചെയ്യുന്നതിൽ ഒരു പോലെയാവുക എന്നത് താങ്കളെ സന്തോഷവാനാക്കുന്നി ല്ലേ?)[87]

---

86 മസാഇലുൽ ഇമാംഅഹ്മദ്: 204, ഇമാം ഇബ്നുൽ ഖയ്യിം ഈ പുസ്തകത്തിന് അടിക്കുറിപ്പ് തയ്യാറാക്കിയപ്പോൾ ഈ വിഷയം ആധികാരികമായി വിവരിച്ചിട്ടുണ്ട്.

87 മുസ്ലിം 1623, അഹ്മദ് 4 : 269

## അനാവശ്യയാചന.

സഹ്ലുബ്നു ഹൻദല ﵁ വിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. : റസൂൽ ﷺ പറഞ്ഞു. :

((مَنْ سَأَلَ وَعِنْدَهُ مَا يُغْنِيهِ فإِنَّمَا يَسْتَكْثِرُ مِنْ جَمرِ جَهَنَّمَ ، قالوا: وَمَا الْغِنَى الَّذِي لاَ تَنْبَغِي مَعَهُ الْمَسْأَلَةُ ؟ قَالَ : قَدْرَ مَا يُغَدِّيهِ و يُعَشِّيهِ ))

(ആരെങ്കിലും തനിക്ക് മതിയായത് തൻെറ അടുക്കലുണ്ടായിരിക്കെ യാചിച്ചാൽ അവൻ നരകാഗ്നിയിലെ തീക്കനലുകളാണ് അധികരിപ്പിക്കുന്നത്. അവർ (സ്വഹാബികൾ) ചോദിച്ചു: തനിക്കൊരു ധന്യതയുണ്ട് അതുണ്ടായിരിക്കെ യാചിക്കാൻ പാടില്ല, ആ ധന്യത ഏതാണ്? അദ്ദേഹം പറഞ്ഞു: രാവിലേയും രാത്രിയും കഴിക്കാൻ പര്യാപ്തമായ ഭക്ഷണം.) [88]

ഇബന് മസ്ഊദ് ﵁ വിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന മറ്റൊരു ഹദീസിൽ അല്ലാഹുവിൻെറ റസൂൽ ﷺ പറയുന്നു.:

(( مَنْ سَأَلَ وَلَهُ مَا يُغْنِيهِ جَاءَتْ مَسْأَلَتُهُ يَوْمَ الْقِيَامَةِ خَدُوشًا أَوْ كَدُوشًا فِي وَجْهِهِ ))

(ഒരാൾ തനിക്ക് മതിയായത് ഉണ്ടായിരിക്കെ യാചിച്ചാൽ അന്ത്യനാളിൽ മാന്തിക്കീറിയ മുഖവുമായിട്ടാണ് ഹാജറാ

---

88 അബൂദാവൂദ് 2:281, അൽബാനി, സ്വഹീഹുൽജാമിഅ് 6280

വുക.)[89] [അബൂഹുറയ്റ ﵁വിൽനിന്നുള്ള ഇമാം മുസ്‌ലിമിന്റെ റിപ്പോർട്ടിൽ നബി ﷺ പറയുന്നു :

((مَنْ سَأَلَ النَّاسَ أَمْوَالَهُمْ تَكَثُّراً فَإِنَّمَا يَسْأَلُ جَمَراً فَلْيَسْتَقِلَّ أَوْ لِيَسْتَكْثِرْ ))

(ഒരാൾ ധനം വർദ്ധിപ്പിക്കാൻ ജനങ്ങളോട് യാചിച്ചാൽ അവൻ തീക്കനലാണ് ചോദിക്കുന്നത്. അതിനാൽ ആ ചോദ്യം കുറക്കുന്നെങ്കിൽ കുറക്കട്ടെ, അല്ലെങ്കിൽ അധികരിപ്പിക്കട്ടെ. അവൻ യാചിച്ചുണ്ടാക്കുന്നത് കുറച്ചാകട്ടെ കൂടുതലാകട്ടെ)

ചില ശുദ്ര ഭിക്ഷുക്കൾ ജനങ്ങളുടെ ആരാധനാക്രമങ്ങൾ താറുമാറാക്കുംവിധം വ്യാധിപൂണ്ടും കളവ് പറഞ്ഞും കള്ള സർട്ടിഫിക്കറ്റുകളും കള്ളക്കഥകളും കെട്ടിയുണ്ടാക്കിയും പള്ളികളിൽ എത്താറുണ്ട്. അവർ അവരെ അനന്തരമെടുക്കാൻപോലും സ്വത്തുള്ളവരായിരിക്കെ വീട്ടുമെമ്പർമാരെ ഒരു പള്ളി കഴിഞ്ഞാൽ മറ്റൊരു പള്ളിയിലേക്കെന്നപോലെ പല പള്ളികളിലേക്കും പറഞ്ഞയച്ച് പണപ്പിരിവ് നടത്തുന്നു. എന്നാൽ അവശരും അർഹരുമായ ആവശ്യക്കാരാകട്ടെ, അവരെക്കുറിച്ചറിയാത്തവർ അവരുടെ അഭിമാനബോധംകണ്ട് ധനികനാണെന്ന് ധരിക്കുന്നു. അവരാകട്ടെ ധർമ്മം കിട്ടാൻ ജനങ്ങളെ ചോദിച്ചു വിഷമിപ്പിക്കുകയോ ധരിപ്പിക്കുകയോ ഇല്ല.

---

[89] അഹ്മദ് 1: 388, അൽബാനി, സ്വഹീഹുൽജാമിഅ് 6255

# കൊടുത്തുവീട്ടാൻ ഉദ്ദേശമില്ലാതെ കടം വാങ്ങൽ

അല്ലാഹുവിൻെറ അടിമകളുടെ അവകാശം അതി മഹത്തരമാണ്. ശക്തമായ പശ്ചാതാപബോധത്താൽ അല്ലാഹുവിൻെറ അവകാശത്തിൽനിന്നും രക്ഷപ്പെട്ടേക്കാം. എന്നാൽ അടിയാറുകളുടെ അവകാശങ്ങൾ ദീനാറുകൾ കൊണ്ടും ദിർഹമുകൾ കൊണ്ടും വിധിനിർണയമില്ലാത്ത അന്ത്യനാൾ വന്നെത്തുംമുമ്പ് കൊടുത്ത് വീട്ടിയേ മതിയാവൂ. അന്നത്തെ വിധിനിർണ്ണയം നന്മതിന്മകൾക്കനുസരിച്ച് മാത്രം. അല്ലാഹു പറയുന്നു. :

...إِنَّ اللّهَ يَأْمُرُكُمْ أَن تُؤدُّواْ الأَمَانَاتِ إِلَى أَهْلِهَا ...

“വിശ്വസിച്ചേൽപ്പിക്കപ്പെട്ട അമാനത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്ത് വീട്ടണമെന്ന് അല്ലാഹു നിങ്ങളോട് കൽപ്പിക്കുന്നു.” [വി.ക്വു. 4:58]

സമൂഹത്തിൽ കടം വാങ്ങലിലെ കാര്യക്ഷമതയില്ലായ്മ വ്യാപകമായിരിക്കുന്നു. ചിലർ ആവശ്യങ്ങൾക്കല്ല പലപ്പോഴും കടം വാങ്ങുന്നത്. കൂടുതൽ സമ്പാദിക്കാനും അന്യരെപ്പോലെ തനിക്കും എല്ലാം പുതിയത് വേണം എന്ന ചിന്താഗതിയോടുകൂടിയുമാണ് പലരും കടം വാങ്ങുന്നത്. പലപ്പോഴും പലരും ഘടുക്കളായി അടച്ചു വീട്ടുന്ന ഇടപാടുകളിലാണ് ചെന്ന് ചാടുക. ഇത്തരം ഇടപാടുകളാകട്ടെ പലപ്പോഴും സന്ദേഹങ്ങളിൽനിന്നോ നിഷിദ്ധങ്ങളിൽനിന്നോ മുക്തമല്ലതാനും. യഥേഷ്ടം കടം വാങ്ങി കൂട്ടുന്നത് മൂലം തിരിച്ചടക്കുന്നതിൽ അമാന്തം കാണിക്കാനും അ

ന്യരുടെ സ്വത്ത് നഷ്ടപ്പെടുത്താനും നശിപ്പിക്കാനും ഇടവരുത്തും തൽഫലത്തെ താക്കീത് ചെയ്ത് നബിﷺ പറഞ്ഞു:

((مَنْ أَخَذَ أَمْوَالَ النَّاسِ يُرِيدُ أَدَاءَهَا ، أَدَّى اللهُ عَنْهُ ، وَمَنْ أَخَذَ يُرِيدُ إِتْلافَهَا أَتْلَفَهُ اللهُ ))

(ആരെങ്കിലും ജനങ്ങളുടെ സ്വത്ത് കൊടുത്ത് വീട്ടുമെന്ന ഉദ്ദേശത്തോടെ സ്വീകരിച്ചാൽ അല്ലാഹു അവനെത്തൊട്ട് അത് കൊടുത്ത് വീട്ടും. ആരെങ്കിലും അത് നശിപ്പിക്കാനാണ് സ്വീകരിക്കുന്നതെങ്കിൽ അല്ലാഹു അവനെ നശിപ്പിക്കും.)[90]

കടമിടപാട് പലരും കാര്യഗൗരവത്തിലെടുക്കാറില്ല. എന്നാൽ അല്ലാഹുവിങ്കലാകട്ടെ കാര്യം അതിഗൗരവമാണ്. എത്രത്തോളമെന്ന് വെച്ചാൽ ഒരു രക്തസാക്ഷി തനിക്ക് ഉദാത്തമായ മേന്മകളും ഉത്കൃഷ്ട പ്രതിഫലവും ഉത്തമ സ്ഥാനവുമൊക്കെ ഉണ്ടായിട്ടും കടബാധ്യതകളുടെ കെടുതിയിൽനിന്ന് മോചിതനല്ല. നബിﷺ പറയുന്നു. :

((سُبْحَانَ اللهِ ! مَاذَا أَنْزَلَ اللهُ مِنَ التَّشْدِيدِ فِي الدَّيْنِ ؟! وَالَّذِي نَفْسِي بِيَدِهِ لَوْ أَنَّ رَجُلاً قُتِلَ فِي سَبِيلِ اللهِ ، ثُمَّ أُحْيِيَ ثُمَّ قُتِلَ ، ثُمَّ أُحْيِيَ ثُمَّ قُتِلَ ، وَعَلَيْهِ دَيْنٌ مَا دَخَلَ الْجَنَّةَ حَتَى يُقْضَى عَنْهُ دَيْنُهُ ))

---

90 ബുഖാരി. ഫത്ഹുൽ ബാരി. 5 :54

(അല്ലാഹുവാകുന്നു പരമപരിശുദ്ധൻ! കടത്തിൻേറ കാര്യത്തിൽ കാർകശ്യം പുലർത്തി അല്ലാഹു എന്താണ് അവതരിപ്പിച്ചിരിക്കുന്നത്?! എൻെറ ആത്മാവ് ആരുടെ കയ്യിലാണോ അവനെക്കൊണ്ട് തന്നെയാണ് സത്യം, ഒരാൾ തൻെറമേൽ കടബാധ്യതയുണ്ടായിരിക്കെ (അല്ലാഹുവിൻെറ മാർഗ്ഗത്തിൽ) വധിക്കപ്പെടുകയും പിന്നെ ജീവിപ്പിക്കപ്പെടുകയും വീണ്ടും (അല്ലാഹുവിൻെറ മാർഗ്ഗത്തിൽ) വധിക്കപ്പെടുകയും പിന്നെയും ജീവിപ്പിക്കപ്പെടുകയും വീണ്ടുമൊരിക്കൽ കൂടി വധിക്കപ്പെടുകയും ചെയ്താൽ പോലും തനിക്ക് വേണ്ടി ആ കടം വീട്ടുന്നത് വരെ സ്വർഗ്ഗത്തിൽ പ്രവേശിക്കില്ല.) [91]

തിരുമൊഴി ഇതായിരിക്കെ യഥേഷ്ടം കടമിടപാട് നടത്തി ബാധ്യത തീർക്കാത്തവർ എങ്ങനെ രക്ഷപ്പെടും.?

## ഹറാമ് തിന്നൽ

അല്ലാഹുവിനെ ഭയമില്ലാത്തവർ തങ്ങൾ എങ്ങിനെ സമ്പാദിക്കുന്നുവെന്നോ സമ്പത്ത് എന്തിന് ചിലവഴിക്കുന്നെന്നോ പ്രശ്നമാക്കാറില്ല. മാത്രമല്ല കളവ്, കൈക്കൂലി, കൊള്ള, കരിഞ്ചന്ത, കള്ളക്കച്ചവടം, പലിശ, അനാഥധനം, ഗാനാലാപനത്തിനും മാരണത്തിനും വ്യഭിചാരത്തിനും ലഭിക്കുന്ന കൂലി, മുസ്‌ലിം സ്റ്റേറ്റ് ട്രഷറിയും പൊതു മുതലും കൊള്ളചെയ്തെടുത്തത്, അന്യരെ അലോസരപ്പെടുത്തി പിടുങ്ങിയ പണം, വൃഥാ യാചിച്ചു നേടിയത് തുടങ്ങിയ നിഷിദ്ധങ്ങളാണെങ്കിൽ പോലും തൻെറ കൈമിച്ചം വർദ്ധിപ്പിക്കുകയെന്നതായിരിക്കും അവരുടെ മുഴു

[91] നസാഇ , മുജ്തബാ 7:314,സ്വഹീഹുൽ ജാമിഅ് 3594

ചിന്തയും. അവിടെ നിന്നങ്ങോട്ട് ഭക്ഷണം, വസ്ത്രം, പാർപ്പിടം, വാടകവീട്ടുപകരണങ്ങൾ തുടങ്ങിയവയെല്ലാം ഹറാമിൽ നിന്നായിരിക്കും. ഫലമോ നിഷിദ്ധങ്ങൾ അവന്റെ വയറ്റിൽ സ്ഥാനം പിടിക്കലും.

നബിﷺ പറഞ്ഞു :

( كُلُّ لَحْمٍ نَبَتَ مِنْ سُحْتٍ فَالنَّارُ أَوْلَى بِهِ )

(നിഷിദ്ധ സമ്പാദ്യത്തിലൂടെ വളരുന്ന മാംസത്തിന് ഏറ്റവും അർഹമായത് നരകമാണ്.) [92]

അന്ത്യനാളിൽ തന്റെ ധനം എവിടെനിന്ന് സമ്പാദിച്ചെന്നും എവിടെ ചിലവഴിച്ചെന്നും ചോദിക്കപ്പെടും. അവിടെയായിരിക്കും നാശവും നഷ്ടവും. അതിനാൽ ആരിലെങ്കിലും ഹറാമായ മുതലുകൾ അവശേഷിക്കുന്നുവെങ്കിൽ അതിൽനിന്ന് പൊടുന്നനെ കൈകഴുകുവാനും വിചാരണയുടെ ദിനം വന്നെത്തും മുമ്പ് മനുഷ്യരുടെ അവകാശം അവരിലേക്ക് തിരിച്ചേൽപ്പിച്ച് അവരോട് ക്ഷമാപണം നടത്തുവാനും വ്യഗ്രത കാണിക്കേണ്ടതുണ്ട്.

## കള്ള് കുടി

അല്ലാഹു പറയുന്നു:

[92] ത്വബ്റാനി 19:136, അൽബാനി, സ്വഹീഹുൽജാമിഅ് 4495

يَا أَيُّهَا الَّذِينَ آمَنُواْ إِنَّمَا الْخَمْرُ وَالْمَيْسِرُ وَالأَنصَابُ وَالأَزْلاَمُ رِجْسٌ مِّنْ عَمَلِ الشَّيْطَانِ فَاجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ

"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും, പൈശാചിക ദുർവൃത്തികൾ മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം."

[വി.ക്വു. 5:90]

ഇവിടെ വർജ്ജിക്കുക എന്ന കൽപ്പനക്രിയ ഒരു കാര്യം നിഷിദ്ധമാണെന്നതിന് ശക്തമായ തെളിവാകുന്നു. കള്ളിനെ ബഹുദൈവവിശ്വാസികളുടെ ആരാധനാമൂർത്തികളായ പ്രതിഷ്ഠകളോട് ചേർത്ത് പറഞ്ഞത് തന്നെ കള്ള് ഹറാമാണന്ന് പ്രത്യക്ഷത്തിൽ പറഞ്ഞില്ലെങ്കിലും ഹറാമാണെന്നതിന് കുറ്റമറ്റ തെളിവത്രെ.

കള്ള് കുടിയന്മാർക്ക് വ്യക്തമായ താക്കീതെന്നോണം പ്രവാചകചര്യയിൽ തിരുമൊഴിയായി വന്നത് ജാബിർ ﵁വിൽനിന്ന് ഉദ്ധരിക്കുന്നു.

((...."إِنَّ عَلَى اللهِ عَهْداً لِمَنْ يَشْرَبُ الْمُسْكِرَ أَنْ يُسْقِيَهُ مِنْ طِينَةِ الْخَبَالِ" قَالُوا: يَا رَسُولَ اللهِ ،وَمَا طِينَةُ الْخَبَالِ ؟ قَالَ: "عِرْقُ أَهْلِ النَّارِ أَوْ عُصَارَةُ أَهْلِ النَّارِ" ))

(തീർച്ചയായും അല്ലാഹു ലഹരി കുടിക്കുന്നവരുമായുള്ള കരാറാണ് അവൻ അവരെ `ത്വീനത്തുൽ ഖബാൽ' കുടിപ്പിക്കുക എന്നത്. അവർ (സ്വഹാബികൾ) ചോദിച്ചു: അല്ലാഹുവിൻെറ റസൂലേ, എന്താണ് ത്വീനത്തുൽ ഖബാൽ? അദ്ദേ

ഹം പറഞ്ഞു: നരകാഗ്നിയിൽ വെന്തെരിയുന്നവരുടെ വിയർപ്പ് അല്ലെങ്കിൽ നരകിയരെ പിഴിഞ്ഞുണ്ടാക്കുന്ന ദ്രവം.) [93]
ഇബ്നു അബ്ബാസ്ﷺവിൽനിന്ന് ഉദ്ധരിക്കുന്ന മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം.

(( مَنْ مَاتَ وَهُوَ مُدْمِنُ خَمْرٍ لَقِيَ اللهَ وَهُوَ كَعَابِدِ وَثَنٍ ))

(മുഴുകുടിയനായി ഒരാൾ മരിച്ചാൽ അവൻ അല്ലാഹുവിനെ കണ്ടെത്തുന്നത് അവനൊരു വിഗ്രഹാരാധകനായിരുന്നെങ്കിൽ എപ്രകാരമാണോ അത് പോലെയായിരിക്കും.)[94]

വർത്തമാനകാലത്ത് ലഹരിപദാർത്ഥങ്ങളുടേയും മദ്യങ്ങളുടേയും ഇനങ്ങൾ അതി വൈവിധ്യമാർന്നതും ബീർ, ആൽക്കഹോൾ, വിസ്ക്കി, വൂഡ്ക്ക (ഗോതമ്പ് ചാരായം) ഷാംവെയിൻ (വീഞ്ഞ്) എന്ന് തുടങ്ങി അറബിയിലും അനറബിയിലും ഒട്ടനവധി പേരുകളും വർദ്ധിച്ചിരിക്കുന്നു.
നബിﷺ പറഞ്ഞു.

(( لَيَشْرَبَنَّ نَاسٌ مِنْ أُمَّتِي الْخَمْرَ يُسَمُّونَهَا بِغَيْرِ اسْمِهَا ))

(കള്ളിന് അതിന്റേതല്ലാത്ത പേര്വെച്ച് എന്റെ ഉമ്മത്തിൽ ഒരു വിഭാഗം കള്ള്കുടിക്കുക തന്നെ ചെയ്യും.) [95]
ഈ ഹദീസിൽ വിവരിച്ച വിഭാഗം സമൂഹത്തിൽ രംഗപ്രവേശനം ചെയ്തിരിക്കുന്നു. അവർ കള്ളവാദത്തിലൂടെ കള്ളിനെ ആത്മീയ പാനീയം എന്നുപോലും വിളിച്ചിരിക്കു ന്നു.

അല്ലാഹു പറയുന്നു. :

---

93 മുസ്ലിം 3: 1587

94 ത്വബ്റാനി : 12:45, അൽബാനി, സ്വഹീഹുൽ ജാമിഅ്.

95 അഹ്മദ് 5: 342, അൽബാനി, സ്വഹീഹുൽജാമിഅ്: 5453

يُخَادِعُونَ اللّهَ وَالَّذِينَ آمَنُوا وَمَا يَخْدَعُونَ إِلاَّ أَنفُسَهُم وَمَا يَشْعُرُونَ

"അല്ലാഹുവിനേയും വിശ്വാസികളേയും വഞ്ചിക്കുവാനാണ് അവർ ശ്രമിക്കുന്നത്. (വാസ്തവത്തിൽ) അവർ ആത്മവഞ്ചന മാത്രമാണ് നടത്തുന്നത്. അവരത് മനസ്സിലാക്കുന്നില്ല." [വി.ക്വു. 2:9]

മദ്യവും മയക്ക് മരുന്നും അവയല്ലാത്തവയിൽനിന്ന് വേർതിരിക്കുവാനും വ്യക്തമായി തിരിച്ചറിയുവാനും മഹത്തായ മാനദണ്ഡമാണ് ഇസ്ലാം നിശ്ചയിച്ചിരിക്കുന്നത്. നബിﷺ യുടെ വാക്ക് നോക്കുക.

(( كُلُّ مُسْكِرٍ خَمْرٌ وَكُلُّ مُسْكِرٍ حَرَامٌ ))

(എല്ലാ ലഹരിപദാർത്ഥങ്ങളും കള്ളാകുന്നു, ലഹരിയുണ്ടാക്കുന്നതെല്ലാം ഹറാമുമാകുന്നു.)[96] ഓമനപ്പേരുകൾ എത്ര മാത്രമായാലും ബുദ്ധിയെ മൂടുകയും മസ്താക്കുകയും ചെയ്യുന്നതെല്ലാം കുറച്ചായാലും കൂടുതലായാലും ഹറാമാണ്. എല്ലാം കള്ള്തന്നെ, നിഷിദ്ധവും.

[നബിﷺ പറഞ്ഞു: ((مَا أَسْكَرَ كَثِيرُهُ فَقَلِيلُهُ حَرَامٌ)) കൂടുതൽ (ഉപയോഗിച്ചാൽ) മസ്താക്കുന്നതെല്ലാം കുറച്ചും (ഉപയോ

---

96 മുസ്ലിം 3 : 1587

ഗിക്കുന്നത്) ഹറാമാണ്[97] മദ്യപാനികൾക്ക് ഒരു സദുപദേശമെന്നോണം നബിﷺ പറഞ്ഞു.:

((مَنْ شَرِبَ الْخَمْرَ لَمْ تُقْبَلْ لَهُ صَلاَةُ أَرْبَعِينَ صَبَاحاً ، وَإِنْ مَاتَ دَخَلَ النَّارَ ، فَإِنْ تَابَ تَابَ اللهُ عَلَيْهِ ، وَإِنْ عَادَ فَشَرِبَ فَسَكَرَ لَمْ تُقْبَلْ لَهُ صَلاَةُ أَرْبَعِينَ صَبَاحاً ، فَإِنْ تَابَ تَابَ اللهُ عَلَيْهِ ، وَإِنْ عَادَ فَشَرِبَ فَسَكَرَ لَمْ تُقْبَلْ لَهُ صَلاَةُ أَرْبَعِينَ صَبَاحاً ، وَإِنْ مَاتَ دَخَلَ النَّارَ ، فَإِنْ تَابَ تَابَ اللهُ عَلَيْهِ ، وَإِنْ عَادَ كَانَ حَقًّا عَلَى اللهِ أَنْ يُسْقِيَهُ مِنْ رَدْغَةِ الْخَبَالِ يَوْمَ الْقِيَامَةِ . قَالُوا : يَا رَسُولَ اللهِ وَمَا رَدْغَةُ الْخَبَالِ ؟ قَالَ: عُصَارَةُ أَهْلِ النَّارِ))

(ഒരാൾ മദ്യപിക്കുകയും ലഹരിയിലാവുകയും ചെയ്താൽ അവൻെറ നാൽപ്പത് പ്രഭാതങ്ങളിലെ നമസ്ക്കാരം സ്വീകാര്യമല്ല. അവൻ മരിച്ചാൽ നരകത്തിൽ പ്രവേശിക്കും. അവൻ അല്ലാഹുവിലേക്ക് തൗബ ചെയ്ത് മടങ്ങിയാൽ അല്ലാഹു അവൻെറ തൗബ സ്വീകരിക്കും. വീണ്ടും അവർ (പൂർവ്വ സ്ഥിതിയിലേക്ക്) മടങ്ങുകയും മദ്യപിക്കുകയും ലഹരിയിലകപ്പെടുകയും ചെയ്താൽ അവൻെറ നാൽപ്പത് പ്രഭാത നമസ്ക്കാരങ്ങൾ അവനിൽനിന്ന് സ്വീകരിക്കപ്പെടില്ല. അ-

[97] അൽബാനി, സ്വഹീഹ് അബീദാവൂദ് 3128

വൻ മരണമടഞ്ഞാൽ നരകത്തിൽ പ്രവേശിക്കും. അവൻ പശ്ചാതപിച്ചാൽ അവൻെറ പശ്ചാതാപം അല്ലാഹു സ്വീകരിക്കും. വീണ്ടും അവൻ മടങ്ങുകയും മദ്യപിക്കുകയും ലഹരിയിലാവുകയും ചെയ്താൽ അവൻെറ നാൽപ്പത് പ്രഭാതത്തിലെ നമസ്ക്കാരം അവനിൽനിന്ന് സ്വീകരിക്കപ്പെടില്ല. അവൻ മരണമടഞ്ഞാൽ നരകത്തിലായിരിക്കും. അവൻ വീണ്ടും പശ്ചാതപിച്ചാൽ അവൻെറ തൗബ അല്ലാഹു സ്വീകരിക്കും വീണ്ടുമൊരിക്കൽകൂടി അവൻ (പൂർവ്വ സ്ഥിതിയിലേക്ക്)മടങ്ങിയാൽ അവനെ അന്ത്യനാളിൽ 'റദ്ഗതുൽ ഖബാൽ' കുടിപ്പിക്കൽ അല്ലാഹുവിൻെറ ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നു. അവർ (സ്വഹാബികൾ) ചോദിച്ചു.: റസൂലേ, എന്താണ് റദ്ഗതുൽഖബാൽ? അദ്ദേഹംപറഞ്ഞു: നരകവാസികളെ പിഴിഞ്ഞുണ്ടാക്കിയ ദ്രാവകം.)[98]

ലഹരിപദാർത്ഥങ്ങൾ അടിച്ച് പൂസാകുന്നവർക്കുള്ള അവസ്ഥ ഇതാണെങ്കിൽ അതിനേക്കാൾ കഠിനമായ മയക്കുമരുന്നുകളിൽ മുങ്ങിക്കുളിക്കുന്നവരുടെ അവസ്ഥ എത്ര മാത്രം ശോചനീയമായിരിക്കും?

## സ്വർണ്ണത്തിൻേറയും വെള്ളിയുടേയും പാത്രങ്ങൾ ഉപയോഗിക്കൽ

---

[98] ഇബ്നുമാജ 3377, അൽബാനി, സ്വഹീഹുൽജാമിഅ്:6313

ഗൃഹോപകരണങ്ങൾ വിൽക്കുന്ന കടകളിലും സമ്പന്ന വീടുകളിലും ഹോട്ടലുകളിലുമൊക്കെ സ്വർണ്ണത്തിൻേറയോ വെള്ളിയുടേയോ അല്ലെങ്കിൽ സ്വർണ്ണവും വെള്ളിയും പൂശിയതോ ആയ പാത്രങ്ങൾ മിക്കപ്പോഴും കണ്ടുവരുന്നു. മാത്രമല്ല ഇത്തരം പാത്രങ്ങൾ ചിലർ മറ്റു ചിലർക്ക് സമ്മാനിക്കാനുള്ള വിലപിടിപ്പുള്ള ഉപഹാരങ്ങൾ വരെ ആയി മാറിയിരിക്കുന്നു. ചിലർ സ്വന്തം വീട്ടിൽ അവ ഉപയോഗിച്ചില്ലെങ്കിലും അന്യരുടെ വീടുകളിലും സദ്യകളിലും മാത്രം ഉപയോഗിക്കുന്നു. ഇതെല്ലാം നിഷിദ്ധമാണ്. അതി ഭീഷണമായ താക്കീതെന്നോണം ഉമ്മുസലമ ﵂യിൽ നിന്നും ഉദ്ധരി ക്കുന്ന ഹദീസിൽ നബി ﷺ പറഞ്ഞു.:

(( إِنَّ الَّذِي يَأْكُلُ أَوْ يَشْرَبُ فِي آنِيَةِ الْفِضَّةِ وَالذَّهَبِ إِنَّمَا يُجَرْجِرُ فِي بَطْنِهِ نَارَ جَهَنَّمَ ))

(വെള്ളിയുടേയും സ്വർണ്ണത്തിൻേറയും പാത്രത്തിൽ തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ സ്വന്തം വയറ്റിൽ നരകാഗ്നിയേയാണ് നിറച്ചുകൊണ്ടിരിക്കുന്നത്.) [99]

ഈ മതവിധി പാത്രങ്ങൾക്കും, തളികകൾ, മുൾക്കരണ്ടികൾ, സ്പൂണുകൾ, കത്തികൾ, അഥിതി സൽക്കാരത്തിനുപയോഗിക്കുന്ന പാത്രങ്ങൾ, കല്ല്യാണ പാർട്ടികളിൽ സമർപ്പിക്കുന്ന മധുരപലഹാരകെയ്സുകൾ തുടങ്ങിയവക്കെല്ലാം ബാധകമാണ്. [ചിലർ ഉപയോഗിക്കുന്നില്ലെന്ന മട്ടിൽ ചില്ലലമാരകളിലെ റാക്കുകളിൽ ചമൽകാരങ്ങളായി ഇത്തരം പാത്രങ്ങൾ ഉപയോഗിക്കാറുണ്ട്. നിഷിദ്ധമായ

[99] മുസ്ലിം 3 : 1634

ഉപയോഗത്തിലേക്ക് വഴുതിവീഴാനുള്ള സാധ്യത ധാരാള മായതിനാൽ ആ മാർഗ്ഗം കൊട്ടിയടക്കേണ്ടതുണ്ട്. അതി നാൽ അതും അനുവദനീയമല്ല.[100]]

## കള്ളസാക്ഷ്യം

അല്ലാഹു പറയുന്നു:

...فَاجْتَنِبُوا الرِّجْسَ مِنَ الْأَوْثَانِ وَاجْتَنِبُوا قَوْلَ الزُّورِ حُنَفَاء لِلَّهِ غَيْرَ مُشْرِكِينَ بِهِ...

"...ആകയാൽ വിഗ്രഹങ്ങളാകുന്ന മാലിന്യത്തിൽനിന്നും നിങ്ങൾ അകന്ന് നിൽക്കുക. വ്യാജവാക്കിൽനിന്നും നിങ്ങ ൾ അകന്ന് നിൽക്കുക. വക്രതയില്ലാതെ അല്ലാഹുവിലേ ക്ക് തിരിഞ്ഞവരും അവനോട് യാതൊന്നും പങ്ക് ചേർക്കാ ത്തവരുമായിരിക്കണം (നിങ്ങൾ)...." [വി.ക്വു. 22:3٠,3١]

അബ്ദുർറഹ്മാൻ ഇബ്നു അബീബകറ ﵁ തൻെറ പിതാവിൽനിന്ന് ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു. :

(( كُنَّا عِنْدَ رَسُــولِ اللهِ ﷺ فَقَالَ: " أَلاَ أُنَبِّئُكُمْ بِأَكْبَرِ الْكَبَائِرِ ؟ "ثَلاَثاً" اْلإِشْرَاكُ بِاللهِ وعُقُوقُ الْوَالِدَيْنِ ــ وَجَلَسَ

[100] ഇബ്നു ബാസ് (റ) യുടെ അഭിപ്രായം

وَكَانَ مُتَّكِئاً ـــ فَقَالَ: أَلاَ وَ قَوْلَ الزُّورِ ، فَمَا زَالَ يُكَرِّرُهَا حَتَى قُلْنَا لَيْتَهُ سَكَتَ ))

(ഞങ്ങൾ അല്ലാഹുവിൻെറ റസൂൽﷺയുടെ അടുക്കലിരിക്കെ അദ്ദേഹം പറഞ്ഞു: അറിയുക വൻപാപങ്ങളിൽ വൻപാപം ഏതെന്ന് ഞാൻ അറിയിച്ചു തരട്ടെയോ ? (മൂന്ന് തവണ ആവർത്തിച്ചു) അല്ലാഹുവിൽ പങ്ക് ചേർക്കൽ, മാതാപി താക്കളോട് അനുസരണക്കേട് കാണിക്കൽ -പിന്നെ ചാരി യിരിക്കുകയായിരുന്ന അദ്ദേഹം നേരെ ഇരുന്നു.- എന്നിട്ട് പറഞ്ഞു.: അറിയുക, വ്യാജമായ വാക്കും (കള്ള സാക്ഷ്യം) അദ്ദേഹം (അബൂഹുറയ്റ) പറഞ്ഞു.: നബിﷺ അത് ആവ ർത്തിച്ചുകൊണ്ടേയിരുന്നു. അദ്ദേഹമൊന്ന് മൗനം ദീക്ഷി ച്ചെങ്കിൽ എന്ന് ഞങ്ങൾ പറയുന്നതുവരെ.) [101]

കള്ള സാക്ഷ്യത്തിൻെറ കാര്യത്തിലുള്ള ജനങ്ങളുടെ നിസ്സാരഭാവവും, അതിന് വഴിമരുന്നിടുന്ന അസൂയയും ശത്രുതയും, അതുമൂലമുണ്ടാകുന്ന അധികരിച്ച കുഴപ്പ ങ്ങൾ തുടങ്ങിയവ കാരണത്താലാണ് കള്ളസാക്ഷ്യത്തിന്നെ തിരിൽ ഈ ഹദീസിൽ മുന്നറിയിപ്പും താക്കീതും ആവർ ത്തിച്ച് പറഞ്ഞത്.

എത്രമാത്രം അവകാശങ്ങളാണ് കള്ളസാക്ഷ്യങ്ങൾ കൊണ്ട് ഹനിക്കപ്പെട്ടത്.? നിരപരാധികൾ എത്രമാത്രം അക്രമിക്കപ്പെട്ടു? അനർഹർ എത്രമാത്രമാണ് അംഗീകാരം നേടിയത്? തറവാട് മഹിമയില്ലാത്തവൻ എത്ര മാത്രം ആ രാൻെറ തറവാട്ടിലേക്ക് ചേർത്ത് പറയപ്പെട്ടു. ?

---

101 ബുഖാരി. (ഫത്ഹുൽബാരി 5: 261)

കാര്യമായെടുക്കാത്ത കള്ളസാക്ഷ്യത്തിൻെറ മറ്റൊരു കോലമാണ് ചിലർ കോടതിപ്പടിയിൽ ചെയ്യുന്നതും പറയുന്നതും. "താങ്കൾ എനിക്ക് സാക്ഷിയാവണം ഞാൻ താങ്കൾക്കും" ഇതാണ് പലരുടേയും വാക്കുകൾ. എന്നിട്ട് വീടിൻേറയും ഭൂമിയുടേയും ഉടമാവകാശം, ശുദ്ധി പത്രം, തുടങ്ങി യാഥാർത്ഥ്യവും നിജസ്ഥിതിയും വ്യക്തമായി അറിയേണ്ടകാര്യങ്ങൾക്ക് കോടതിപ്പടിയിലും വരാന്തയിലും കണ്ട് മുട്ടിയവർ സാക്ഷികളാവുന്നു. ഇതെല്ലാം കള്ളസാക്ഷ്യവും നിഷിദ്ധമൊഴിയുമാണെന്നതിൽ സംശയമില്ല. യഥാർത്ഥസാക്ഷ്യമാവട്ടെ വിശുദ്ധ ഖുർആനിൽ പറഞ്ഞത് പോലെയാവണം.

... وَمَا شَهِدْنَا إِلاَّ بِمَا عَلِمْنَا ...

"ഞങ്ങൾ അറിഞ്ഞതിൻെറ അടിസ്ഥാനത്തിൽ മാത്രമാണ് ഞങ്ങൾ സാക്ഷ്യം വഹിച്ചിട്ടുള്ളത്." [വി.ക്വു. 12:81]

## സംഗീതാസ്വാദനം

അല്ലാഹു പറയുന്നു. :

وَمِنَ النَّاسِ مَن يَشْتَرِي لَهْوَ الْحَدِيثِ لِيُضِلَّ عَن سَبِيلِ اللَّهِ بِغَيْرِ عِلْمٍ وَيَتَّخِذَهَا هُزُوًا

"ദൈവമാർഗ്ഗത്തിൽനിന്ന് ജനങ്ങളെ തെറ്റിച്ച് കളയുവാനും അതിനെ പരിഹാസ്യമാക്കിത്തീർക്കുവാനും വേണ്ടി വിനോദ വാർത്തകൾ വിലക്ക് വാങ്ങുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്...". [വി.ക്വു. 31:6]

ഈ സൂക്തത്തിൽ പരാമർശിച്ച വിനോദ വാർത്തകൾ കൊണ്ടുള്ള വിവക്ഷ സംഗീതമാണെന്ന് ഇബ്നു മസ്ഊദ്

ﷺ ആണയിട്ട് പറയാറുണ്ടായിരുന്നു.[102] അബൂ ആമിർﷺ വിൽനിന്നും അബൂമാലിക്ﷺവിൽനിന്നും റിപ്പോർട്ട് ചെയ്യു ന്ന ഹദീസിൽ നബിﷺ പറയുന്നു:

((لَيَكُونَنَّ مِنْ أُمَّتِي أَقْوَامٌ يَسْتَحِلُّونَ الْحِرَ والْحَرِيرَ وَالْخَمْرَ وَ الْمَعَازِفَ .....))

(വ്യഭിചാരവും, പട്ടുവസ്ത്രവും, മദ്യവും, സംഗീതവും അ നുവദനീയമായി കാണുന്ന ഒരു വിഭാഗം എന്റെ സമുദാ യത്തിൽ ഉണ്ടാകുക തന്നെ ചെയ്യും.) [103]

അനസ്ﷺവിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം.

(( لَيَكُونَنَّ فِي هَذِهِ الأُمَّةِ خَسْفٌ وَقَذْفٌ وَ مَسْخٌ وَذَلِكَ إِذَا شَرِبُوا الْخُمُورَ، وَاتَّخَذُوا الْقَيْنَاتِ، وَضَرَبُوا بالْمَعَازِفِ))

(ഈ സമൂഹത്തിൽ ഭൂകമ്പവും, ചരൽവർഷവും, കോലം മാറ്റലും ശിക്ഷയെന്നോണം വന്നുഭവിക്കും. അവർ കള്ള് കുടിക്കുകയും നർത്തകിമാരെ സ്വീകരിക്കുകയും സംഗീ തോപകരണങ്ങൾ ഉപയോഗിക്കുകയും ചെയ്താൽ.)

നബിﷺ ചെണ്ടമേളം നിരോധിച്ചു. പുല്ലാങ്കുഴലിനെ താന്തോന്നിയായ പടുവിഡ്ഢിയുടെ ഒച്ചയായി വർണ്ണിച്ചു. ഇമാം അഹ്മദ്ﷺയെ പോലുള്ള പണ്ഡിത പ്രഭുക്കൾ വീണ, തമ്പുരു, ഓടക്കുഴൽ, മുക്കമ്പി വീണ, കൈമണി,

---

[102] തഫ്സീർ ഇബ്നുകഥീർ 6: 333

[103] ബുഖാരി. (ഫത്ഹുൽബാരി 10: 51)

തുടങ്ങിയ വിനോദത്തിനും പാട്ടിനും ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഹറാമാണെന്ന് ഖണ്ഡിതമായി പറഞ്ഞിരിക്കുന്നു. ആധുനിക വാദ്യോപകരണങ്ങളായ വയലിൻ, ബഹുകമ്പി വാദ്യം, ഓർഗൺ, പിയാനോ, ഗിത്താർ തുടങ്ങിയവയെല്ലാം നബിﷺ നിരോധിച്ച സംഗീതത്തിൻെറ പരിധിയിൽ പെടുന്നു. മാത്രമല്ല, ആധുനിക ഉപകരണങ്ങൾ ഉന്മാദമുണ്ടാക്കുന്നതിലും ഉല്ലാസഭരിതമാക്കുന്നതിലും പൗരാണിക സംഗീത വാദ്യോപകരണങ്ങളേക്കാൾ മികച്ച് നിൽക്കുന്നു. ഇമാം ഇബ്നുൽ ഖയ്യിംرحمه الله യെ പോലുള്ള മഹാരഥന്മാർ സംഗീതശ്രുതി ഇളക്കിവിടുന്ന ലാസ്യവിലാസാസക്തിയും ലഹരിയും കള്ളിനേക്കാൾ ഭയാനകമാണെന്ന് പറഞ്ഞിട്ടുണ്ട്.

വെറുമൊരു സംഗീതാസ്വാദനത്തിൻെറ കാര്യമിതാണെങ്കിൽ മദാലസകളും ഗായകികളുമായവരുടെ പാട്ടുകൾക്കാണ് സംഗീതം താളം പകരുന്നതെങ്കിൽ പാപം ഭാരമാർന്നതും അതിനിഷിദ്ധവുമാണെന്നതിൽ സംശയമില്ല. രതിസുഖശൃഗാരം, പ്രേമം, കാമം, വർണ്ണന എന്നിവയാണ് പാട്ടിൻെറ ഉള്ളടക്കമെങ്കിൽ ഈ വിപത്ത് എത്രമാത്രം വിപൽക്കരമാണ്. അതിനാൽ തന്നെയാണ് ഗാനം വ്യഭിചാരത്തിലേക്കുള്ള അഞ്ചൽക്കാരനാണെന്നും അത് മനസ്സിൽ കാപട്യം നട്ടുവളർത്തുമെന്നും പണ്ഢിതന്മാർ മുൻകൂട്ടി പറഞ്ഞത്. മൊത്തത്തിൽ പാട്ടും സംഗീതവും വർത്തമാന കാലത്തെ ഏറ്റവും വലിയ കുഴപ്പക്കാരികളായി മാറിയിരിക്കുന്നു.

ടെലഫോണുകളിലും കമ്പ്യൂട്ടറുകളിലും കളിക്കോപ്പുകളിലും കോളിംഗ് ബെല്ലുകളിലും ഘടികാരങ്ങളിലുമൊക്കെ സംഗീത സാന്നിദ്ധ്യം വന്നെത്തിയതോടെ പരീക്ഷണ

ങ്ങളും കൂടിയിരിക്കുന്നു. സംഗീതാസ്വാദനം കയ്യൊഴിക്കാൻ അൽപ്പം മനക്കരുത്ത് ആർജ്ജിക്കുക തന്നെ വേണം.

അല്ലാഹുവേ നിൻെറ കാവൽ......

## പരദൂഷണം പറയൽ

മുസ്ലിംകളെക്കുറിച്ച് പരദൂഷണം പറയുക, അവരുടെ അഭിമാനങ്ങളെ കളഞ്ഞുകുളിക്കും വിധം സംസാരിക്കുക എന്നതും ഒട്ടുമിക്ക സദസ്സുകളുടേയും വിഭവമായി മാറിയിരിക്കുന്നു. അല്ലാഹു വിരോധിക്കുകയും, അടിയാറുകൾക്ക് അറപ്പുണ്ടാക്കുകയും, ആത്മാവുകൾ അലർജ്ജിപ്പെടുമാറ് അനിഷ്ടചിത്രീകരണം നടത്തുകയും ചെയ്ത കാര്യമത്രെ അന്യരുടെ അഭാവത്തിൽ അവരെക്കുറിച്ച് ദൂഷിപ്പ് പറയൽ.

അല്ലാഹു പറയുന്നു:

وَلَا يَغْتَب بَّعْضُكُم بَعْضًا أَيُحِبُّ أَحَدُكُمْ أَن يَأْكُلَ لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ وَاتَّقُوا اللَّهَ إِنَّ اللَّهَ تَوَّابٌ رَّحِيمٌ

“.....നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദൂഷിച്ച് പറയുകയും അരുത്. തൻെറ സഹോദരൻ മരിച്ച് കിടക്കുമ്പോൾ അവൻെറ മാംസം ഭക്ഷിക്കുവാൻ നിങ്ങളിൽ ആരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുവാൻ) നിങ്ങൾ വെറുക്കുകയാണ് ചെയ്യുന്നത്.....”

[വി.ക്വു. 49:12]

പരദൂഷണം എന്താണെന്ന് വിവരിച്ച് നബിﷺ പറയുന്നു:

(( أَ تَدْرُونَ مَا الْغِيبَةُ ؟ قَالُوا اللهُ وَرَسُولُهُ أَعْلَمُ . قَالَ : ذِكْرُكَ أَخَاكَ بِمَا يَكْرَهُ . قِيلَ: أَفَرَأَيْتَ إِنْ كَانَ فِي أَخِي مَا أَقُولُ ؟ قَالَ : إِنْ كَانَ فِيهِ مَا تَقُولُ فَقَدْ اِغْتَبْتَهُ ،وَ إِنْ لَمْ يَكُنْ فِيهِ فَقَدْ بَهَتَّـــهُ ))

(പരദൂഷണം എന്നാൽ എന്താണെന്ന് നിങ്ങൾക്കറിയാമോ? അവർ പറഞ്ഞു: അല്ലാഹുവും അവന്റെ ദൂതനുമാണ് കൂടുതൽ അറിയുന്നവർ. അദ്ദേഹം പറഞ്ഞു: നിന്റെ സഹോദരന് അനിഷ്ടകരമായത് നീ പറയലാകുന്നു. അത് അപ്പോൾ ഇങ്ങനെ ചോദിക്കപ്പെട്ടു: എന്റെ സഹോദരനിൽ ഞാൻ പറയുന്നത് ഉള്ളതാണെങ്കിലോ? അദ്ദേഹം പറഞ്ഞു: നീ പറയുന്നത് ഉള്ളതാണെങ്കിൽ നീ അവനെക്കുറിച്ച് ദുഷിപ്പ് പറഞ്ഞു. ഇല്ലാത്തതാണെങ്കിൽ അവന്റെ പേരിൽ ഇല്ലാത്തത് കെട്ടിയുണ്ടാക്കിപ്പറഞ്ഞു.) [104]

ഒരു മുസ്ലിമിന് വെറുപ്പുള്ള ശരീരസംബന്ധമോ മതപരമോ ഭൗതികമോ മാനസികമോ സ്വഭാവപരമോ സൃഷ്ടിപ്പ് സംബന്ധമോ ആയ കാര്യം അയാളെക്കുറിച്ച് പറയലാണ് ഗീബത്ത് അഥവാ പരദൂഷണം.

കൂടാതെയും അതിന് പലരൂപങ്ങളുമുണ്ട് അന്യന്റെ വൈകല്യങ്ങളും അവന്റെ പെരുമാറ്റവുമൊക്കെ പുച്ഛഭാവത്തിൽ എണ്ണിപ്പറയലും അതിൽ പെട്ടതാണ്.

104 മുസ്ലിം 4: 2001

അല്ലാഹുവിങ്കൽ അതിനിന്ദ്യവും നികൃഷ്ടവുമായിട്ടും പരദൂഷണം പറയുന്നതിനെ ജനങ്ങൾ ഗൗരവത്തിലെടുക്കാറില്ല. നബി ﷺ പറയുന്നു. :

(( الرِّبَا اِثْنَانِ وَسَبْعُونَ بَاباً ، أَدْنَاهَا مِثْلَ أَنْ يَنْكِحَ الرَّجُلُ أُمَّهُ ، وَإِنَّ أَرْبَى الرِّبَا اسْتِطَالَةُ الرَّجُلِ فِي عِرْضِ أَخِيهِ ))

(പലിശക്ക് എഴുപത്തിരണ്ട് കവാടങ്ങളാണ്. ഏറ്റവും താഴ്ന്നപടി തൻെറ മാതാവിനെ സമീപിക്കുന്നതുപോലെയാണ്. ഏറ്റവും വലിയ പലിശ ഒരാൾ തൻെറ സഹോദരൻെറ അഭിമാനത്തിൽ (ക്ഷതമേൽപ്പിക്കാൻ) നീട്ടിവലിച്ച് സംസാരിക്കലാണ്.) [105]

സദസ്സുകളിൽ സന്നിഹിതരാവുന്നവർക്ക് തിന്മ തടയലും ദുഷിപ്പ് പറയപ്പെടുന്ന സഹോദരൻെറ അഭിമാനം കാക്കലും നിർബന്ധമാണ്. അത് പ്രോൽസാഹിപ്പിച്ചുകൊണ്ട് നബി ﷺ പറഞ്ഞു.:

(مَنْ رَدَّ عَنْ عِرْضِ أَخِيهِ رَدَّ اللهُ عَنْ وَجْهِهِ النَّارَ يَوْمَ الْقِيَامَةِ)

(ആരെങ്കിലും തൻെറ സഹോദരൻെറ അഭിമാനത്തെ തൊട്ട് പ്രതിരോധിച്ചാൽ അന്ത്യനാളിൽ നരകാഗ്നിയിൽ നിന്ന് അവൻെറ മുഖത്തെ അല്ലാഹു കാത്തുരക്ഷിക്കും.)[106]

---

105 അൽബാനി, സിൽസില സ്വഹീഹ: 1871

106 അഹ്മദ് 6: 450, അൽബാനി, സ്വഹീഹുൽജാമിഅ് 6238

# ഏഷണി പറയൽ

ജനങ്ങൾക്കിടയിൽ കുഴപ്പമുണ്ടാക്കാൻവേണ്ടി ജന സംസാരം പേറിനടക്കൽ, പരസ്പര ശത്രുതയും ഉമിത്തീ കണക്കെ ഈർഷ്യതയും ഛിദ്രതയും വളർത്തുന്ന പ്രധാന കാരണമാകുന്നു. ഈ കുറ്റകൃത്യത്തെ അപലപിച്ചുകൊണ്ട് അല്ലാഹു പറയുന്നു.

وَلَا تُطِعْ كُلَّ حَلَّافٍ مَّهِينٍ هَمَّازٍ مَّشَّاء بِنَمِيمٍ

“അധികമായി സത്യം ചെയ്യുന്നവനും നീചനും കുത്തുവാക്ക് പറയുന്നവനും ഏഷണിയുമായി നടക്കുന്നവനും ആയിട്ടുള്ള ഏതൊരാളേയും നീ അനുസരിച്ച് പോകരുത്.”

[വി.ക്വു. 68:10,11]

ഹുദൈഫാ ﷺവിൽനിന്ന് നിവേദനം ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം കാണാം:

(( لاَ يَدْخُلُ الْجَنَّةَ قَتَّاتٌ ))

(ഏഷണിക്കാരൻ സ്വർഗ്ഗത്തിൽ പ്രവേശിക്കില്ല.)[107]

ഇബനു അബ്ബാസ് ﷺവിൽനിന്നുള്ള മറ്റൊരു ഹദീസിൽ അദ്ദേഹം പറയുന്നു :

(مَرَّ النَّبِيُّ ﷺ بِحَائِطٍ مِنْ حِيطَانِ الْمَدِينَةِ فَسَمِعَ صَوْتَ اِنْسَانَيْنِ يُعَذَّبَانِ فِي قُبُورِهِمَا ، فَقَالَ النَّبِيُّ ﷺ: ((يُعَذَّبَانِ ،

---

[107] ബുഖാരി

وَمَا يُعَذَّبَانِ فِي كَبِيرٍ ، ثُمَّ قَالَ : بَلَى [ وفي رواية: وَإِنَّهُ لَكَبِيرٌ ] كَانَ أَحَدُهُمَا لاَ يَسْتَتِرُ مِنْ بَوْلِهِ ، وَكَانَ الآخَرُ يَمْشِي بِالنَّمِيمَةِ ))

(നബിﷺ മദീനയിലെ ഒരു തോട്ടത്തിലൂടെ നടന്ന് പോകുമ്പോൾ ഖബറിൽ ശിക്ഷിക്കപ്പെടുന്ന രണ്ടാളുകളുടെ ശബ്ദം കേട്ടു. അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: അവർ രണ്ട് പേരും ശിക്ഷിക്കപ്പെടുന്നു. വലിയ കുറ്റത്തിനല്ല അവർ ശിക്ഷിക്കപ്പെടുന്നത്, പിന്നെ അദ്ദേഹം പറഞ്ഞു: അതെ (മറ്റൊരു റിപ്പോർട്ടിൽ, അതെ അത് വലിയൊരു കുറ്റമാണ്.) അവരിലൊരാൾ മൂത്ര വിസർജ്ജനം പൂർണ്ണമായി ചെയ്ത് വൃത്തിയാക്കാത്തവനും രണ്ടാമൻ ഏഷണി പറഞ്ഞ് നടക്കുന്നവനുമായിരുന്നു.)[108]

ഏഷണിയുടെ അതിമോശമായ രൂപമാണ് ഭാര്യാഭർത്താക്കന്മാർ തമ്മിൽതല്ലാനും, അവർ തമ്മിലുള്ള ബന്ധം വഷളാക്കാനും നടത്തുന്ന ചതിപ്രയോഗങ്ങൾ. ചില ജോലിക്കാർ സഹജീവികളെ വെട്ടിവീഴ്ത്താനും ഉപദ്രവമേൽപ്പിക്കാനും അവരുടെ ഭാഷണങ്ങളുമായി ഓഫീസ് മാനേജറേയോ കാര്യസ്ഥന്മാരേയോ സമീപിക്കുന്നതും ഏഷണിയിലാണ് എണ്ണപ്പെടുക. ഇതെല്ലാം നിഷിദ്ധമാണ്.

---

108 ബുഖാരി.

# അന്യരുടെ വീട്ടിലേക്ക് അനുവാദമില്ലാതെ എത്തിനോക്കൽ

അല്ലാഹു പറയുന്നു. :

...يَا أَيُّهَا الَّذِينَ آمَنُوا لَا تَدْخُلُوا بُيُوتًا غَيْرَ بُيُوتِكُمْ حَتَّى تَسْتَأْنِسُوا وَتُسَلِّمُوا عَلَى أَهْلِهَا ...

"ഹേ; സത്യവിശ്വാസികളെ, നിങ്ങളുടേതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്, നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ....."

[വി.ക്വു. 24:27]

അന്യ വീട്ടുകാരുടെ നഗ്നതയിലേക്ക് നോക്കിപ്പോയേക്കുമെന്ന ഭയമാണ് അനുവാദം ചോദിക്കൽ നിയമമാക്കിയതിന്റെ പിന്നിലെന്ന് വ്യക്തമാക്കികൊണ്ട് നബി ﷺ പറഞ്ഞു.:

(( إِنَّمَا جُعِلَ الْاِسْتِئْذَانُ مِنْ أَجَلِ الْبَصَرِ ))

(ദൃഷ്ടി കാരണത്താലാണ് അനുവാദം ചോദിക്കണമെന്ന് നിശ്ചയിച്ചത്.) [109]

കെട്ടിടങ്ങൾ അടുക്കുകയും കവാടങ്ങളും കതകുകളും മുഖാമുഖമാവുകയും ചെയ്തതിനാൽ തന്നെ അയൽവാസികൾ പരസ്പരം വെളിപ്പെടാനുള്ള സാധ്യത അധികരിച്ചിരിക്കുന്നു. ചിലർ ദൃഷ്ടി താഴ്ത്താറില്ലെന്ന് മാത്രമല്ല ഉയരത്ത് പാർക്കുന്നവർ മട്ട്പ്പാവിലൂടെയും ജനാല വഴികളിലൂടെയും താഴ്ഭാഗത്ത് താമസിക്കുന്നവരിലേക്ക് പാളി നോക്കുകകൂടി ചെയ്യുന്നു. ഇത് കൊടും ചതിയും

---

[109] ബുഖാരി

അയൽവാസിയുടെ പവിത്രത കെടുത്തലും ഹറാമിലേക്കൊരു വഴിമരുന്നുമാണ്. ഈ ദുഷ്പ്രവണതമൂലമുണ്ടാകുന്ന കഷ്ട-നഷ്ടങ്ങൾ അനവധിയാണ്. രഹസ്യങ്ങൾ പാളി നോക്കുന്ന ഇത്തരം കട്ട് നോട്ടക്കാരന്റെ കണ്ണ് ചൂഴ്ന്നെടുക്കുവാൻ ഇസ്ലാം കല്പ്പിച്ചത് കാര്യത്തിന്റെ ഗൗരവം എത്രമാത്രമാണെന്ന് വിളിച്ചറിയിക്കുന്നു.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു.:

(( مَنْ اِطَّلَعَ فِي بَيْتِ قَوْمٍ بِغَيْرِ إِذْنِهِمْ فَقَدْ حَلَّ لَهُمْ أَنْ يَفْقَؤُوا عَيْنَهُ ))

(ആരെങ്കിലും അനുവാദമില്ലാതെ അന്യന്റെ വീട്ടിലേക്ക് എത്തി നോക്കിയാൽ അവന്റെ കണ്ണ് ചൂഴ്ന്നെടുക്കുവാൻ അവർക്ക് അനുവാദമുണ്ട്.)[110] മറ്റൊരു റിപ്പോർട്ടിൽ:

(( فَفَقَّؤُوا عَيْنَهُ فَلاَ دِيَةَ لَهُ وَلاَ قِصَاصَ ))

(നിങ്ങൾ അവന്റെ കണ്ണ് ചൂഴ്ന്നെടുക്കുക. അതിന് നഷ്ട പരിഹാരമോ പ്രതിക്രിയയോ ഇല്ല.) [111]

---

[110] മുസ്ലിം 3 : 1699

[111] അഹ്മദ് 2:385, അൽബാനി, സ്വഹീഹുൽ ജാമിഅ് 6022

# മൂന്നാമനെ മാറ്റിനിർത്തി രഹസ്യം പറയൽ

ആൾക്കൂട്ടസദസ്സുകളിൽ കുഴപ്പം വിതക്കുന്നതും മുസ്‌ലിം ഹൃദയങ്ങൾ വിദ്വേഷകലുഷിതവും ഛിദ്രവുമാക്കി മാറ്റുന്ന പൈശാചിക കാൽവെയ്പ്പാണിത്. മൂന്ന് പേരിൽ മൂന്നാമനെ മാറ്റി നിർത്തി രണ്ട് പേർ തങ്ങളുടെ മനോഗതം പങ്കിടുന്നതിലെ ഇസ്‌ലാമിക വിധിയും കാരണവും വ്യക്തമാക്കി നബിﷺ പറഞ്ഞു.:

( إِذَا كُنْتُمْ ثَلاَثَةً فَلاَ يَتَنَاجَى رَجُلاَنِ دُونَ الآخَرِ حَتَّى تَخْتَلِطُوا بِالنَّاسِ( مِنْ ) أَجَلِ أَنَّ ذَلِكَ يُحْزِنُهُ )

(നിങ്ങൾ മൂന്ന് പേരായാൽ രണ്ട് പേർ മൂന്നാമനെ കൂടാതെ രഹസ്യഭാഷണം നടത്തരുത്. നിങ്ങൾ ജനങ്ങളുമായി കൂടിക്കലരുന്നത് വരെ. കാരണം അത് (രഹസ്യ സംഭാഷണം) അവനെ ദുഃഖിപ്പിക്കും.)[112]

നാലുപേരുണ്ടെങ്കിൽ നാലാമനെ മാറ്റി നിർത്തി മൂന്ന് പേർ രഹസ്യം പറയലും അപരന് മനസ്സിലാകാത്ത ഭാഷയിൽ രണ്ട് പേർ സംസാരിക്കലും ഇപ്രകാരം പാടില്ലാത്തതാകുന്നു. ഇത്തരമൊരു രഹസ്യ സംഭാഷണത്തിൽ മൂന്നാമനെ മാനിക്കാതിരിക്കലും, അല്ലെങ്കിൽ തനിക്ക് വല്ല തിന്മയും മറ്റുള്ളവർ ഉദ്ദേശിക്കുന്നുണ്ടോ എന്ന ധാരണ അവനിൽ ഉടലെടുക്കുകയും ചെയ്യും. തീർച്ച !

---

[112] ബുഖാരി.

# വസ്ത്രം വലിച്ചിഴക്കൽ

നെരിയാണിക്ക് താഴെയൊ, നിലത്തടിച്ചോ, വലിച്ചിഴച്ചോ വസ്ത്രം താഴ്ത്തിയിടൽ അല്ലാഹുവിങ്കൽ ഗൗരവമേറിയതും, ജനങ്ങൾ നിസ്സാരമായി കാണുന്നതുമായ പാപമാകുന്നു. അബൂദർറ(رضي الله عنه)വിൽനിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം.

( ثَلاَثَةٌ لاَ يُكَلِّمُهُمُ اللهُ يَوْمَ الْقِيَامَةِ ، وَلاَ يَنْظُرُ إِلَيْهِمْ ، وَلاَ يُزَكِّيهِمْ ، وَلَهُمْ عَذَابٌ أَلِيمٌ: الْمُسْبِلُ [وفي رواية : إِزَارَهُ ] وَالْمَنَّانُ [ وفي رواية: الَّذِي لاَ يُعْطِي شَيْئاً إِلاَّ مَنَّهُ ] وَالْمُنْفِقُ سِلْعَتَهِ بِالْحَلِفِ الْكَاذِبِ )

(മൂന്ന് പേർ, അല്ലാഹു അന്ത്യനാളിൽ അവരോട് സംസാരിക്കുകയോ അവരിലേക്ക് കാരുണ്യത്തിൻെറ നോട്ടം നോക്കുകയോ അവരെ സംസ്കരിക്കുകയോ ഇല്ല. അവർക്ക് വേദനാജന്യമായ ശിക്ഷയുണ്ട്. വസ്ത്രം വലിച്ചിഴക്കുന്നവൻ. (മറ്റൊരു റിപ്പോർട്ടിൽ: മുണ്ട് വലിച്ചിഴക്കുന്നവൻ), ചെയ്ത പുണ്യം എടുത്ത് പറയുന്നവൻ, (മറ്റൊരു റിപ്പോർട്ടിൽ: അവൻ ചെയ്ത ഒരു ദാനധർമ്മവുമില്ല എടുത്ത് പറയാതെ, അങ്ങനെയുള്ളവൻ) കള്ള സത്യം ചെയ്ത് ചരക്കുകൾ ചിലവാക്കുന്നവൻ.) [113]

അഹങ്കാരത്തിൻെറ ഉപരിപ്ളവ ഭാവമാണല്ലോ വസ്ത്രം വലിച്ചിഴക്കൽ, അഹങ്കാരലേശമന്യേയാണ് വസ്ത്രം താഴ്

---

[113] മുസ്ലിം 1 : 102

ത്തിയിടുന്നതെന്ന് പറയുന്നവർ സ്വയം ശുദ്ധിപാത്രം തയ്യാറാക്കുകയാണ്. അത് അസ്വീകാര്യവുമാണ്. നബിﷺ ഉണർത്തിയ ഭീഷണി അഹന്തയുള്ളവനായാലും ഇല്ലാത്തവനായാലും വസ്ത്രം വലിച്ചിഴക്കുന്നവർക്ക് പൊതുവെയാണ്.
നബിﷺ പറഞ്ഞു:

( مَا تَحْتَ الْكَعْبَيْنِ مِنَ الْإِزَارِ فَفِي النَّارِ )

(രണ്ട് ഞെരിയാണികൾക്ക് താഴെയുള്ള തുണിയുടെ ഭാഗം നരകത്തിലാണ്.)[114]

അഹന്തയൊടെയാണെങ്കിലോ ശിക്ഷ അതികഠിനവുമാണ്. നബിﷺയിൽനിന്ന് വന്ന തിരുമൊഴി നോക്കൂ,

(( مَنْ جَرَّ ثَوْبَهُ خُيَلاَءَ لَمْ يَنْظُرِ اللهُ إِلَيْهِ يَوْمَ الْقِيَامَةِ ))

(ആരെങ്കിലും തന്റെവസ്ത്രം അഹങ്കാരിയായി വലിച്ചിഴച്ചാൽ അന്ത്യനാളിൽ അല്ലാഹു അവനിലേക്ക് (കാരുണ്യത്തോടെ) നോക്കുകയില്ല.)[115]

കാരണം ഇവിടെ വസ്ത്രം വലിച്ചിഴക്കുക, അഹങ്കരിക്കുക എന്നീ രണ്ട് കുറ്റങ്ങൾ സംഗമിച്ചിരിക്കുന്നു. ഒരു വസ്ത്രവും വലിച്ചിഴക്കാൻ പാടില്ലാത്തതാണ്.
ഇബ്നു ഉമർؓവിൽനിന്നുള്ള ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു.

( اْلإِسْبَالُ فِي الْإِزَارِ وَ الْقَمِيصِ وَ الْعَمَامَةِ ، مَنْ جَرَّ مِنْهَا شَيْئاً خُيَلاَءَ لَمْ يَنْظُرِاللهُ إِلَيْهِ يَوْمَ الْقِيَامَةِ )

---

114 അഹ്മദ് 6: 353, അൽബാനി, സ്വഹീഹുൽജാമിഅ് 5571

115 ബുഖാരി : 3465

(വസ്ത്രം താഴ്ത്തിയിടൽ തുണിയിലും കുപ്പായത്തിലും തലപ്പാവിലും ഉണ്ട്. ആരെങ്കിലും അഹങ്കാരത്തോടെ തൻെറ വസ്ത്രം വലിച്ചു നടന്നാൽ അല്ലാഹു അന്ത്യനാളിൽ (കാരുണ്യത്തോടെ) അവനിലേക്ക് നോക്കില്ല.) [116]

സ്ത്രീകൾക്ക് അവരുടെ പാദം കാറ്റുമൂലമോ മറ്റോ വെളിപ്പെടുന്നതിനാൽ സൂക്ഷ്മതയെന്നോണം ഒരു ചാണോ അല്ലങ്കിൽ ഒരു മുഴമോ അവളുടെ വസ്ത്രം നീട്ടിയിടാവുന്നതാണ്. എന്നാൽ ചില പുതുമണവാട്ടികളുടെ വസ്ത്രങ്ങളെപ്പോലെ മുഴങ്ങളും മീറ്ററുകളും നീട്ടിയിട്ട് മേൽപറഞ്ഞ അതിർ ലംഘിക്കാവതല്ല.

## ആൺവർഗ്ഗം സ്വർണ്ണം ധരിക്കൽ

അബൂമൂസൽ അശ്അരി ﷺവിൽനിന്ന് നിവേദനം:

( أُحِلَّ لإِنَاثِ أُمَّتِي الْحَرِيرُ وَالذَّهَبُ وَحُرِّمَ عَلَى ذُكُورِهَا )

(എൻെറ സമുദായത്തിലെ സ്ത്രീകൾക്ക് സ്വർണ്ണവും പട്ടും അനുവദിക്കപ്പെടുകയും ആൺവർഗ്ഗത്തിന് അവ നിഷിദ്ധമാക്കപ്പെടുകയും ചെയ്തിരിക്കുന്നു.)[117]

ഇന്ന് അങ്ങാടിയിൽ പുരുഷന്മാർക്ക് മാത്രമായി സ്വർണ്ണാങ്കിതമോ അല്ലെങ്കിൽ സ്വർണ്ണം പൂർണ്ണമായും പൂശിയതോ ആയ വാച്ചുകൾ, കണ്ണടകൾ, ബട്ടനുകൾ, പേനകൾ, ചെയ്നുകൾ, മെഡലുകൾ എന്നിവ കാണാം. ഇതുപോലെ ചില മത്സര വിജയികൾക്ക് സമ്മാനമായി പ്രഖ്യാപി

---

116 അബൂദാവൂദ്4:353, അൽബാനി, സ്വഹീഹുൽജാമിഅ് 2770

117 അഹ്മദ് 41:393, അൽബാനി, സ്വഹീഹുൽ ജാമിഅ് 207

ക്കുന്ന "Golden Gent's Watch" ഉം ഇതിൽപ്പെട്ടതാണ്. എല്ലാം എതിർക്കപ്പെടേണ്ട തിന്മകൾ തന്നെ. ഇബ്നു അബ്ബാസ്ﷺവിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ ഇപ്രകാരം കാണാം.

( أَنَّ رَسُولَ اللهِ ﷺ رَأَى خَاتَمًا فِي يَدِ رَجُلٍ ، فَنَزَعَهُ فَطَرَحَهُ فَقَالَ: يَعْمِدُ أَحَدُكُمْ إِلَى جَمْرَةٍ مِنْ نَارٍ فَيَجْعَلُهَا فِي يَدِهِ ؟! فَقِيلَ لِلرَّجُلِ بَعْدَمَا ذَهَبَ رَسُولُ اللهِ ﷺ : خُذْ خَاتَمَكَ انْتَفِعْ بِهِ . قَالَ : لاَ واللهِ لاَ آخُذُهُ أَبَداً . وَقَدْ طَرَحَهُ رَسُولُ اللهِ ﷺ )

(അല്ലാഹുവിൻെറ റസൂൽﷺ ഒരാളുടെ കയ്യിൽ സ്വർണ്ണത്തിൻെറ ഒരു മോതിരം കണ്ടു. അപ്പോൾ അത് അദ്ദേഹം ഊരിയെടുത്തെറിഞ്ഞു. എന്നിട്ടദ്ദേഹം പറഞ്ഞു: നിങ്ങളിലൊരാൾ നരകാഗ്നിയിലെ ഒരു തീക്കനൽ ലക്ഷ്യമാക്കുകയും അത് കയ്യിൽ ധരിക്കുകയും ചെയ്യുകയോ? അല്ലാഹുവിൻെറ റസൂൽﷺ അവിടെനിന്ന് പോയപ്പോൾ ആ മനുഷ്യനോട് പറയപ്പെട്ടു താങ്കളുടെ മോതിരം എടുത്തുകൊള്ളുക അത് താങ്കൾക്ക് ഉപകരിക്കും. അയാൾ പറഞ്ഞു: അല്ലാഹുവാണെ അല്ലാഹുവിൻെറ റസൂൽﷺ വലിച്ചെറിഞ്ഞത് ഞാൻ ഒരിക്കലും എടുക്കില്ല.) [118]

[118] മുസ്ലിം 3 : 1655

# സ്ത്രീകൾ നീളം കുറഞ്ഞതും നേരിയതും ഇടുങ്ങിയതുമായ വസ്ത്രം ധരിക്കൽ

വർത്തമാനകാലത്ത് ശത്രുക്കൾ നമുക്ക് നേരെ പടച്ച് വിട്ട വിപ്ളവങ്ങളുടെ മൂകരൂപങ്ങളാണ് ഫാഷൻ വസ്ത്രങ്ങളും, വസ്ത്രങ്ങളുടെ ഡിസൈൻ മോഡലുകളും. അവ നീളം കുറഞ്ഞതും നേരിയതും നന്നെ ഇടുങ്ങിയതുമായതിനാൽ നഗ്നത മറക്കുന്നില്ലെന്ന് മാത്രമല്ല, മിക്കതും സ്ത്രീകൾക്കിടയിലെ വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ട അടുത്തവർക്കിടയിൽപോലും ധരിക്കാൻ പാടില്ലാത്തതാണ്. അത്തരം ഉടയാടകളുടെ അരങ്ങേറ്റം അന്ത്യനാളടുക്കുമ്പോൾ ഉണ്ടാകുമെന്ന് അല്ലാഹുവിൻെറ റസൂൽ ﷺ കാലേ കൂട്ടി പറഞ്ഞിട്ടുണ്ട്. അബൂ ഹുറയ്റ ؓ വിൽനിന്ന് നിവേദനം ചെയ്യുന്നു:

((صِنْفَانِ مِنْ أَهْلِ النَّارِ لَمْ أَرَهُمَا : قَوْمٌ مَعَهُمْ سِيَاطٌ كَأَذْنَابِ الْبَقَرِ ، يَضْرِبُونَ بِهَا النَّاسَ ، وَ نِسَاءٌ كَاسِيَاتٌ عَارِيَاتٌ مُمِيلاَتٌ مَائِلاَتٌ ، رُؤُوسُهُنَّ كَأَسْنِمَةِ الْبُخْتِ الْمَائِلَةِ ، لاَ يَدْخُلْنَ الْجَنَّةَ وَلاَ يَجِدْنَ رِيحَهَا ، وَإِنَّ رِيحَهَا لَيُوجَدُ مِنْ مَسِيرَةِ كَذَا وَكَذَا ))

(രണ്ട് വിഭാഗമാളുകൾ നരകത്തിൻെറ ആളുകളാണ്. ഞാൻ അവർ രണ്ട് കൂട്ടരേയും കണ്ടിട്ടില്ല, ഒരു വിഭാഗം അവരു

ടെ കൂടെ പശുക്കളുടെ വാലുകൾപോലുള്ള ചമ്മട്ടികളുണ്ട് അവർ അതുകൊണ്ട് ജനങ്ങളെ പ്രഹരിക്കുന്നു. (മറ്റൊരു വിഭാഗം) വേഷമണിഞ്ഞ, നഗ്നതയുടുത്ത, ചാഞ്ഞും ചെരിഞ്ഞും, ചെരിഞ്ഞുലഞ്ഞ ഒട്ടകപൂഞ്ഞകൾ പോലെ തലചായ്ച്ചുള്ള സ്ത്രീകളാണ്. അവർ (സ്ത്രീകൾ) സ്വർഗ്ഗത്തിൽ പ്രവേശിക്കില്ല. അതിൻെറ പരിമളം പോലും അവർ കാണില്ല. സ്വർഗ്ഗീയ പരിമളം അതിവിദൂരതയിൽനിന്ന് തന്നെ നുകരാവുന്നതാണ്.) [119]

ഇപ്രകാരമാണ് ചില സ്ത്രീകൾ ധരിക്കുന്ന അടിഭാഗം നീളത്തിൽ തുറന്നതും പല ഭാഗങ്ങളിലും മോഡലെന്നോണം കീറി നിറുത്തിയതുമായ വസ്ത്രങ്ങൾ. അത്തരം വസ്ത്രമണിഞ്ഞിരുന്നാൽ നഗ്നത വെളിപ്പെടുമെന്ന് മാത്രമല്ല അതിൽ അവിശ്വാസികളോട് സാദൃശ്യം പുലർത്തലും അവരുടെ വൃത്തി കെട്ട ഫാഷനുകളെയും വേഷവിതാനങ്ങളേയും അനുകരിക്കലുമുണ്ട്. അല്ലാഹുവേ, നിൻെറ കാവൽ.....

അപകടജടിലമാണ് വസ്ത്രങ്ങളിൽ കാണുന്ന ചീത്തയായ ചിത്രങ്ങൾ. ഗായകന്മാരുടെ, സംഗീതകച്ചേരികളുടെ, കള്ളിൻ ചഷകങ്ങളുടെ, മതത്തിൽ നിഷിദ്ധമായ രൂപങ്ങളുടെ, കുരിശുകളുടെ, ക്ളബ്ബുകളുടെയും ചീത്ത ട്രൂപ്പുകളുടേയും ചിഹ്നങ്ങളുടെ, മാന്യതക്കും മഹത്വത്തിനും നിരക്കാത്ത അപരിചിത ഭാഷയിൽ പലപ്പോഴും കാണുന്ന വാചകവരികളുടെ, തുടങ്ങിയവയൊക്കെ ആയിരിക്കും അത്തരം രൂപങ്ങളും ചിത്രങ്ങളും.

[119] മുസ്‌ലിം 3 : 1680

# കൃത്രിമമുടി മുടിയോട് ചേർക്കൽ

അസ്മാഉ ബിൻത് അബീബക്കർ ﵂ പറയുന്നു. :

( جَاءَتْ اِمْرَأَةٌ إِلَى النَّبِيِّ ﷺ فَقَالَتْ يَا رَسُولَ اللهِ ، إِنَّ لِي اِبْنَةً عَرِيسًا أَصَابَتْهَاحَصْبَةٌ فَتَمَرَّقَ شَعْرُهَا أَفَأَصِلُهُ ؟ فَقَالَ :

(( لَعَنَ اللهُ الْوَاصِلَةَ وَالْمُسْتَوْصِلَةَ ))

(ഒരു സ്ത്രീ നബി ﷺ യുടെ അടുക്കൽ വന്നു പറഞ്ഞു: അല്ലാഹുവിൻെറ റസൂലേ, എൻെറ മംഗല്യവതിയായ മകൾക്ക് അഞ്ചാംപനി പിടികൂടുകയും മുടി കൊഴിഞ്ഞ് വീഴുകയും ചെയ്തു. ഞാൻ അൽപ്പംമുടി അവളുടെ തലയിൽ കൂട്ടിച്ചേർക്കട്ടെയൊ? അപ്പോൾ അദ്ദേഹം അരുളി: "മുടി ചേർത്ത്വെക്കുന്നവളേയും വെക്കാൻ ആവശ്യമുന്നയിക്കുന്നവളേയും അല്ലാഹു ശപിച്ചിരിക്കുന്നു.") [120]

ജാബിർ ﵁ വിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു.:

(( زَجَرَ النَّبِيُّ ﷺ أَنْ تَصِلَ الْمَرْأَةُ بِرَأْسِهَا شَيْئاً ))

(നബി ﷺ ഒരു പെണ്ണ് തൻെറ തലമുടിയോട് മറ്റൊന്ന് (മുടി) ചേർത്തു വക്കുന്നതിനെ ശകാരസ്വരത്തിൽ എതിർത്തിരിക്കുന്നു.)[121]

---

120 മുസ്‌ലിം 3 : 1676

121 മുസ്‌ലിം 3 : 1679

ബരോക്ക് അഥവാ അലങ്കാര മേദുരം, കോഫ്യൂർ അഥവാ ഹെയർ സ്റ്റൈൽ, കേശാലങ്കാരത്തിന് ചേർത്ത് വെക്കുന്ന വേണ്ടാത്തരങ്ങൾ, നടീനടന്മാർ ചിത്രീകരണങ്ങളിലും നാടകങ്ങളിലും കേശകാന്തിക്ക് വേണ്ടി ചേർക്കുന്ന വാടക മുടികൾ തുടങ്ങിയതെല്ലാം നിഷിദ്ധവും അതിനുദാഹരണവുമാണ്.

## സ്ത്രീ പുരുഷന്മാർ പരസ്പരം സദൃശ്യരാവൽ

അല്ലാഹു നിശ്ചയിച്ച പൗരുഷം പുരുഷനും സ്ത്രൈണത സ്ത്രീയും കാത്ത്സൂക്ഷിക്കൽ അവൻ അടിയാറുകൾക്ക് നിശ്ചയിച്ച പ്രകൃതിയാണ്. അതുമൂലമാണ് ജനജീവിതം നേരെചൊവ്വേ നിലനിൽക്കുന്നത്. ആണ് പെണ്ണിനോടും പെണ്ണ് ആണിനോടും കോലപ്പെടുത്തൽ പ്രകൃതി വിരുദ്ധമാണെന്ന് മാത്രമല്ല അതുമുഖേന കുഴപ്പങ്ങളുടെ കവാടങ്ങൾ മലർക്കെ തുറക്കപ്പെടാനും സാമൂഹ്യ ശൈഥല്യങ്ങൾ വ്യാപകമാവാനും കാരണമാകും. ശറഇൽ ഇത്തരം കോലപ്പെടൽ നിഷിദ്ധവും ദിവ്യശാപവും കോപവും അത്തരക്കാരിൽ പറഞ്ഞിരിക്കെ അത് വൻപാപവുമാണ്. ഇബ്നു അബ്ബാസ്ؓവിൽ നിന്നുദ്ധരിക്കുന്ന രണ്ട് ഹദീസുകളിൽ ഇപ്രകാരം കാണാം.

(( لَعَنَ رَسُولُ اللهِ ﷺ الْمُتَشَبِّهِينَ مِنَ الرِّجَالِ بِالنِّسَاءِ ، وَالْمُتَشَبِّهَاتِ مِنَ النِّسَاءِ بِالرِّجَالِ ))

(പുരുഷന്മാരിൽനിന്ന് സ്ത്രീകളോട് കോലപ്പെടുന്നവരേയും സ്ത്രീകളിൽനിന്ന് പുരുഷന്മാരോട് കോലപ്പെടുന്നവരേയും അല്ലാഹുവിൻെറ റസൂൽ ﷺ ശപിച്ചിരിക്കുന്നു.) [122]

( لَعَنَ رَسُولُ اللهِ ﷺ الْمُخَنَّثِينَ مِنَ الرِّجَالِ وَالْمُتَرَجِّلاَتِ مِنَ النِّسَاءِ )

(പുരുഷന്മാരിൽ നിന്നുള്ള പെൺകോന്തന്മാരേയും സ്ത്രീകളിൽനിന്നുള്ള ആൺവേഷധാരിണികളേയും അല്ലാഹുവിൻെറ റസൂൽ ﷺ ശപിച്ചിരിക്കുന്നു.)[123]

ശരീരഭാഗം കുഴച്ചും സംസാരത്തിൽ ചിണുങ്ങിയും നടത്തത്തിൽ സ്ത്രീ സ്വഭാവം പൂണ്ടും അനക്കത്തിലും നടത്തത്തിലുമൊക്കെ-വസ്ത്രധാരണത്തിൽപോലും- പരസ്പരം സാദൃശ്യലപ്പെടൽ കണ്ടുവരാറുണ്ട്. അധമന്മാരും ഹിപ്പികളുമായ ചില പുരുഷന്മാർ അണിയാറുള്ളതുപോലെ കണ്ഠാഭരണം, വള, പാദസ്വരം, കമ്മൽ, തുടങ്ങിയവ ധരിക്കാൻ ആണുങ്ങൾക്ക് പാടുള്ളതല്ല. പുരുഷന്മാർക്ക് പ്രത്യേകമായ വസ്ത്രങ്ങൾ സ്ത്രീ ധരിക്കാനും പാടില്ല. മറിച്ച് വസ്ത്രത്തിൻെറ കോലവും തുന്നലും വ്യത്യസ്തമായിരിക്കണം.

അബൂ ഹുറയ്റ رضي الله عنهവിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു.:

(( لَعَنَ اللهُ الرَّجُلَ يَلْبَسُ لِبْسَةَ الْمَرْأَةِ وَالْمَرْأَةُ تَلْبَسُ لِبْسَةَ الرَّجُلِ ))

---

122 ബുഖാരി.

123 ബുഖാരി

(സ്ത്രീ വസ്ത്രം ധരിക്കുന്ന കോലത്തിൽ വസ്ത്രം ധരിക്കുന്ന പുരുഷനേയും പുരുഷൻ വസ്ത്രം ധരിക്കുന്നതു പോലെ വസ്ത്രം ധരിക്കുന്ന സ്ത്രീയേയും അല്ലാഹു ശപിച്ചിരിക്കുന്നു.) [124]

# മുടികറുപ്പിക്കൽ

നബിﷺ പറയുന്നു:

(( يَكُونُ قَوْمٌ يَخْضِبُونَ فِي آخِرِ الزَّمَانِ بِالسَّوَادِ كَحَوَاصِلِ الْحَمَامِ لاَ يَرِيحُونَ رَائِحَةَ الْجَنَّةَ ))

(കാലാവസാനത്തിൽ ഒരു വിഭാഗമാളുകൾ പ്രാവുകളുടെ മേടപോലെ (മുടി കുറ്റി വെളുത്തതും അഗ്രഭാഗം കറുത്തതുമായ രീതിയിൽ) കറുപ്പ് വർണ്ണം കൊടുക്കുന്നവരായിരിക്കും അവർ സ്വർഗ്ഗത്തിൻെറ പരിമളം പോലും ആസ്വദിക്കില്ല.)[125]

ഈ ഹദീസിലെ താക്കീതിൻെറ സ്വരം മുടി കറുപ്പിക്കൽ നിഷിദ്ധമാണെന്ന് ശരിയാംവിധം തെളിയിക്കുന്നു. നര ബാധിച്ചവർ മുടി കറുപ്പിക്കുന്നതോടെ ചതി, സൃഷ്ടിപ്പിൽ മാറ്റം വരുത്തൽ, യഥാസ്ഥിതിക്ക് പകരം മറ്റൊരു കോലം കെട്ടൽ തുടങ്ങിയ കുഴപ്പങ്ങൾക്ക് വഴിമരുന്നിടുന്നു. വ്യക്തിപരമായ ജീവിതത്തിൽ അതിനൊരു ദുഃസ്വാധീനമുണ്ടെന്ന് മാത്രമല്ല., അത് വഞ്ചനാപരവുമാണ്. നബിﷺ തൻെറ നരയെ മൈലാഞ്ചിയോ അല്ലെങ്കിൽ മഞ്ഞ, ചുവപ്പ്,

---

124 അബൂദാവൂദ്4:355, അൽബാനി, സ്വഹീഹുൽജാമിഅ് 5071

125 അബൂദാവൂദ്, അൽബാനി, സ്വഹീഹുൽജാമിഅ് 8153

ബ്രൗൺ തുടങ്ങിയ നിറങ്ങളാൽ വർണ്ണാങ്കിതമാക്കാറുണ്ടായിരുന്നു.

നബിﷺയുടെ തിരുസന്നിധിയിലേക്ക് അബൂ ക്വുഹാഫ ﷛വിനെ കൊണ്ടുവന്നപ്പോൾ വെൺമയാർന്ന വെളുവെളുത്ത തലമുടിയും താടിയും കണ്ടപ്പോൾ നബിﷺ പറഞ്ഞു.:

(( غَيِّرُوا هَذَا بِشَيْءٍ وَاجْتَنِبُوا السَّوَادَ ))

(ഈ (നര) എന്തുകൊണ്ടെങ്കിലും മാറ്റം വരുത്തുക. കറുപ്പ് നിറം കയ്യൊഴിയുക.) [126] സ്ത്രീയും പുരുഷനെപ്പോലെ കറുപ്പല്ലാത്ത മുടി കറുപ്പിക്കാൻ പാടില്ല.

## ചിത്രരചനയും രൂപമുണ്ടാക്കലും

ഇബ്നു മസ്ഊദ്ﷺവിൽനിന്ന് നിവേദനം.
നബിﷺ പറഞ്ഞു:

(( إِنَّ أَشَدَّ النَّاسِ عَذَاباً عِنْدَ اللهِ يَوْمَ الْقِيَامَةِ الْمُصَوِّرُونَ ))

(അല്ലാഹുവിങ്കൽ അന്ത്യനാളിൽ അതികഠിനമായ ശിക്ഷക്ക് അർഹരാവുന്നത് രൂപമുണ്ടാക്കുന്നവരാണ്. )[127]

അബൂ ഹുറയ്റﷺവിൽനിന്നുള്ള ഖുദ്സിയായ ഹദീസിൽ അല്ലാഹു പറയുന്നു. :

(( وَمَنْ أَظْلَمُ مِمَّنْ ذَهَبَ يَخْلُقُ كَخَلْقِي ، فَلْيَخْلُقُوا حَبَّةً أَوْ لِيَخْلُقُوا ذَرَّةً ))

---

[126] മുസ്ലിം 3: 1663

[127] ബുഖാരി

((എന്റെ സൃഷ്ടിപ്പ്പോലെ സൃഷ്ടിക്കാൻ തുനിയുന്നവനെക്കാൾ വലിയ അക്രമകാരി ആരുണ്ട്? എങ്കിൽ അവനൊരു ധാന്യമണി പടക്കട്ടെ, അല്ലെങ്കിൽ അവനൊരു അണുമണി സൃഷ്ടിക്കട്ടെ)) [128]

ഇബ്നുഅബ്ബാസ് ﷺ റിപ്പോർട്ട് ചെയ്യുന്നു: നബി ﷺ പറഞ്ഞു:

(( كُلُّ مُصَوِّرٍ فِي النَّارِ ، يُجْعَلُ لَهُ بِكُلِّ صُورَةٍ صَوَّرَهَا نَفْساً فَتُعَذِّبُهُ فِي جَهَنَّمَ ))

(എല്ലാ രൂപമുണ്ടാക്കുന്നവരും നരകത്തിലാണ്. അവൻ വരച്ച ചിത്രങ്ങൾക്ക് ആത്മാവ് നൽകപ്പെടുകയും നരകാഗ്നിയിൽ അവ അവനെ ശിക്ഷിക്കുകയുംചെയ്യും.) [129]

ഇബ്നു അബ്ബാസ് ﷺ പറയുന്നു:

(إِنْ كُنْتَ لاَ بُدَّ فَاعِلاً فَاصْنَعِ الشَجَرَ وَمَا لاَ رُوحَ فِيهِ )

“അത്തരമൊരു രചനക്ക് നിർബന്ധിതനായിത്തീരുന്നപക്ഷം വൃക്ഷലതാതികളും ആത്മാവില്ലാത്തവയും വരച്ചുകൊൾക.” [130]

മേൽപ്പറഞ്ഞ തിരുമൊഴികളെല്ലാം മനുഷ്യരുടേതായാലും മൃഗങ്ങളുടേതായാലും ആത്മാവുള്ളവയുടെ രൂപം വരക്കൽ നിഷിദ്ധമാണെന്ന് കുറിക്കുന്നു; അവക്ക് നിഴൽപ്പാടുകൾ ഉണ്ടാകട്ടെ ഇല്ലാതിരിക്കട്ടെ. അച്ചടിച്ചും, വരച്ചും

---

128 ബുഖാരി

129 മുസ്ലിം 3: 1671

130 മുസ്ലിം 3: 1671

കൊത്തിയും ചെത്തിയും തുളച്ചും അച്ചുകളിൽ വാർത്തും മറ്റും ഉണ്ടാക്കുന്നവയെല്ലാം നിഷിദ്ധളുടെ പട്ടികയിൽ ഉൾപ്പെടുന്നതാണ്.

ചിലർ ചിത്രപ്പണികളെ ന്യായീകരിച്ച് തങ്ങൾ അതിനെ ആരാധിക്കുന്നില്ലെന്നും സ്രാഷ്ടാംഗം പ്രണമിക്കുന്നില്ലെന്നും വാദമൊഴികൾ ജൽപ്പിക്കാറുണ്ട്. എന്നാൽ ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ശറഇൻെറ തെളിവുകൾക്ക് മനസാ വാചാ കർമ്മണാ കീഴ്പ്പെടുകയല്ലാതെ അതിന് മുമ്പിൽ തർക്കിക്കുവാൻ പാടുള്ളതല്ല. ഉൾകാഴ്ചയുള്ള ധിഷണശാലികൾ ആധുനികത വരച്ചു വിടുന്ന ആധുനിക ഡിസൈനുകളിലെ ചിത്രപണികൾ ഉയർത്തി വിടുന്ന കുഴപ്പങ്ങളിലൊന്നിലേക്കെങ്കിലും കണ്ണോടിച്ചാൽ ഇസ്ലാം ആ രംഗം ഉടച്ച് വാർത്തതിലെ യുക്തിശാസ്ത്രം ബോധ്യപ്പെടും. മനുഷ്യ വികാരം വിജ്രംഭിതമാക്കുന്നതും ദേഹേച്ഛയെ ഇക്കിളിപ്പെടുത്തുന്നതും മാനവകുലത്തെ ധർമ്മച്യുതിയുടെ ശവപറമ്പുകളിലേക്ക് കൂപ്പ് കുത്തിക്കുവാൻ പര്യാപ്തവുമാകുന്നു ഇന്നത്തെ ചിത്ര ലോകം.

മുസ്ലിം വീടുകൾ കാരുണ്യത്തിൻെറ മലക്കുകൾ പ്രവേശിക്കുന്നത് തടയുന്ന ആത്മാവുള്ളവയുടെ ചിത്രങ്ങളിൽനിന്ന് മുക്തമാവേണ്ടതുണ്ട്. അവ തടഞ്ഞ് വീടുകളെ സുരക്ഷിതമാക്കൽ ഒരു മുസ്ലിമിന് സംഗതമാണ്. കാരണം നബിﷺ പറഞ്ഞു. :

(( لاَ تَدْخُلُ الْمَلاَئِكَةُ بَيْتاً فِيهِ كَلْبٌ وَلاَ تَصَاوِيرُ ))

(നായയോ, ചിത്രങ്ങളോ ഉള്ള വീടുകളിലേക്ക് മലക്കുകൾ പ്രവേശിക്കില്ല. ) [131]

---

131 ബുഖാരി.

ചില വീടുകളിൽ പ്രതിമകൾ മുതൽ വിഗ്രഹങ്ങൾ വരെ കൗതുകത്തിനും കാഴ്ചക്കും വെക്കാറുണ്ട്. ഇതാവട്ടെ മറ്റുള്ളവയെക്കാൾ നിഷിദ്ധമാണ്. കെട്ടി തൂക്കിയ ചിത്രങ്ങൾ അമിതമായി മഹത്വപ്പെടുത്തപ്പെടുന്നു, അവ തീരാദുഃഖങ്ങൾ കൊണ്ട്വരുന്നു, അതുമൂലം പരസ്പരം പൊങ്ങച്ചപ്രകടനങ്ങളും ഉണ്ടാവുന്നു. അതുകൊണ്ട് തന്നെ അവ കെട്ടിത്തൂക്കാത്ത ചിത്രങ്ങളെക്കാൾ കഠിനമാണ്. സ്മരണിക എന്ന ഓമനപ്പേരിലാണ് പലരും ചിത്രം പേറി നടക്കാറ്. പക്ഷെ യഥാർത്ഥ സ്മരണ ഹൃദയത്തിലും, പാപമോചനത്തിനും കാരുണ്യത്തിനുമുള്ള പ്രാർത്ഥനയിലുമാണ്. ചിത്രങ്ങൾ ഒഴിവാക്കലും മായിച്ച് കളയലും അനിവാര്യമാണ്. വ്യാപകമായി ചിത്രങ്ങൾ കണ്ട് വരുന്ന കവറുകൾ, നിഘണ്ടുകൾ, അവലംബ കൃതികൾ, ഉപകാരപ്രദമായ പുസ്തകങ്ങൾ തുടങ്ങിയവയിൽനിന്നെല്ലാം കഴിവിന്റെ പരമാവധി ചിത്രങ്ങൾ നീക്കാൻ ശ്രമിച്ച് മാറ്റാൻ പ്രയാസമുള്ളത് നിലനിർത്തുന്നതിൽ വിരോധമില്ല. എന്നാലും ചിത്രം ചീത്തയാണെങ്കിൽ അതിൽ നല്ലവണ്ണം സൂക്ഷ്മത പുലർത്തണം. എന്നാൽ ഐഡൻറിറ്റി സ്ഥാപിക്കുക തുടങ്ങിയ അവശ്യകാര്യങ്ങൾക്ക് ഫോട്ടോ കൊണ്ട് നടക്കുന്നതിൽ കുഴപ്പമില്ല. കാല്കൊണ്ട് ചവിട്ടികൊണ്ടോ മറ്റോ അവഹേളിതമാണ് ചിത്രങ്ങളെങ്കിൽ അത്തരം ചിത്രങ്ങളും തെറ്റില്ലെന്ന അഭിപ്രായക്കാരാണ് ചില പണ്ഢിതന്മാർ. അതിനാൽ

"അതിനാൽ നിങ്ങൾക്ക് فَاتَّقُوا اللَّهَ مَا اسْتَطَعْتُمْ
സാധ്യമായ വിധം നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക.
[വി.ക്വു. 64:16] "

## കിനാവുകണ്ടെന്ന കള്ളവാദം

ചിലയാളുകൾ വല്ല നേട്ടവും കൊയ്യാനോ ജനപ്രശസ്തി നേടാനോ, പണം തട്ടിയെടുക്കാനോ, ശത്രുവെ ഭീഷണിപ്പെടുത്താനോ മറ്റുമൊക്കെ പൊയ്ക്കിനാവുകളും സ്വപ്നങ്ങളും കെട്ടിച്ചമക്കാറുണ്ട്. സാധാരണക്കാരാകട്ടെ സ്വപ്നങ്ങളുടെ സംഭവ്യതയിൽ മനമറിഞ്ഞ് വിശ്വസിക്കുന്നതിനാൽ ഇത്തരം കള്ളക്കിനാവുകളിൽ വഞ്ചിതരാവുന്നു. കിനാവ് കണ്ടെന്ന് കള്ളവാദം നടത്തുന്നവർക്ക് താക്കീതെന്നോണം നബിﷺ പറഞ്ഞു :

((إِنَّ مِنْ أَعْـظَمِ الفِرَى أَنْ يَدَّعِيَ الرَّجُلُ إِلَى غَيْرِ أَبِيهِ، أَوْ يُرِيَ عَيْنَهُ مَا لَمْ تَرَ، أَوْ يَقُولُ عَلَى رَسُولِ اللهِ ﷺ مَا لَمْ يَقُلْ))

(തിർച്ചയായും ഏറ്റവും വലിയ അപവാദം ഒരാൾ തൻെറ പിതാവല്ലാത്തവനിലേക്ക് ചേർത്ത് വിളിക്കലും, കണ്ണ് (സ്വപ്നം) കാണാത്തത് കണ്ടെന്ന് പറയലും, അല്ലാഹുവിൻെറ റസൂൽﷺ പറയാത്ത കാര്യം അദ്ദേഹം പറഞ്ഞെന്ന് പറയലുമാണ്.) [132]

(( مَنْ تَحَلَّمَ بِحُلْمٍ لَمْ يَرَهُ كُلِّفَ أَنْ يَعْقِدَ بَيْنَ شَعِيرَتَينِ وَلَنْ يَفْعَلَ ........))

(ആരെങ്കിലും കാണാത്തകിനാവിനെ കണ്ടെന്ന് വാദിച്ചാൽ രണ്ട് യവമണികൾക്കിടയിൽ ബന്ധിപ്പിക്കുവാൻ അവ

---

[132] ബുഖാരി

നോട് കൽപ്പിക്കപ്പെടും. അവന് ഒരിക്കലും അതു ചെയ്യാനാവില്ല.)[133]

യവമണികളെ (വാൽഗോതമ്പ്) ബന്ധിപ്പിക്കലും കാണാത്തകാര്യം കാണലും ഒരുപോലെ അസംഭവ്യമാണ്. കാണാത്ത സ്വപ്നം കണ്ടെന്ന് പറഞ്ഞതിന് ശിക്ഷയും അപ്രകാരം തന്നെ.

## ഖബറിന്മേൽ ഇരിക്കൽ, ചവിട്ടൽ, ശ്മശാനത്തിൽ മലമൂത്ര വിസർജ്ജനം നടത്തൽ

അബൂ ഹുറയ്റ ﷺവിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: അല്ലാഹുവിൻെറ റസൂൽ ﷺ അരുളിയിരിക്കുന്നു.:

(( لأَنْ يَجْلِسَ أَحَدُكُمْ عَلَى جَمْرَةٍ فَتُحْرِقَ ثِيَابَهُ فَتَخْلُصَ إِلَى جِلْدِهِ خَيْرٌ لَهُ مِنْ أَنْ يَجْلِسَ عَلَى قَبْرٍ ))

(നിങ്ങളിലൊരാൾ ഒരു തീക്കനലിൽ ഇരിക്കുകയും എന്നിട്ട് വസ്ത്രം കത്തിപ്പിടിച്ച് തൊലിയിലേക്ക് (തീ) വന്നെത്തലുമാണ് ഒരു ഖബറിൻമേൽ ഇരിക്കുന്നതിനേക്കാൾ അവന്നുത്തമം.)[134]

പലരും ഒരു മയ്യിത്ത് മറമാടുമ്പോൾ തൊട്ട് കിടക്കുന്ന ഖബറുകളെ കാര്യമാക്കാതെ ചെരിപ്പണിഞ്ഞും അ

---

133 ബുഖാരി

134 മുസ്ലിം 2: 667

ല്ലാതേയും ചവിട്ടി നിൽക്കുന്നതായി കാണാം. ഇത് കാര്യ ഗൗരവത്തിലെടുത്ത നബിﷺ പറഞ്ഞു.:

((لأَنْ أَمْشِيَ عَلَى جَمْرَةٍ أَوْ سَيْفٍ أَوْ أَخْصِفَ نَعْلِي بِرِجْلِي أَحَبُّ إِلَيَّ مِنْ أَنْ أَمْشِيَ عَلَى قَبْرِ مُسْلِمٍ ))

(ഞാൻ തീക്കനലിലൂടെയോ വാളിൻമേലോ നടക്കലോ അല്ലെങ്കിൽ എൻെറ കാല് കൊണ്ട് എൻെറ ചെരിപ്പ് തുന്നലോ ആണ് ഒരു മുസ്ലിമിൻെറ ഖബറിന്മേൽ നടക്കുന്നതിനേക്കാൾ എനിക്ക് ഇഷ്ടം) [135]

ഖബറിൻമേൽ ഇരിക്കുകയും ചവിട്ടുകയും ചെയ്യുന്നവരുടെ കാര്യം ഇത്രമാത്രം ഗൗരവമാർന്നതാണെങ്കിൽ ശ്മശാനഭൂമി കയ്യേറുകയും അവിടം കച്ചവട സ്ഥാനവും പാർപ്പിടവും ഒരുക്കുന്നവരുടെ കാര്യം എന്തായിരിക്കും? ചില നികൃഷ്ടർ ശ്മശാന ഭൂമിയിൽ മലമൂത്ര വിസർജ്ജനം നടത്തുകയും അത് മുഖേന തൻെറ ദുർഗന്ധവും മാലിന്യവുംകൊണ്ട് അന്യർക്ക് ഉപദ്രവമേൽപ്പിക്കുന്നു. നബിﷺ പറയുന്നു. :

((وَمَا أُبَالِي أَوَسَطَ الْقَبْرِ قَضَيْتُ حَاجَتِي أَوْ وَسَطَ السُّوقِ))

( ഖബ്റിൻെറ മധ്യത്തിലാണോ അതല്ല അങ്ങാടിയിലാണോ മലമൂത്ര വിസർജനം നടത്തിയത് എന്ന് (തുല്യ

135 ഇബ്നുമാജ 1:499, അൽബാനി, സ്വഹീഹുൽജാമിഅ് 5038

പ്പെടുത്തി) പറയുന്നതിൽ ഒന്നും തന്നെ ഞാൻ പ്രശ്നമാക്കുന്നില്ല.)[136]

എന്ന് പറഞ്ഞാൽ ഖബർസ്ഥാനത്തിൽ മലമൂത്രവിസർജ്ജനം നടത്തുന്നത് അങ്ങാടിയിലെ ആൾകൂട്ടത്തിന് മുന്നിൽ മലമൂത്രവിസർജ്ജനം ചെയ്യുന്നത് പോലെയും നഗ്നത വെളിപ്പെടുത്തുന്നത് പോലെയും അതിഹീനവും നിന്ദ്യവുമാണ്. മാലിന്യങ്ങളും കൂപ്പകളും ഖബ്ർസ്ഥാനങ്ങളിൽ പ്രത്യേകിച്ച് ഇടിഞ്ഞ് പൊളിഞ്ഞതും ഉപയോഗശൂന്യവുമായ ശ്മശാനങ്ങളിൽ മനഃപ്പൂർവ്വം കൊണ്ടുപോയി തട്ടുന്നവരും നബിﷺ താക്കീത് ചെയ്ത വിഭാഗത്തിൽ ഉൾപ്പെടും. ഖബറുകൾക്കിടയിൽ നടക്കുമ്പോൾ പാദരക്ഷകൾ ഊരി വെക്കൽ ഖബർ സന്ദർശന മര്യാദകളിൽ പെട്ടതാകുന്നു.

## മൂത്രവിസർജ്ജനത്തിൽനിന്ന് വെടുപ്പാകാതിരിക്കൽ

മാനുഷികചെയ്തികൾ സംശുദ്ധീകരിക്കുന്ന എല്ലാ സൽഗുണങ്ങളും ഇസ്ലാമിക ശരീഅത്ത് കൊണ്ട് വന്നു എന്നത് അതിനെ മേന്മകൂട്ടുന്ന കാര്യങ്ങളിലൊന്നാണ്. മാലിന്യം ശുദ്ധീകരിക്കൽ അതിൽ ഒന്ന് മാത്രം. അതിനാൽ തന്നെ ശൗചം ചെയ്യൽ നിയമമാക്കുകയും അതിൻെറ കോലം വിശദീകരിക്കുകയും ചെയ്തു. ചിലർ നജസ് വൃത്തിയാക്കുന്നതിൽ വീഴ്ച കാണിക്കുന്നതിനാൽ ദേഹവും വസ്ത്രവും മലിനമാവുകയും നമസ് ക്കാരംപോലും

136 ഇബ്നുമാജ 1:499, അൽബാനി, സ്വഹീഹുൽജാമിഅ് 5038

ശരിയാകാതിരിക്കുകയും ചെയ്യുന്നു. മൂത്രത്തിൽനിന്ന് വെടുപ്പാകാതിരിക്കൽ ഖബറിൽ വെച്ച് ശിക്ഷിക്കപ്പെടാൻ കാരണമാകുമെന്ന് നബിﷺ പറഞ്ഞു.

ഇബനു അബ്ബാസ്رضي الله عنه റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം.:

(( مَرَّ النَّبِيُّ بِحَائِطٍ مِنْ حِيطَانِ الْمَدِينَةِ فَسَمِعَ صَوْتَ اِنْسَانَيْنِ فِي قُبُورِهِمَا ، فَقَالَ النَّبِيُّ : " يُعَذَّبَانِ ، وَمَا يُعَذَّبَانِ فِي كَبِيرٍ ، ثُمَّ قَالَ : بَلَى [وفي رواية: وَإِنَّهُ لَكَبِيرٌ ] كَانَ أَحَدُهُمَا لاَ يَسْتَتِرُ مِنْ بَوْلِهِ ، وَكَانَ اْلآخَرُ يَمْشِي بِالنَّمِيمَةِ ))

(നബിﷺ ഒരിക്കൽ മദീനയിലെ ഒരു തോട്ടത്തിലൂടെ നടക്കുമ്പോൾ ഖബറിൽ ശിക്ഷിക്കപ്പെടുന്ന രണ്ടാളുകളുടെ ശബ്ദം കേട്ടു. അപ്പോൾ അവിടുന്ന് അരുളി അവർ രണ്ട് പേരും ശിക്ഷിക്കപ്പെടുന്നു, വലിയ കുറ്റത്തിനല്ല അവർ ശിക്ഷിക്കപ്പെടുന്നത് പിന്നീട് അവിടുന്ന് പറഞ്ഞു: അതെ, (മറ്റൊരു റിപ്പോർട്ടിൽ തീർച്ചയായും അത് വലിയ കുറ്റമാണ്.) അവരിലൊരാൾ (മൂത്രമൊഴിച്ചാൽ) മൂത്രത്തിൽനിന്ന് ശുദ്ധിയാവുമായിരുന്നില്ല. അപരനാവട്ടെ ഏഷണി പറഞ്ഞ് നടക്കുന്നവനായിരുന്നു.) [137]

മാത്രമല്ല നബി ﷺ ഇത് കൂടി പറഞ്ഞു.:

(( أَكْثَرُ عَذَابِ الْقَبْرِ مِنَ الْبَوْلِ ))

[137] ബുഖാരി

(ഖബറിലെ ശിക്ഷയിൽ കൂടുതലും മൂത്രത്തിൻെറ കാര്യത്തിലാണ്.)[138]

മൂത്രമൊഴിച്ച് തീരുംമുമ്പ് പെട്ടെന്ന് എഴുനേൽക്കുക, തിരിച്ച് തെറിക്കുന്ന രീതിയിലും സ്ഥലത്തും മൂത്രമൊഴിക്കുക, ശൗച്യം ചെയ്യാതിരിക്കുക, അല്ലെങ്കിൽ വേണ്ട രീതിയിൽ ശുദ്ധീകരിക്കാതിരിക്കുക, തുടങ്ങിയതെല്ലാം ഹദീസിൽ സൂചിപ്പിച്ച 'മൂത്രം വെടിപ്പാക്കാതിരിക്കുക' എന്ന പ്രയോഗത്തിൽ ഉൾപ്പെടും. അവിശ്വാസികളുടെ ചുവട് പിടിച്ച് ഇന്ന് പല മൂത്രപ്പുരകളിലും മൂത്രിക്കാനുള്ള ബാത്ത് ബെയ്സുകൾ ഏർപ്പാടാക്കുന്നത് ചുമരിലും വെളിയിലുമാണ്. മൂത്രിക്കാനെത്തുന്നവനാകട്ടെ നിർലജ്ജം അവിടെ കയറി ഇറങ്ങുന്നവർക്ക് മുമ്പിൽ കൃത്യ നിർവ്വഹണം നടത്തുന്നു. ഉരിഞ്ഞ് താഴ്ത്തിയിട്ട വസ്ത്രം വീണ്ടും നജസോടെ അവൻ വാരിയുടുക്കുന്നു. ഇതോടെ അവനിൽ രണ്ട് നിഷിദ്ധങ്ങൾ സംഗമിക്കുന്നു. (ഒന്ന്) അന്യരുടെ മുമ്പിൽ നഗ്നത വെളിപ്പെടുത്തുക. (രണ്ട്) മൂത്ര വിസർജ്ജനത്തിൽ ശുദ്ധി കൈവരിക്കാതിരിക്കുക.

# സംസാരം കട്ടുകേൾക്കൽ

അല്ലാഹു പറയുന്നു.:

...وَلَا تَجَسَّسُوا...

"...നിങ്ങൾ ചാരവൃത്തി നടത്തുകയുമരുത്..." [വി.ക്വു.49:12]
ഇബനു അബ്ബാസ്ﷺ റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം:

---

138 അഹ്മദ് 2 : 326, അൽബാനി, സ്വഹീഹുൽജാമിഅ് 1213

(( مَنْ اِسْتَمَعَ إِلَى حَدِيثِ قَوْمٍ وَهُمْ لَهُ كَارِهُونَ صُبَّ فِي أُذُنَيْهِ الآنكَ يَوْمَ الْقِيَامَةِ ))

(ഒരാൾ ഒരു വിഭാഗമാളുകൾ അനിഷ്ടരായിരിക്കെ അവരുടെ സംസാരത്തിലേക്ക് ചെവികൊടുത്താൽ അവൻെറ ഇരു ചെവികളിലും അന്ത്യനാളിൽ (ഉരുകിയ) ഇയ്യം ഒഴിക്കപ്പെടുന്നതാണ്.) [139]

അന്യരുടെ സംസാരം അവരറിയാതെ ചോർത്തിയെടുക്കുകയും അവർക്ക് അപകടമാംവിധം പറഞ്ഞു നടക്കുകയും ചെയ്താൽ ചാരപ്പണി എന്ന കുറ്റത്തിലേക്ക് ഏഷണി എന്ന കുറ്റംകൂടി ചേർക്കപ്പെടും കാരണം അവൻ നബിﷺ പറഞ്ഞു:

(( لاَ يَدْخُلُ الْجَنَّةَ قَتَّاتٌ ))

(ഏഷണിക്കാരൻ സ്വർഗ്ഗത്തിൽ പ്രവേശിക്കില്ല)[140] എന്ന ഹദീസിൻെറ പരിധിയിലാണ്.

## ചീത്ത അയൽപക്കബന്ധം

അയൽവാസിയുടെ കാര്യത്തിൽ അല്ലാഹു നമ്മെ ഉപദേശിക്കുന്നത് നോക്കൂ.

---

139 ബുഖാരി.

140 ബുഖാരി

"നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്ക്ചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബബന്ധമുള്ള അയൽക്കാരോടും അന്യരായഅയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ല നിലയിൽ വർത്തിക്കുക. പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരേയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടില്ല." [വി.ക്വു.4:36]

അയലത്ത് പാർക്കുന്നവൻെറ അവകാശങ്ങൾ അതിമഹത്തരമായതിനാൽതന്നെ അവനെ അലോസരപ്പെടുത്തൽ അരുതാത്തകാര്യമാണ്.

അബൂ ശുറൈഹ്ﷺ റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ ഇപ്രകാരം കാണാം.

(( وَ اللهِ لاَ يُؤْمِنُ ، وَ اللهِ لاَ يُؤْمِنُ ، وَ اللهِ لاَ يُؤْمِنُ ، قِيلَ مَنْ يَا رَسُولَ اللهِ ؟ قَالَ : الَّذِي لاَيَـــأْمَنُ جَارُهُ بَوَائِقَهُ ))

(അല്ലാഹുവാണെ സത്യം വിശ്വാസിയാവുകയില്ല, അല്ലാഹുവാണെ സത്യം വിശ്വാസിയാവുകയില്ല, അല്ലാഹുവാണെ സത്യം വിശ്വാസിയാവുകയില്ല, ചോദിക്കപ്പെട്ടു: ആരാണ് അല്ലാഹുവിൻെറ ദൂതരെ? അദ്ദേഹം പറഞ്ഞു: ആരുടെ ശല്യ

പ്പെടുത്തലിൽ നിന്നാണോ അയൽവാസി രക്ഷപ്പെടാത്തത് അവൻ.) [141]

ഒരാൾ തൻെറ അയൽക്കാരനെ പുകഴ്ത്തുന്നുവോ അതല്ല ഇകഴ്ത്തുന്നുവോ എന്നതാണ്, അയാൾ നല്ലവനോ ചീത്തയോ എന്ന് നിശ്ചയിക്കാനുള്ള അളവുകോലായി നബിﷺ നിശ്ചയിച്ചത്.

ഇബ്ന് മസ്ഊദ്ؓ പറയുന്നു. ഒരാൾ നബിﷺയോട് പറഞ്ഞു:

(( قَالَ رَجُلٌ لِلنَّبِيِّ ﷺ : يَا رَسُولَ اللهِ ، كَيْفَ لِي أَنْ أَعْلَمَ إِذَا أَحْسَنْتُ أَوْ إِذَا أَسَأْتُ ؟ فَقَالَ النَّبِيُّ ﷺ : " إِذَا سَمِعْتَ جِيرَانَكَ يَقُولُونَ قَدْ أَحْسَنْتَ فَقَدْ أَحْسَنْتَ وَ إِذَا سَمِعْتَهُمْ يَقُولُونَ قَدْ أَسَأْتَ فَقَدْ أَسَأْتَ ))

(അല്ലാഹുവിൻെറ റസൂലേ, ഞാൻ നന്മ ചെയ്തുവോ അതല്ല തിന്മചെയ്തുവോ എന്ന് എങ്ങനെയാണ് അറിയുക? നബിﷺ പറഞ്ഞു: നിൻെറ അയൽക്കാർ നിന്നെക്കുറിച്ച് നീ നല്ലത് ചെയ്തു എന്ന് പറയുന്നത് കേട്ടാൽ നീ നന്മ ചെയ്തു, നീ ചീത്ത ചെയ്തു എന്ന് അവർ പറയുന്നത് നീ കേട്ടാൽ നീ തിന്മ പ്രവർത്തിച്ചു.)[142]

അയൽക്കാരനെ ഉപദ്രവിക്കുന്നത് പല രൂപത്തിലുമാകാം:

141 ബുഖാരി

142 അഹ്മദ് 1: 402, അൽബാനി, സ്വഹീഹുൽജാമിഅ് 623

- ❖ ഇരുവർക്കും തുല്യഅവകാശമുള്ള ചുമരുപയോഗിക്കുന്നത് തടയുക.
- ❖ അനുവാദം കുടാതെ കാറ്റും സൂര്യകിരണവും തടയുമാറ് കെട്ടിടങ്ങൾ ഉയർത്തുക.
- ❖ തൻെറ വീട്ട് കവാടങ്ങൾ മലർക്കെ തുറന്ന് അവൻെറ അരമനരഹസ്യങ്ങളിലേക്ക് എത്തിനോക്കുക.
- ❖ കൊട്ടും മുട്ടും കോലാഹാലങ്ങളുമുണ്ടാക്കി വിശ്രമ-നിദ്രാവേളകളിൽ ശല്യം ചെയ്യുക.
- ❖ അവൻെറ മക്കൾക്ക് ദേഹോപദ്രവം ഏൽപ്പിക്കുക.
- ❖ മാലിന്യങ്ങൾ അവൻെറ വീട്ടുപടിക്കൽ തട്ടുക.

അയൽക്കാരൻെറ അവകാശങ്ങൾ അതിക്രമിച്ചുള്ള താണ്ഢവം വൻകുറ്റവും മഹാപാപവുമാണെന്ന് നബിﷺ പറയുന്നു. :

(( لأَنْ يَزْنِيَ الرَّجُلُ بِعَشْرِ نِسْوَةٍ أَيْسَرُ عَلَيْهِ مِنْ أَنْ يَزْنِيَ بِامْرَأَةِ جَارِهِ ..لأَنْ يَسْرِقَ الرَّجُلُ مِنْ عَشَرَةِ أَبْيَاتٍ أَيْسَرُ عَلَيْهِ مِنْ أَن يَسْرِقَ مِنْ بَيْتِ جَارِهِ ))

(ഒരാൾ പത്ത് സ്ത്രീകളുമായി വ്യഭിചരിക്കലാണ് അയൽക്കാരൻെറ ഭാര്യയെ വ്യഭിചരിക്കുന്നതിനെക്കാൾ അവന് നിസ്സാരമായത്. ഒരാൾ പത്ത് വീടുകളിൽനിന്ന് മോഷണം നടത്തലാണ് തൻെറ അയൽക്കരൻെറ വീട്ടിൽനിന്ന് മോഷണം നടത്തുന്നതിനേക്കാൾ അവന് നിസ്സാരമായത്.)[143]

---

[143] ബുഖാരി, അദബുൽ മുഫ്റദ് (സിൽസില സ്വഹീഹ 69)

ചില കൊടുംചതിയന്മാർ അയൽവീട്ടിൽ ആളൊഴിഞ്ഞ നേരം പാത്ത് ഇരുട്ടിൻെറ മറവിൽ അവിടെ സംഹാര താണ്ഢവമാടാൻ കയറി കൂടാറുണ്ട്. കഠിന കഠോര ശിക്ഷാ ദിവസം അവനാകുന്നു നാശമത്രയും.

## ഉപദ്രവകരമായ വസ്വിയത്ത്

ഇസ്ലാമിക ശരീഅത്തിൻെറ അടിസ്ഥാനതത്വങ്ങളിൽപ്പെട്ടതാണ് " لاَ ضَرَرَ وَلاَضِرَارَ "

"ഞാൻ ഒരു ഉപദ്രവത്തിനും തീരെയില്ല. എന്നോട് ഒരു ഉപദ്രവവും പാടുമില്ല." എന്നാൽ ഈ തത്വത്തിന് എതിരും അക്രമപരവുമാണ് പലരും അനന്തരാവകാശികളോട് മുഴുവനും അല്ലെങ്കിൽ അവരിൽ ചിലരോടെങ്കിലും ചെയ്യുന്നത്. അപ്രകാരം ചെയ്യുന്നവർക്ക് അതിഭീഷണമായ താക്കീതെന്നോണം നബിﷺ പറഞ്ഞു:

(( مَنْ ضَارَّ أَضَرَّ اللهُ بِهِ ، وَمَنْ شَاقَّ شَقَّ اللهُ عَلَيْهِ ))

(ഒരാൾ (ഇതരർക്ക്) ഉപദ്രവകാരിയായാൽ, അവനെ അല്ലാഹു ഉപദ്രവിക്കും ഒരാൾ (മറ്റൊരാൾക്ക്) പ്രയാസമേൽപ്പിച്ചാൽ അല്ലാഹു അവൻെറമേൽ പ്രയാസമേൽപ്പിക്കും.)[144]

അർഹനായ അവകാശിയെ അനന്തരസ്വത്തിൽനിന്ന് തടയുക, അനന്തരമെടുക്കുന്നവന് വസ്വിയ്യത്ത് ചെയ്യാൻ പാടില്ലാഞ്ഞിട്ടും ശരീഅത്തിന് എതിരായി വസ്വിയ്യത് ചെ

---

[144] അഹ്മദ് 3: 453, അൽബാനി, സ്വഹീഹുൽജാമിഅ് 6348

യ്യുക, അനന്തരാവകാശികളല്ലാത്തവർക്ക് മൂന്നിലൊന്നിൽ കൂടുതൽ വസ്വിയ്യത്ത് ചെയ്യുക തുടങ്ങിയതെല്ലാം ഉപദ്രവകരമായ വസ്വിയ്യത്തിൻെറ ചില രൂപങ്ങളാണ്. ഇത്തരം ഉപദ്രവകരമായ വസ്വിയ്യത്തിനാൽ ഇസ്ലാമിക കോടതികൾ ഇല്ലാത്ത നാടുകളിൽ അഭിഭാഷകൻ രജിസ്ട്രർ ചെയ്ത അനീതി നിറഞ്ഞ വസ്വിയ്യത്തിൻെറ ഫയലുകൾ കൊണ്ടാണ് അനിസ്ലാമിക കോടതി വിധി നടപ്പാക്കുക. അവരുടെ കൈകൾ എഴുതിയ വകയിലൂടെയും അവർ സമ്പാദിക്കുന്ന വകുപ്പിലൂടെയും അവർക്ക് നാശം മാത്രം.

# പകിട കളി (Nard)

ഇന്ന് ജനങ്ങൾക്കിടയിൽ വ്യാപകവും ഉപയോഗത്തിലിരിക്കുന്നതും, നിഷിദ്ധങ്ങൾ അടങ്ങിയതുമായ ഒട്ടനവധി കളികളുണ്ട്.

പകിടകളി അല്ലെങ്കിൽ Nard പോലെ മേശകളിലോ കളങ്ങളിലോ മാറ്റിക്കളിക്കുന്ന എല്ലാ വിനോദങ്ങളും ചൂതാട്ടത്തിലേക്ക് നയിക്കും എന്നതിനാൽ അതും നിഷിദ്ധങ്ങളുടെ പട്ടികയിലാണ്. നബി ﷺ പകിടകളി ചൂതാട്ടത്തിൻെറ കവാടം തുറക്കുമെന്നതിനാൽ അതിനെതിരിൽ മുന്നറിയിപ്പ് നൽകികൊണ്ട് പറഞ്ഞു:

((مَنْ لَعِبَ بِالنَّرْدِيشِ فَكَأَنَّمَا صَبَغَ يَدَهُ فِي لَحْمِ خِنْزِيرٍ وَدَمِهِ))

(ആരെങ്കിലും പകിടകളിച്ചാൽ അവൻ അവൻെറ കൈ, പന്നിമാംസത്തിലും രക്തത്തിലും കുഴച്ചവനെപ്പോലെയാണ്)[145]

---

[145] മുസ്ലിം 4 : 1770

(( مَنْ لَعِبَ بِالنَّرْدِ فَقَدْ عَصَى اللهَ وَرَسُولَهُ ))

(ആരെങ്കിലും പകിടകളിച്ചാൽ അവൻ അല്ലാഹുവിനേയും തിരു ദൂതനേയും ധിക്കരിച്ചിരിക്കുന്നു.)[146]

## ശപിക്കൽ

ക്രോധം മൂത്താൽ പലർക്കും നാവിന് നിയന്ത്രണം ലഭിക്കാറില്ല. അതിനാൽ തന്നെ അവർ മനുഷ്യരെയും മൃഗങ്ങളേയും നിർജീവികളേയും ദിനരാത്രങ്ങളേയും മുഹൂർത്തങ്ങളേയുമൊക്കെ ശപിക്കുവാൻ തത്രപ്പാട് കാണിക്കാറുണ്ട്. ചിലപ്പോൾ തങ്ങൾ തങ്ങളെ തന്നേയും, തങ്ങളുടെ മക്കളേയും, ഭാര്യ-ഭർത്താക്കന്മാർ അങ്ങോട്ടു മിങ്ങോട്ടുമൊക്കെ ശാപ-കോപങ്ങൾ എറിയാറുണ്ട്. തീർത്തും വർജ്ജ്യവും അപകടജടിലവുമാണീ ശാപപ്രാർത്ഥന.

അബൂ സയ്ദ്ﷺ ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം. :

(( ....... وَمَنْ لَعَنَ مُؤْمِناً فَهُوَ كَقَتْلِهِ ))

(------ആരെങ്കിലുമൊരു മുഅ്മിനിനെ ശപിച്ചാൽ അത് അവനെ കൊല്ലുന്നത് പോലെയാണ്.) [147]

ശാപം അന്യർക്കെതിരിലെറിഞ്ഞ് കൂടുതൽ കലി തുള്ളുന്നത് സ്ത്രീകളാണ്. അത് കാരണത്താലാണവർ നരകത്തി

---

146 അഹ്മദ് 4: 394, അൽബാനി, സ്വഹീഹുൽജാമിഅ് 6505

147 ബുഖാരി.

ലേക്ക് കൂപ്പ്കുത്തുവാൻ കൂടുതലും കാരണമാകുന്നതെന്ന് നബിﷺ വ്യക്തമാക്കുകയുണ്ടായി. ശപിക്കുന്നവർ അന്ത്യ നാളിൽ ശുപാർശകരാവില്ലെന്ന് മാത്രമല്ല, അതിക്രമമായി അന്യർക്ക് നേരെ നടത്തുന്ന ശാപപ്രാർത്ഥന സ്വശരീര ത്തിലേക്ക് തിരിച്ചുവരാനും അതുകാരണത്താൽ ദിവ്യകാരു ണ്യത്തിൽനിന്ന് അവൻ വിദൂരപ്പെടാനും ആട്ടിയകറ്റപ്പെ ടാനും കാരണമായേക്കാം.

## വിലാപത്താൽ അലമുറകൂട്ടൽ

ആർത്തട്ടഹസിച്ചും, ഓർത്തോർത്ത് നിലവിളിച്ചും, മുഖ ത്തടിച്ചും ചില സ്ത്രീകളിൽ നിന്നുണ്ടാകുന്ന മേഘഗർജ്ജ നങ്ങൾ കൊടിയ തിന്മകളിൽ പെട്ടതാകുന്നു. ഇപ്രകാരം തന്നെയാണ് മാറിടം മാന്തിക്കീറിയും മുടി കളഞ്ഞും പിടിച്ചു പറിച്ചും ചെയ്തു കൂട്ടുന്ന പരിദേവനങ്ങൾ. അല്ലാഹുവി ൻെറ വിധിയിലുള്ള അതൃപ്തിയും, വിപൽ ഘട്ടങ്ങളിലെ അക്ഷമയുമാണ് ഇതെല്ലാം വിളിച്ചറിയിക്കുന്നത്. ഇത്തര ക്കാർക്ക് ശാപമെറിഞ്ഞ് കൊണ്ടുള്ള നബിﷺയുടെ ചില വച നങ്ങൾ നോക്കൂ, അബൂ ഉമാമ ﵁വിൽനിന്ന് നിവേദനം:

(( أَنَّ رَسُولَ اللهِ ﷺ لَعَنَ الْخَامِشَةَ وَجْهَهَا وَ الشَّاقَةَ جَيْبَهَا وَالدَاعِيَةَ بِالْوَيْلِ وَالثُّبُورِ ))

(മുഖം മാന്തിക്കീറുന്നവളേയും മാറിടം പിളർക്കുന്നവളേയും ശാപവും നാശവും വിളിച്ച് പറയുന്നവളേയും അല്ലാഹു വിൻെറ റസൂൽﷺ ശപിച്ചിരിക്കുന്നു.) [148]

---

[148] ഇബ്നുമാജ 1:505, അൽബാനി, സ്വഹീഹുൽജാമിഅ്:5068

ഇബ്നുമസ്ഊദ്ﷺവിൽനിന്ന് നിവേദനം: നബിﷺ പറഞ്ഞു:

(( لَيْسَ مِنَّا مَنْ لَطَمَ الْخُدُودَ ، وَشَقَّ الْجُيُوبَ ، وَدَعَا بِدَعْوَى الْجَاهِلِيَّةِ ))

(കവിളത്തടിക്കുകയും മാറിടം പിളർക്കുകയും ജാഹിലിയ്യാ കാലത്തെ ആർത്തുവിളി നടത്തുകയും ചെയ്യുന്നവർ നമ്മിൽ പെട്ടവരല്ല.)[149] നബിﷺ പറഞ്ഞു:

(( النَّائِحَةُ إِذَا لَمْ تَتُبْ قَبْلَ مَوْتِهَا تُقَامُ يَوْمَ الْقِيَامَةِ وَعَلَيْهَا سِرْبَالٌ مِنْ قَطِرَانٍ وَدِرْعٌ مِنْ جَرَب ))

(രോദനത്താൽ അലമുറകൂട്ടുന്നവൾ മരിക്കുന്നതിന് മുമ്പ് തൗബ ചെയ്തിട്ടില്ലെങ്കിൽ അന്ത്യനാളിൽ അവളുടെ മേൽ ഉരുകിയ ലോഹം കൊണ്ടുള്ള വസ്ത്രവും ചൊറിയുന്ന കുപ്പായവുമുണ്ടാവും.)[150]

149 ബുഖാരി.

150 മുസ്‌ലിം

## മുഖത്തടിക്കലും അടയാളംവെക്കലും.

ജാബിർ ﵁ വിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു:

(( نَهَى رَسُولُ اللهِ ﷺ عَنِ الضَــــرْبِ فِي الْوَجْــــهِ ، وَعَنِ الْوَسْــــمِ فِي الْوَجْــــهِ ))

(അല്ലാഹുവിൻെറ റസൂൽ ﷺ മുഖത്തടിക്കുന്നതിനെയും മുഖത്ത് അടയാളപ്പെടുത്തുന്നതിനേയും നിരോധിച്ചിരിക്കുന്നു.)[151]

മുഖത്തടിക്കുന്ന കാര്യമെടുത്താൽ ചില രക്ഷിതാക്കൾക്ക് മക്കളേയും അദ്ധ്യാപകർക്ക് വിദ്യാർത്ഥികളേയും യജമാനന്മാർക്ക് ഭൃത്യരേയും കൈപടം മുഖത്ത് പതിപ്പിച്ചാലേ ശിക്ഷിക്കാനാകൂ എന്ന മട്ടിലാണ്. ഈ ദുഷ്പ്രവണത മൂഖേന മനുഷ്യനെ മാനിച്ച് അല്ലാഹു നൽകിയ മുഖത്തെ നിന്ദ്യമാക്കുന്നതിന് പുറമെ മനുഷ്യവദനത്തിലെ സംവേദനക്ഷമത കെട്ട് പോകുകയും ഖേദവും പ്രതികാരചിന്തയും അവനിൽ ഉടലെ ടുക്കുകയും ചെയ്യും.

കാലികളെ തിരിച്ചറിയാനും നഷ്ടപ്പെട്ടാൽ തിരിച്ച് കിട്ടാനുമൊക്കെ മുഖത്ത് വെക്കുന്ന അടയാളവും ഇതുപോലെ നിഷിദ്ധമാണ്. മാത്രമല്ല അതിൽ അതിയായ അവഹേളനവും അമിതമായ ശിക്ഷയുമുണ്ട്. ചിലർ തൻെറ ഗോത്ര ചിഹ്നവും തിരിച്ചറിയാനുള്ള അടയാളവുമെന്ന വാദഗതിയിലാണ് ഇപ്രകാരം ചെയ്യാറ്. അത്തരക്കാർക്ക് മുഖമൊഴിച്ച് മറ്റൊരു ഭാഗം തെരഞ്ഞെടുക്കാവുന്നതാണ്.

---

151 മുസ്‌ലിം

# മൂന്നുദിവസത്തിൽ കൂടുതൽ പിണങ്ങിയിരിക്കൽ

മുസ്ലിംകൾക്കിടയിൽ ഛിദ്രത സൃഷ്ടിക്കൽ പൈശാചിക കാൽവെപ്പുകളിലൊന്നാണ്. ഇത്തരം പൈശാചിക ചുവടുവെച്ച് സഞ്ചരിക്കുന്നവരാകട്ടെ ഇസ്ലാമികമായി സാധൂകരണമില്ലാത്തതും, കേവലം ഭൗതികവും നിസ്സാരവുമായ കാരണങ്ങളാൽ മുസ്ലിം മക്കളോട് പിണക്കം തുടങ്ങുകയും ദീർഘകാലം ബന്ധ വിച്ഛേദം നടത്തുകയും ചെയ്യും. ചിലപ്പോൾ മിണ്ടില്ലെന്ന് ശപഥം ചെയ്യും. വീട്ടിൽ കാല് കുത്താതിരിക്കാൻ നേർച്ച നേരും, വഴിയോരങ്ങളിൽ കണ്ട് മുട്ടിയാൽ തിരിഞ്ഞ് നടക്കും, സദസ്സുകളിൽ പരസ്പരം കണ്ടാൽ പിണങ്ങിയവനോട് സലാം പറയുകയോ അവന് ഹസ്തദാനമോ ചെയ്യില്ല. മുസ്ലിം സമൂഹത്തിന്റെ സാമൂഹ്യ ശ്രേണിയെ ശൈഥില്യത്തിലേക്ക് കൊണ്ടെത്തിക്കുമെന്നതിനാൽ അത്തരം ചെയ്തികളെ ഇസ്ലാം ഉടച്ച് വാർക്കുകയും അതിനെതിരിൽ അതിഭീഷണി മുഴക്കുകയും ചെയ്തു.

അബൂഹുറയ്റ ﵁ വിൽനിന്ന് നിവേദനം: നബി ﷺ പറഞ്ഞു:

(( لاَ يَحِلُّ لِمُسْلِمٍ أَنْ يَهْجُرَ أَخَاهُ فَوْقَ ثَلاَثٍ ، فَمَنْ هَجَرَ فَوْقَ ثَلاَثٍ فَمَاتَ دَخَلَ النَّارَ ))

(ഒരു മുസ്ലിമിനും തന്റെ സഹോദരനെ മൂന്ന് ദിവസത്തിൽ കൂടുതൽ വെടിഞ്ഞ് (പിണങ്ങി) നിൽക്കാൻ പാടില്ല. ആരെങ്കിലും മൂന്നിൽ കൂടുതൽ (ദിവസങ്ങൾ) പിണങ്ങി

നിൽക്കുകയും അങ്ങനെ മരിക്കുകയുമാണെങ്കിൽ അവൻ നരകത്തിൽ പ്രവേശിക്കും.)[152]

അബൂഖിറാശിൽ അസ്‌ലമിﷺവിൽനിന്നും നിവേദനം. നബിﷺ പറഞ്ഞു:

(( مَنْ هَجَرَ أَخَاهُ سَنَةً فَهُوَ كَسَفْكِ دَمِهِ ))

(ഒരാൾ തന്റെ സഹോദരനോട് ഒരു വർഷം പിണങ്ങി നിന്നാൽ അവൻ അവന്റെ രക്തം ചിന്തിയത് പോലെയാണ്.)[153]

മുസ്‌ലിമീങ്ങൾക്കിടയിലുള്ള ബന്ധവിച്ഛേദനങ്ങളുടെ തിക്തഫലമാണ് അത്തരക്കാർക്ക് പടച്ചവനിൽ നിന്നുള്ള പാപമോചനം തടയപ്പെടുകയെന്നത്. അബൂ ഹുറയ്റﷺവിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ

(( تُعْرَضُ أَعْمَالُ النَّاسِ فِي كُلِّ جُمُعَةٍ مَرَّتَيْنِ ، يَوْمَ الْإِثْنَيْنِ وَ يَوْمَ الْخَمِيسِ ، فَيُغْفَرُ لِكُلِّ عَبْدٍ مُؤْمِنٍ إِلاَّ عَبْداً بَيْنَهُ وَبَيْنَ أَخِيهِ شَحْنَاءُ، فَيُقَالُ: اُتْرُكُوا أَوْ أَرْكُوا هَذَيْنِ حَتَى يَفِيئَا ))

(എല്ലാ ആഴ്ചയിലും രണ്ട് പ്രാവശ്യം അഥവാ തിങ്കളാഴ്ചയും വ്യാഴാഴ്ചയും ജനങ്ങളുടെ പ്രവർത്തനങ്ങൾ (അല്ലാഹുവിങ്കൽ) പ്രദർശിപ്പിക്കപ്പെടും. എല്ലാ വിശ്വാസിയായ

[152] അബൂദാവൂദ് 5:215, അൽബാനി, സ്വഹീഹുൽജാമിഅ്:7635

[153] ബുഖാരി, അദബുൽ മുഫ്റദ്, സ്വഹീഹുൽജാമിഅ് 6557

അടിമക്കും അപ്പോൾ പൊറുത്ത് കൊടുക്കും തന്റെയും സഹോദരന്റേയും ഇടയിൽ പിണക്കമുള്ള ഒരു അടിമയെ ഒഴിച്ച്. അപ്പോൾ ഇങ്ങനെ പറയപ്പെടും അവർ രണ്ട് പേരേയും നിങ്ങൾ ഉപേക്ഷിക്കുക അല്ലെങ്കിൽ പിന്തിക്കുക അവർ പരസ്പരം (നന്നായി) മടങ്ങുന്നതുവരെ.) [154]

പരസ്പരം പിണക്കത്തിലിരിക്കുന്ന രണ്ട് താർക്കികന്മാരിൽ ഒരാൾ പാപമോചനം തേടി അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങിയാൽ പിണങ്ങി നിൽക്കുന്ന തന്റെ സഹോദരനോട് ചെന്ന് സലാം പറയേണ്ടതുണ്ട്. സഹോദരൻ നന്നാവാനും സലാം മടക്കാനും വൈമനസ്യം കാണിച്ചാൽ നന്നായവൻ കുറ്റവിമുക്തനും പാപഭാരം വിമ്മിഷ്ടം കാണിച്ചവനുമായിരിക്കും. അബൂ അയ്യൂബിൽ അൻസാരിﷺയിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ ഇപ്രകാരം കാണാം:

((لاَ يَحِلُّ لِرَجُلٍ أَنْ يَهْجُرَ أَخَاهُ فَوْقَ ثَلاَثِ لَيَالٍ ، يَلْتَقِيَانِ فَيَعْرِضُ هَذَا وَيَعْرِضُ هَذَا، وَخَيْرُهُمَا الَّذِي يَبْدَأُ بِالسَّلاَمِ))

(ഒരാൾക്കും തന്റെ സഹോദരനെ മൂന്ന് രാവിൽ കൂടുതൽ പരസ്പരം കണ്ട് മുട്ടുമ്പോൾ തിരിഞ്ഞ് കളയുംവിധം പിണങ്ങി നിൽക്കാൻ പാടുള്ളതല്ല. അവരിൽ ഉത്തമൻ സലാം കൊണ്ട് തുടങ്ങുന്നവനാണ്.)[155]

നമസ്ക്കാരം ഉപേക്ഷിക്കുക, നീചവൃത്തികൾ നിത്യമാക്കുക തുടങ്ങിയ തെറ്റിപ്പിരിഞ്ഞ് നിൽക്കാൻ ഇസ്‌ലാമികമായ കാരണങ്ങളുണ്ടായാൽ കൂട്ടുകെട്ട് വേർപ്പെടുത്തു

---

[154] മുസ്‌ലിം 4: 1988

[155] ബുഖാരി

ന്നത് മൂലം അവൻ നന്നാവാൻ സാധ്യതയുണ്ടെങ്കിൽ അത്ത രുണത്തിൽ ബന്ധം വേർപ്പെടുത്തൽ അനിവാര്യമാണ്. എന്നാൽ ഏകാന്തത കുറ്റക്കാരനായ കൂട്ടുകാരനെ കൂടു തൽ കുറ്റം ചെയ്യാനും കുടിലചിന്തകനാക്കാനും അവനിൽ അഹന്തയും അറപ്പും വെറുപ്പും അധികരിപ്പിക്കാനുമാണ് ആക്കം കൂട്ടുന്നതെങ്കിൽ അത്തരക്കാരെ അകറ്റി നിർത്തൽ അഭിമതമല്ല. നന്മയെക്കാൾ തിന്മയാണതിനാലുണ്ടാവുക. അതിനാൽ അത്തരക്കാരെ അടുത്തുകൂട്ടി അകമഴിഞ്ഞ ഉപ ദേശങ്ങളും ഉത്ബോധനങ്ങളും നൽകുക.

[നബിﷺ, കഅ്ബ് ഇബ്നു മാലിക്ക്ﷺനേയും കൂട്ടു കാരേയും വെടിഞ്ഞുനിന്നു. കാരണം അതിലായിരുന്നു നന്മ. എന്നാൽ കപടവിശ്വാസികളേയും അവരുടെ നേതാ വായ അബ്ദുല്ലാഹ് ഇബ്നു ഉബയ്യിനേയും നബിﷺ അ കറ്റി നിർത്തിയില്ല. കാരണം അവരുടെ കാര്യത്തിൽ അതാ യിരുന്നു ഏറ്റവും നല്ലത്. (ഇബ്നു ബാസ്) ]

# സമാപനം

സമൂഹമദ്ധ്യത്തിൽ പടർന്നു പന്തലിച്ച പാടില്ലാത്ത കാര്യങ്ങളുടെ ഒരു നേരിയ ശേഖരം മാത്രമാണിത്. ഈ കൊച്ചു ശ്രമത്തിനു മുന്നിൽ ഇവിടെ തിരശ്ശീല വീഴ്ത്തു കയാണ്. അല്ലാഹുവിൻെറ തിരുനാമങ്ങളെ മുൻനിർത്തി അവനിലേക്ക് കൈകളുയർത്തുകയാണ്. ദൈവനിന്ദക്കും നമുക്കുമിടയിൽ മറയിടുന്ന ദിവ്യഭക്തിയും സ്വർഗ്ഗീയ ആരാമത്തിലേക്കടുപ്പിക്കുന്ന ദിവ്യാനുസരണവും അല്ലാഹു നമുക്ക് പ്രദാനം ചെയ്യട്ടെ, നമ്മുടെ പാപങ്ങളും കൃത്യവി ലോപവും അവൻ പൊറുത്ത് തരട്ടെ, അവൻ ഹലാലക്കി യതിലും ശ്രേഷ്ടത കൽപ്പിച്ചതിലും മാത്രം നമുക്ക് ധന്യത പകരുമാറാകട്ടെ, നമ്മുടെ തൗബ സ്വീകരിക്കുമാറാകട്ടെ, പാപങ്ങൾ കഴുകട്ടെ, അവനാകുന്നു സസൂക്ഷ്മം കേൾ ക്കുന്നവൻ; ഉത്തരം നൽകുന്നവനും. മുഹമ്മദ് നബിﷺ യിലും കുടുംബത്തിലും കൂട്ടുകാരിലും സ്വലാത്തും സലാ മും സദാ വർഷിക്കുമാറാകട്ടെ,

അല്ലാഹുവേ, സ്തുതികൾ സർവ്വതും നിനക്കുമാത്രം....